
# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ




**സെപ്റ്റംബർ 14 –**
**മാർ സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ**

Vol. LXXIII September 2023 No. 9



# അഭിനന്ദനങ്ങൾ

തമിഴ്നാട് ചിദംബരം അണ്ണാമലൈ
സർവകലാശാലയിൽനിന്ന് പൊളിറ്റിക്കൽ സയൻസിൽ
PhD നേടിയ

**വടക്കേത്തകിടിയിൽ**
**കുര്യാക്കോസ് അച്ചന്**

**പാലാ രൂപതയുടെ അഭിനന്ദനങ്ങൾ**





ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയുടെ ക്യാമ്പസിൽ പുതുതായി നിർമ്മിച്ച പ്രീസ്റ്റ് ഹോം
'കാസാ ദെൽ ക്ലേറോ'യുടെ വെഞ്ചരിപ്പും തുടർന്നുനടന്ന പൊതുസമ്മേളനവും



"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ


**SEPTEMBER 2023**
**Vol. LXXIII No. 9**

# CONTENTS

സിനഡനന്തര സർക്കുലർ .......... 679

സംയുക്തസർക്കുലർ .......... 685

സർക്കുലർ 319 .......... 690

മറുപടിപ്രസംഗം. .......... 692

വൈദികരുടെ ശ്രദ്ധയ്ക്ക് .......... 696

Transfer & Appointments .......... 698

Grand Eucharistic Mission List .......... 699

Collection List .......... 709

അറിയിപ്പുകൾ .......... 718

വാർത്തകൾ .......... 722

ആദരാഞ്ജലികൾ .......... 749

അഭിവന്ദ്യപിതാവിന്റെ ഡയറി .......... 753

Prot. No. 0894/2023

# സിനഡനന്തര സർക്കുലർ

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്
**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
അല്മായസഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ മുപ്പത്തിയൊന്നാമതു സിനഡിന്റെ മൂന്നാമതു സമ്മേളനം 2023 ഓഗസ്റ്റ് 21 മുതൽ 26 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലിക വിഷയങ്ങളെക്കുറിച്ചു പഠിക്കാനും പ്രതിസന്ധികൾക്കുള്ള പരിഹാരം പ്രാർത്ഥനാപൂർവ്വം അന്വേഷിക്കാനുമാണു സിനഡ് പിതാക്കന്മാർ ശ്രമിച്ചത്. സിനഡിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രാർത്ഥിച്ചതിനു ഹൃദയപൂർവ്വം നന്ദി പറയുന്നു.

**പൊന്തിഫിക്കൽ ഡെലഗേറ്റിന്റെ ദൗത്യനിർവ്വഹണം**

പതിറ്റാണ്ടുകളായി നമ്മുടെ സഭയിൽ ഏകീകൃതരീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണത്തിനായി നാം പരിശ്രമിക്കുകയായിരുന്നല്ലോ. സീറോമലബാർ സഭയിൽ എറണാകുളം-അങ്കമാലി അതിരൂപതയിലൊഴികെ മറ്റെല്ലാ രൂപതകളിലും ഏകീകൃതരീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം നടപ്പിലായി. ഈ വിഷയത്തിൽ അതിരൂപതയിൽ രൂപപ്പെട്ട പ്രതിസന്ധികൾ പരിഹരിക്കാൻ വിവിധ തലങ്ങളിൽ പരിശ്രമിച്ചെങ്കിലും വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. ഏകീകൃത വിശുദ്ധ കുർബാനയർപ്പണവുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിനുള്ള അവസാനമാർഗം എന്ന നിലയിലാണ് പരി

ശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പാ ആർച്ച്ബിഷപ് സിറിൽ വാസിലിനെ പൊന്തിഫിക്കൽ ഡെലഗേറ്റായി നിയമിച്ചത്. ഓഗസ്റ്റ് 4-ന് കേരളത്തിലെത്തിയ ആർച്ച്ബിഷപ് സിറിൽ വാസിൽ എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിവിധ വിഭാഗം ജനങ്ങളുമായി തന്റെ ദൗത്യത്തിന്റെ ഭാഗമായി ചർച്ചകൾ നടത്തി. എന്നാൽ, പൊന്തിഫിക്കൽ ഡെലഗേറ്റിനെതിരേ എറണാകുളം കത്തീഡ്രൽ ബസിലിക്കയിലുണ്ടായ പ്രതിഷേധം സഭയ്ക്ക് അഗാധമായ ദുഃഖമുണ്ടാക്കി. അദ്ദേഹത്തിനെതിരേ പ്രകോപനപരമായ മുദ്രാവാക്യങ്ങൾ വിളിക്കുകയും സംഘർഷസാഹചര്യം സൃഷ്ടിക്കുകയും ചെയ്തതു പൊതുസമൂഹത്തിലും സാർവത്രികസഭയിലും നമ്മുടെ സഭയ്ക്ക് അപമാനമുണ്ടാക്കി. ഓഗസ്റ്റ് 21, 22 തീയതികളിലായി രണ്ടുതവണ പൊന്തിഫിക്കൽ ഡെലഗേറ്റ് സീറോമലബാർ സിനഡിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. അച്ചടക്കവും കൂട്ടായ്മയുമില്ലാതെ സഭയ്ക്കു മുന്നോട്ടുപോകാനാവില്ലെന്നും അതിനായുള്ള കർശനനടപടികൾ ആരംഭിച്ചുവെന്നും അദ്ദേഹം അറിയിച്ചു. എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും പൊന്തിഫിക്കൽ ഡെലഗേറ്റുവഴി പരിശുദ്ധപിതാവിന്റെ തീരുമാനത്തിനു വിധേയമായിരിക്കും.

തന്റെ ദൗത്യത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കി ഓഗസ്റ്റ് 23-ാം തിയതി റോമിലെത്തിയ ആർച്ച്ബിഷപ് സിറിൽ വാസിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുമായി കൂടിക്കാഴ്ച നടത്തി. ഓഗസ്റ്റ് 4 മുതൽ 22 വരെയുള്ള ദിവസങ്ങളിൽ എറണാകുളം-അങ്കമാലി അതിരൂപതയിൽ താൻ നടത്തിയ സന്ദർശനത്തെക്കുറിച്ചും അതിരൂപതയിലെ ഇപ്പോഴത്തെ സ്ഥിതിഗതികളെക്കുറിച്ചും പരിശുദ്ധപിതാവിനെ അദ്ദേഹം അറിയിച്ചു. മാർപാപ്പായുടെയും പൗരസ്ത്യതിരുസംഘത്തിന്റെയും നിർദേശങ്ങളുടെ വെളിച്ചത്തിൽ ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനങ്ങളിൽ ഉറച്ചുനിൽക്കാൻ മാർപാപ്പാ ആവശ്യപ്പെട്ടതായി അദ്ദേഹം അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെ അറിയിച്ചു.

പൗരസ്ത്യസഭകളുടെ കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ക്ലൗദിയോ ഗുജറോത്തിക്കും അതിരൂപതയുടെ പ്രതിസന്ധിക ളെക്കുറിച്ച് വിശദമായ റിപ്പോർട്ട് ആർച്ച്ബിഷപ് വാസിൽ നൽ കിയിട്ടുണ്ട്. ഏകീകൃത വി. കുർബാനയർപ്പണരീതിയെക്കുറി ച്ചുള്ള സീറോമലബാർസിനഡിന്റെയും മാർപാപ്പായുടെയും തീരുമാനം പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള തന്റെ ദൗത്യം തുടരുമെന്നും പൊന്തിഫിക്കൽ ഡെലഗേറ്റ് അറിയിച്ചിട്ടുണ്ട്.

പൊന്തിഫിക്കൽ ഡെലഗേറ്റിന്റെ ദൗത്യം സുഗമമാക്കു ന്നതിന്റെ ഭാഗമായി എറണാകുളം-അങ്കമാലി അതിരൂപതാം ഗങ്ങളുമായി ചർച്ച തുടരുവാൻ സിനഡു തീരുമാനിച്ചു. സംഭാ ഷണം സുഗമമാക്കാൻ 9 മെത്രാന്മാരടങ്ങിയ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഈ സമിതി ചർച്ചകൾക്കു തുടക്കം കുറി ച്ചിട്ടുണ്ട്. ചർച്ചയിൽ ഉരുത്തിരിയുന്ന പരിഹാരമാർഗങ്ങൾ പൊ ന്തിഫിക്കൽ ഡെലഗേറ്റുവഴി പരിശുദ്ധപിതാവിനു സമർപ്പിക്കു കയും ശ്ലൈഹികസിംഹാസനം നൽകുന്ന നിർദേശങ്ങൾക്കനു സൃതമായി നടപ്പിലാക്കുകയും ചെയ്യുന്നതാണ്. വ്യക്തിപരമോ പ്രാദേശികമോ ആയ അഭിപ്രായവ്യത്യാസങ്ങൾ മറന്നു നമുക്ക് ഒരു മനസ്സോടെ മുന്നോട്ടു നീങ്ങാം. എല്ലാറ്റിനെയും ഒന്നിപ്പി ക്കുന്ന നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ബലിവേദി നമ്മുടെ കൂട്ടായ്മയുടെ ഉറവിടമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പ്രശ്നപരിഹാരത്തിനു വിഘാതമാകുന്ന പ്രസ്താവനകളിൽ നിന്നും പ്രവർത്തനങ്ങളിൽനിന്നും എല്ലാവരും വിട്ടുനിൽക്കണ മെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു. എറണാകുളം-അങ്ക മാലി അതിരൂപതയിൽ നിലനിൽക്കുന്ന പ്രതിസന്ധികളുടെ പരിഹാരം ഈ വർഷത്തെ എട്ടുനോമ്പാചരണത്തിലെ പ്രത്യേക നിയോഗമായി നമുക്കു സമർപ്പിക്കാം.

**മണിപ്പൂർ കലാപം**

മതേതരഭാരതത്തിന്റെ ഹൃദയത്തിലേറ്റ ആഴമേറിയ മുറിവാണു മണിപ്പൂർ കലാപം. സാമൂഹികസംവരണത്തെക്കു റിച്ചുള്ള കോടതിവിധിയോടുള്ള പ്രതിഷേധമായി പൊട്ടിപ്പുറ

പ്പെട്ട ഗോത്രകലാപമായാണു മണിപ്പൂരിലെ സംഘർഷങ്ങൾ ആരംഭിച്ചത്. ഈ സംഘർഷത്തിന്റെ മറവിൽ ഇരുഗോത്രങ്ങളിലെയും ആളുകൾ പീഡനങ്ങൾക്കു വിധേയരായിട്ടുണ്ട്. ഇവരിൽ നല്ലൊരുപങ്കും ക്രൈസ്തവരാണ്. കലാപത്തിൽ 170 ൽ പരം ആളുകൾക്കു ജീവഹാനി സംഭവിക്കുകയും ആയിരക്കണക്കിനു ഭവനങ്ങളും ആരാധനാലയങ്ങളും തകർക്കപ്പെടുകയും ചെയ്തു. പതിനായിരങ്ങൾ പ്രാണരക്ഷാർത്ഥം പലായനം ചെയ്യേണ്ടിവന്നു. അത്യാധുനിക ആയുധങ്ങളുമായി കലാപകാരികൾ കഴിഞ്ഞ മൂന്നരമാസമായി അഴിഞ്ഞാടുന്ന സാഹചര്യത്തിൽ ക്രമസമാധാനം തിരിച്ചുകൊണ്ടുവരാൻ സർക്കാർ ആത്മാർത്ഥമായി പരിശ്രമിക്കണം. പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭരണഘടനാപരമായ ഉത്തരവാദിത്വമാണ്. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർക്കെതിരേ പീഡനങ്ങൾ വർധിച്ചുവരുന്നത് തികച്ചും ആശങ്കാജനകമാണ്.

മണിപ്പൂർ കലാപത്തിനെതിരായ വികാരം രാജ്യമൊന്നാകെ ജാതിമതഭേദമന്യേ ഉയർന്നു എന്നത് മതേതരഭാരതത്തിൽ പ്രത്യാശ പകരുന്ന വസ്തുതയാണ്. മണിപ്പൂരിലെ നമ്മുടെ സഹോദരങ്ങളുടെ സങ്കടത്തിൽ അവരോടൊപ്പം നിൽക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. മണിപ്പൂരിൽ സമാധാനവും ശാന്തിയും സുഗമമാക്കാൻ നമുക്ക് ആത്മാർഥമായി പ്രാർത്ഥിക്കാം. മണിപ്പൂരിനെ പുനർനിർമിക്കാനുള്ള പരിശ്രമങ്ങളിൽ ഭാരതകത്തോലിക്കാസഭയുടെ സാമൂഹികസേവനവിഭാഗമായ കാരിത്താസ് ഇന്ത്യ ക്രിയാത്മകമായി ഇടപെടുന്നുണ്ട്. കാരിത്താസ് ഇന്ത്യയുടെ പ്രവർത്തനങ്ങൾക്ക് നമ്മുടെ സഭ എല്ലാവിധത്തിലുമുള്ള പിന്തുണയും നൽകുന്നുണ്ട്. മണിപ്പൂരിൽ ഭവനരഹിതരും അനാഥരുമായിത്തീർന്ന വിദ്യാർത്ഥികൾക്ക് സൗജന്യവിദ്യാഭ്യാസം നൽകാനുള്ള പരിശ്രമങ്ങൾ നമ്മുടെ വിവിധ രൂപതകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട് എന്നതും സ്വാഗതാർഹമാണ്. മണിപ്പൂരിനെ പുനർനിർ

മിക്കാനുള്ള പദ്ധതിയിൽ നാമെല്ലാവരും ആത്മാർത്ഥമായി സഹകാരികളാകണം.

**മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി**

സീറോമലബാർ സഭയുടെ അഞ്ചാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി 2024 ഓഗസ്റ്റ് 23 മുതൽ 25 വരെ യുള്ള തിയതികളിൽ പാലാ രൂപതയുടെ അജപാലനകേന്ദ്ര മായ അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടു ന്നതാണ്. 'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർ സഭയിൽ' എന്നതാണ് മേജർ ആർക്കിഎപ്പി സ്കോപ്പൽ അസംബ്ലിയുടെ പ്രമേയം. ഇടവക-രൂപതതലങ്ങ ളിലും സന്ന്യാസസമൂഹങ്ങളിലും ഈ വിഷയത്തെക്കുറിച്ചുള്ള മാർഗരേഖയുടെ അടിസ്ഥാനത്തിൽ സഭാംഗങ്ങളെല്ലാവരും ക്രിയാത്മകമായ ചർച്ചകൾ നടത്തണം. നിങ്ങളുടെ ചർച്ചക ളിൽ ഉരുത്തിരിയുന്ന ആശയങ്ങളെ ക്രോഡീകരിച്ചുകൊണ്ട് അസംബ്ലിക്കുള്ള പ്രവർത്തനരേഖ തയ്യാറാക്കുന്നതാണ്. സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ വിജ യകരമായ നടത്തിപ്പിനു നിങ്ങളുടെ സഹകരണവും പ്രാർത്ഥ നയും ആവശ്യമാണ്.

**വെബ്സൈറ്റിന്റെ ഉദ്ഘാടനം**

നമ്മുടെ സഭയുടെ പ്രവർത്തനങ്ങൾ പൊതുസമൂഹ ത്തിൽ കൂടുതൽ ദൃശ്യമാക്കുന്നതിന്റെ ഭാഗമായി സീറോമല ബാർ സഭയുടെ നവീകരിച്ച വെബ്സൈറ്റ് (www.syromalabarchurch.in) ഈ സിനഡിൽ ഉദ്ഘാടനം ചെയ്യ പ്പെട്ടു. സീറോമലബാർസഭയെക്കുറിച്ചും സഭയുടെ പ്രവർത്ത നങ്ങളെക്കുറിച്ചും ഇവിടെ ലഭ്യമാകുന്ന വിവരങ്ങൾ നിങ്ങൾ പ്രയോജനപ്പെടുത്തുമല്ലോ.

**ഗോരഖ്പൂർ രൂപതയ്ക്ക് പുതിയ ഇടയൻ**

സീറോമലബാർ സഭയുടെ ഗോരഖ്പൂർ രൂപതയുടെ പുതിയ ഇടയനായി ചെറുപുഷ്പ സന്ന്യാസസമൂഹാംഗമായ

ഫാ. മാത്യു നെല്ലിക്കുന്നേൽ CST യെ മാർപാപ്പാ നിയമിച്ചു. നിയുക്തമെത്രാനും ഗോരഖ്പൂർരൂപതയ്ക്കും എല്ലാ ഭാവുകങ്ങളും അഭിനന്ദനങ്ങളും പ്രാർത്ഥനാപൂർവ്വം നേരുന്നു. കഴിഞ്ഞ പതിനേഴു വർഷമായി ഗോരഖ്പൂർ രൂപതയെ വളർച്ചയുടെ പാതയിൽ കൃപയോടെ നയിച്ച അഭിവന്ദ്യ മാർ തോമസ് തുരുത്തിമറ്റം CST പിതാവിനോട് സീറോമലബാർസഭ ഏറെ കടപ്പെട്ടിരിക്കുന്നു. സഭയ്ക്കും സമൂഹത്തിനും പ്രത്യേകിച്ച് ഗോരഖ്പൂർ രൂപതയ്ക്കും പിതാവിന്റെ ശ്ലൈഹികശുശ്രൂഷ അനുഗ്രഹമായിരുന്നു.

നല്ലദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്ക് നമുക്കു നന്ദിപറയാം.ദൈവത്തിന്റെ അനുഗൃഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും പിതാവായ മാർത്തോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2023-ാം ആണ്ട് ഓഗസ്റ്റ് മാസം 26-ാം തീയതി നൽകപ്പെട്ടത്.

+ Geo Alencherry

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

---

NB: ഈ സർക്കുലർ 2023 ഓഗസ്റ്റ് 27 ഞായറാഴ്ചയോ സെപ്റ്റംബർ 3 ഞായറാഴ്ചയോ സീറോമലബാർ സഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധകുർബാനമധ്യേ വായിക്കേണ്ടതാണ്.

സംയുക്ത സർക്കുലർ

23 Ch. 290-311

# ബിസിനസ് സംരംഭകർക്ക് പരിശീലനം

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, യുവജനങ്ങളേ,

മനുഷ്യനെ സംബന്ധിച്ച് ദൈവഹിതം എന്താണെന്നും അതെങ്ങനെ നിറവേറ്റണമെന്നും ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം എന്തായിരിക്കണമെന്നും മനുഷ്യനുവേണ്ടി ദൈവം എന്തൊക്കെ ചെയ്തെന്നും ഏറ്റവും പൂർണമായും ശരിയായും നാം അറിയുന്നതു ദൈവത്തിന്റെതന്നെ വാക്കുകളിൽ നിന്നും പ്രവൃത്തികളിൽനിന്നുമാണ്. അവയാണ് വിശുദ്ധ ഗ്രന്ഥമായ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ജീവിതവിജയത്തിന് അതനുസരിച്ചു നാം പ്രവർത്തിക്കണം.

മനുഷ്യനെ സൃഷ്ടിച്ചപ്പോൾത്തന്നെ അവനു ലഭിച്ച ഒരു പ്രധാന ദൈവനിയോഗമാണ് അധ്വാനവും തൊഴിലും. ബൈബിളിന്റെ ആദ്യഭാഗത്തുതന്നെ ഇപ്രകാരം കാണുന്നു: "ഏദൻ തോട്ടം കൃഷിചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി" (ഉൽപ. 2:15). ജീവസന്ധാരണത്തിനുവേണ്ടി അത്യധ്വാനം ചെയ്യേണ്ടിവരുമെന്നും ദൈവം കല്പിച്ചു: "മണ്ണിൽനിന്ന് എടുക്കപ്പെട്ട നീ, മണ്ണിനോടു ചേരുന്നതുവരെ, നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷണം സമ്പാദിക്കും" (ഉൽപ. 3:19). അധ്വാനവും തൊഴിലും മനുഷ്യന്റെ കടമയും അവകാശവുമാണെന്നതാണല്ലോ ഇതു വ്യക്തമാക്കുന്നത്. അതിനുള്ള കഴിവും സാഹചര്യങ്ങളും ദൈവം മനുഷ്യനു നൽകിയിട്ടുണ്ട്. അവ ശരിയായി വിനിയോഗിക്കാനുള്ള പരിശീലനമാവശ്യമാണ്.

ഭൗതികജീവിതത്തിന്റെ വിവിധ മേഖലകളിലെ അധ്വാനത്തിലൂടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരികതലങ്ങളിൽ രാജ്യത്തെ പുരോഗതിയിലേക്കു നയിക്കാൻ ക്രൈസ്തവർക്കു കഴിഞ്ഞിട്ടുണ്ട്. കാർഷികമേഖലയിൽ സഭാമക്കൾ മുൻനിരയിലായിരുന്നു. വിദ്യാഭ്യാസപ്രവർത്തനങ്ങളിലൂടെ രാജ്യത്തിനുണ്ടായിരിക്കുന്ന അഭിവൃദ്ധി ഏവർക്കും ബോധ്യമുള്ള കാര്യമാണ്. ആതുരശുശ്രൂഷാരംഗത്തു സഭയുടെ സേവനം ആർക്കാണ് അവഗണിക്കാൻ കഴിയുന്നത്? ഇപ്രകാരം രാജ്യപുരോഗതിക്കും മനുഷ്യനന്മയ്ക്കുംവേണ്ടി എന്നും പ്രയത്നിച്ചിട്ടുള്ളവരാണ് ക്രൈസ്തവർ.

ഇന്നത്തെ മാറിയ സാഹചര്യങ്ങളിൽ പുതിയ മേഖലകളിലേക്കു സഭയുടെ ശ്രദ്ധതിരിക്കേണ്ടിയിരിക്കുന്നു. കാർഷികരംഗത്തെ തിരിച്ചടികളെ മറികടന്നു മുന്നോട്ടുപോകാൻ യുവതലമുറയ്ക്കു സാധിക്കാതെപോകുന്നു. തൊഴിലും സമാധാനപരവും സൗകര്യപ്രദവുമായ ജീവിതവും അന്വേഷിച്ച് നമ്മുടെ യുവതലമുറ അന്യദേശങ്ങളിലേക്കു ചേക്കേറുന്നു. കേരളത്തിൽ പ്രത്യേകിച്ച് അവരുടെ സാന്നിധ്യം കുറയുന്നതനുസരിച്ച് ഇവിടെ ക്രൈസ്തവസഭയുടെ ഭാവിയും നിലനില്പുംതന്നെ വെല്ലുവിളി നേരിടുകയാണ്.

ഇവയുടെ മുമ്പിൽ പകച്ചുനിൽക്കാതെ, കാലാനുസൃതമായ മാറ്റം ഉൾക്കൊണ്ട് നവീനസംരംഭങ്ങളിലേക്കു നമ്മുടെ യുവതലമുറയെ ആകർഷിക്കുകയും പ്രോത്സാഹിപ്പിച്ചുവളർത്തുകയും ചെയ്യേണ്ടതുണ്ട്. അതു സഭയുടെയും രാജ്യത്തിന്റെയും ആവശ്യമാണ്. മാത്രമല്ല 'നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കുക' എന്ന ദൈവകല്പനയുടെ നിറവേറ്റലുമാണ്. സത്യത്തിലും നീതിയിലും സ്നേഹത്തിലും നിർവഹിക്കുമ്പോൾ അതൊരു സുവിശേഷസാക്ഷ്യംതന്നെയാണ്.

ഈ ബോധ്യത്തോടെ രാജ്യത്തിന്റെ വളർച്ചയിൽ സ്വന്തം കർത്തവ്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ നമ്മുടെ ഓരോ

പൗരനും കഴിയണം. തങ്ങളുടെ കഴിവുകളാകുന്ന താലന്തുകൾ കുഴിച്ചുമൂടാതെ ഉപയോഗപ്പെടുത്താൻ യുവജനങ്ങൾ സജ്ജരാകണം. പ്രതിസന്ധികളെയും പ്രശ്നങ്ങളെയും പുതിയ സാധ്യതകൾ കണ്ടെത്താനുള്ള അവസരങ്ങളായിക്കണ്ട് ആധുനികസാങ്കേതികവിദ്യകളുടെ സഹായത്തോടെ പുതിയ സംരംഭങ്ങൾക്കു രൂപംകൊടുക്കാൻ പ്രതിഭാസമ്പന്നരായ യുവജനങ്ങൾ മുന്നോട്ടുവരണം. വലിയ കുടിയേറ്റം നടക്കുന്ന വിദേശമാർക്കറ്റുകളിലേക്കു നമ്മുടെ ഉൽപന്നങ്ങൾ എത്തിക്കാനും ജോലിസാദ്ധ്യതയുള്ള നൂതനപ്രസ്ഥാനങ്ങൾ സൃഷ്ടിക്കാനും നമുക്കു സാധിക്കും. ലോകമെങ്ങുമുള്ള നമ്മുടെ സഹോദരങ്ങൾ ഈ സംരംഭങ്ങൾക്കു പിന്തുണയും ശക്തിയും പകരും. പാഴായിപ്പോകുന്ന കാർഷികവിഭവങ്ങൾ മൂല്യവർദ്ധിതവസ്തുക്കളാക്കി വിറ്റഴിച്ച് കർഷകരെ സഹായിക്കാൻ കഴിയും.

ബൈബിൾവാക്യം ഉദ്ധരിച്ചുകൊണ്ട് നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി പറഞ്ഞു: “എല്ലാവരും നെറ്റിയിലെ വിയർപ്പുകൊണ്ടാണ് ജീവിക്കുന്നതെങ്കിൽ ഭൂമി ഒരു സ്വർഗമായി തീരും.” ‘അവകാശങ്ങളെക്കുറിച്ചു ചിന്തിക്കുന്നവരാരും ഉയർന്നുവന്നിട്ടില്ല, കർത്തവ്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നവർ മാത്രമാണ് ഉയർന്നുവന്നിട്ടുള്ളത്. കർത്തവ്യങ്ങളുടെ നിർവഹണത്തിൽ നിന്നാണ് അവകാശങ്ങൾ പിറവിയെടുക്കുന്നത്’ എന്നതും ഗാന്ധിജിയുടെ വാക്കുകളാണ്. അവകാശങ്ങളോടൊപ്പം കർത്തവ്യനിർവഹണത്തിനും പ്രാധാന്യം കൊടുക്കാൻ നമുക്കു കഴിയണം. രണ്ടാംവത്തിക്കാൻ കൗൺസിൽ ഉദ്ബോധിപ്പിക്കുന്നതുപോലെ, തൊഴിൽരംഗങ്ങളിലും പൊതുപ്രവർത്തനങ്ങളിലും മതാത്മകനന്മകളെ ഉൾചേർത്തു മികവോടെയും വിശ്വാസചൈതന്യത്തോടെയും കർമനിരതരാകാൻ പരിശ്രമിക്കണം.

സഭയുടെ ഈ വലിയ ദൗത്യത്തെക്കുറിച്ച് കൂട്ടായിച്ചിന്തിക്കാനും രാഷ്ട്രനിർമിതിയിൽ ക്രിയാത്മക പങ്കുവഹിക്കാനും യുവസംരംഭകർക്ക് ആധുനികസാങ്കേതികവിദ്യകളുടെ സഹായ

ത്തോടെ ബിസിനസ് സാദ്ധ്യതകളിൽ പരിശീലനം നൽകാൻ ആഗ്രഹിക്കുന്നു. അതിന്റെ പ്രാരംഭനടപടിയായി ഈ വരുന്ന ഒക്ടോബർ മാസം 22, 23, 24 തീയതികളിൽ കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനീയറിങ് കോളജിൽ 'നെസ്റ്റ് 23' എന്നപേരിൽ 200 യുവാക്കളെ പങ്കെടുപ്പിച്ച് ഒരു സംരംഭകപരിശീലന പരിപാടി നടത്തുകയാണ്. യുവജനങ്ങളുടെയും നമ്മുടെ സമുദായത്തിന്റെയും നല്ല ഭാവി ലക്ഷ്യംവച്ചുള്ള ഈ പദ്ധതിക്കു യുവജനങ്ങളുടെ സഹകരണമുണ്ടാകണമെന്നും സമർത്ഥരും ബിസിനസ്മേഖലയിൽ തത്പരരും സഭയോടു ചേർന്നുനില്ക്കുന്നവരുമായ യുവജനങ്ങളെ കണ്ടെത്തി ഇതിനായി പ്രോത്സാഹിപ്പിച്ചയയ്ക്കാൻ ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഒരിടവകയ്ക്ക് ഒരു സംരംഭം എന്നനിലയിൽ ക്രമേണ രൂപം കൊടുക്കുന്നതിനു യുവജനങ്ങളെ പ്രാപ്തരാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ലോകത്തിൽ സമാധാനവും അഭിവൃദ്ധിയും ഉണ്ടാകുന്നതിനായി ഐക്യരാഷ്ട്രസംഘടന (UNO) ഉയർത്തിക്കാട്ടുന്ന 17 സുസ്ഥിരവികസനലക്ഷ്യങ്ങളോടു ചേർന്നുപോകുന്ന പദ്ധതികളാണ് നമ്മളും ലക്ഷ്യം വയ്ക്കുന്നത്. No Poverty, Zero Hunger, Good Health & Well Being, Quality Education, Clean Water & Sanitation, Decent Work & Economic Growth തുടങ്ങിയവയാണ് UNO യുടെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ [Sustainable Development Goals (SDG)]. ത്രിദിന പരിശീലനപരിപാടിയുടെ ഭാഗമായി നമ്മുടെ സമുദായത്തിലെ സംരംഭകർക്ക് ഒത്തുചേരാനും അവസരമൊരുക്കുന്നതാണ്. കാലഘട്ടത്തിന്റെ ആവശ്യമായ ഈ പദ്ധതിയുടെ വിജയത്തിനായി എല്ലാവരും പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്നു സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ട്,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്താ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

**ബിഷപ് ജോസ് പുളിക്കൽ**
കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ

NB: കോൺടാക്റ്റ് പേഴ്സൺ: **എബി കാളന്തറ 9567616202**

വിശദവിവരങ്ങൾക്കു www.nazranimargam.com സന്ദർശിക്കുക.

കൈത്താക്കാലം അഞ്ചാം വെള്ളി

മാർ ശിമയോൻ ബർസാബയുടെയും സഹരക്തസാക്ഷികളുടെയും തിരുനാൾദിനത്തിൽ നൽകപ്പെട്ടത്.

25.08.2023

---

NB: ഈ സംയുക്തസർക്കുലർ 2023 സെപ്റ്റംബർ 03 ഞായറാഴ്ച എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

സർക്കുലർ 319

# GRAND EUCHARISTIC MISSION (GEM)- 2023

സ്നേഹബഹുമാനപ്പെട്ട അച്ചാ,

കേരളസഭാനവീകരണപ്രവർത്തനങ്ങൾ നമ്മുടെ രൂപതയിൽ കാര്യക്ഷമമായി നടന്നുകൊണ്ടിരിക്കുകയാണല്ലോ. ഈ ദിവ്യകാരുണ്യവർഷത്തിൽ അതുമായി ബന്ധപ്പെട്ട് ഒരു Grand Eucharistic Mission - നെപ്പറ്റി മുൻകൂട്ടി അറിയിച്ചിരുന്നല്ലോ. 35 വചനപ്രഘോഷണടീമുകളാണ് സെപ്റ്റംബർ 16 മുതൽ 24 വരെ നടത്തുന്ന ഈ ശുശ്രൂഷ നിർവഹിക്കുന്നത്. എല്ലാ ഇടവകകളും ദൈവജനത്തെ ഒരുക്കി ഈ ശുശ്രൂഷയിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം. ശുശ്രൂഷയുടെ സുഗമവും ഫലപ്രദവുമായ നടത്തിപ്പിന് പ്രഘോഷണടീമും അതത് ഇടവകയും കൂടിയാലോചിച്ച് തീയതിയുടെ കാര്യത്തിൽ അവശ്യമാറ്റങ്ങൾ വരുത്താവുന്നതാണ്. പെരി. ബഹു. ജനറാളച്ചന്മാരുടെ സജീവ മേൽനോട്ടം ആദ്യന്തം ഉണ്ടായിരിക്കും. ധ്യാനം നടക്കുന്ന ദിവസം ധ്യാനവിജയത്തിനുവേണ്ടി രാവിലെ മുതൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നത് ഉചിതമായിരിക്കും. അതുപോലെ വചനപ്രഘോഷണശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന റിസോഴ്സ് ടീമിനുള്ള പരിശീലനം പാലാ ബിഷപ്സ് ഹൗസിൽ വച്ച് സെപ്റ്റംബർ 9-ാം തീയതി 2 മുതൽ 4 വരെയുള്ള സമയത്തു നടത്തപ്പെടുന്നതാണ്. പൗരസ്ത്യ വിദ്യാപീഠത്തിന്റെ പ്രസിഡന്റായ ബഹു. ഡോ. പോളി മണിയാട്ടച്ചനാണ് ഈ പരിശീലനക്ലാസുകൾക്കു നേതൃത്വം നൽകുന്നത്.

റിസോഴ്സ് ടീമംഗങ്ങളെല്ലാം ഈ പരിശീലനക്ലാസിൽ പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. Grand Eucharistic Mission ശുശ്രൂഷകളുടെ കൃത്യമായ വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

| | | |
|---|---|---|
| 4.30 pm | : | വി. കുർബാന |
| 5.30 pm - 7.30 pm | : | 2 ദിവ്യകാരുണ്യപ്രഭാഷണങ്ങൾ |
| 7.30 – 8.00 pm | : | കർമ്മപദ്ധതി വിശദീകരണം<br>(സർക്കുലറിലേതുപോലെ) |
| 8.00 pm | : | ആരാധന<br>ദിവ്യകാരുണ്യപ്രദക്ഷിണം |
| 9.00 pm | : | സമാപനം |

മിശിഹായിൽ സ്നേഹപൂർവം

മെത്രാസനമന്ദിരം
പാലാ, 28-08-2023

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

NB: ഓരോ ഇടവകയിലും ശുശ്രൂഷയ്ക്കായി എത്തുന്ന റിസോഴ്സ് ടീമംഗങ്ങൾക്ക് T.A. നല്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കേണ്ടതാണ്.

# അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് മെത്രാഭിഷേകസുവർണ ജൂബിലിദിനത്തിൽ പറഞ്ഞ മറുപടിപ്രസംഗം

ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ.

സീറോമലബാർ സഭയുടെ തലവനും പിതാവുമായ അത്യുന്നത കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവേ, സീറോ മലങ്കരസഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് പിതാവേ, അഭിവന്ദ്യ മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം പിതാവേ, അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവേ, അഭിവന്ദ്യ പിതാക്കന്മാരേ, സ്നേഹമുള്ള ബഹു. വൈദികരേ, ആദരണീയരായ ജനപ്രതിനിധികളേ, വാത്സല്യമുള്ള സഹോദരീസഹോദരന്മാരേ,

പ്രസിദ്ധ അമേരിക്കൻ സാഹിത്യകാരനായ Mark Twain നിര്യാതനായി എന്ന വാർത്ത അദ്ദേഹത്തിന്റെ മരണത്തിന് കുറെ വർഷങ്ങൾക്കുമുമ്പ് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. യൂറോപ്പിൽ പര്യടനത്തിലായിരുന്ന Mark Twain അതുമായി ബന്ധപ്പെട്ട് മാധ്യമങ്ങൾക്ക് ഒരു സന്ദേശം ഉടനെതന്നെ അയച്ചു. "The Report of my death is exaggrated." അഭിവന്ദ്യപിതാക്കന്മാരുടെ പ്രസംഗങ്ങൾ കേട്ടപ്പോൾ ഇതുപോലൊരു അനുഭവമാണ് എനിക്കുണ്ടായത്. നല്ലവരും വിശുദ്ധരുമായ ആളുകൾക്ക് മറ്റുള്ളവരും തങ്ങളെപ്പോലെയാണെന്നു ചിന്തിക്കാനും അവരുടെ പ്രവർത്തനങ്ങളിലും ജീവിതത്തിലുമുള്ള നന്മ മറ്റുള്ളവരിൽ കണ്ടെത്താനും അവർ ആഗ്രഹിക്കുന്നു. പിതാക്കന്മാർ എന്നെപ്പറ്റി പറഞ്ഞ കാര്യങ്ങൾ അവരുടെ നന്മയെ പ്രതിഫലിപ്പിക്കുന്നു എന്നു കരുതിയാൽ

മതി. മെത്രാനെന്ന നിലയിൽ എന്നിൽ കാണപ്പെടേണ്ട കാര്യങ്ങളാണ് അവർ പ്രതിപാദിച്ചത്.

ജൂബിലി നന്ദിപ്രകടനത്തിന്റെ ഒരവസരമാണല്ലോ. ഏറ്റവും വലിയ നന്ദിപ്രകാശനമാണല്ലോ അല്പം മുമ്പ് നാം നടത്തിയ വി. കുർബാന. അതുപോലെതന്നെ ജൂബിലി ആത്മപരിശോധനയ്ക്കുള്ള ഒരവസരമാണ്. കഴിഞ്ഞ അമ്പതു വർഷങ്ങളിലായി ദൈവം എനിക്കു നൽകിയ നിരവധി അനുഗ്രഹങ്ങളെയും അവയെ എപ്രകാരം ഞാൻ സ്വീകരിച്ചു ഫലവത്താക്കി എന്നതിനെയുംപറ്റി ചിന്തിക്കുന്നതിനുള്ള ഒരവസരം. അമ്പത് അധ്യായങ്ങളുള്ള പുസ്തകത്തിന്റെ പേജുകൾ മറിക്കുമ്പോൾ ഓരോ പേജിന്റെയും ആരംഭത്തിൽ കാണുവാൻ സാധിക്കും 'നീ എന്നെ അനുഗമിക്കുക' എന്ന ശ്രദ്ധേയമായ വാക്കുകൾ.

ഈശോയുടെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ ഗലീലിക്കടൽത്തീരത്തുകൂടി കടന്നുപോകുമ്പോൾ വലവീശുന്ന പത്രോസിനെയും സഹോദരൻ അന്ത്രയോസിനെയും കണ്ടു. ഈശോ അവരോട് 'നിങ്ങൾ എന്നെ അനുഗമിക്കുക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം' എന്നു പറഞ്ഞു. കർത്താവിന്റെ ഉത്ഥാനത്തിനുശേഷം തിബേരിയോസ് കടൽത്തീരത്തുവച്ച് പത്രോസിന് തന്റെ ആടുകളെ സൂക്ഷ്മതയോടെ മേയ്ക്കുന്നതിനുള്ള അധികാരം നല്കുന്നതിനുമുമ്പ് പറയുകയുണ്ടായി, 'ചെറുപ്പമായിരുന്നപ്പോൾ നീ സ്വയം അരമുറുക്കുകയും ഇഷ്ടമുള്ളിടത്തേക്കു പോകുകയും ചെയ്തിരുന്നു. എന്നാൽ പ്രായമാകുമ്പോൾ നീ കൈകൾ നീട്ടുകയും മറ്റൊരുവൻ നിന്റെ അരമുറുക്കുകയും നീ ആഗ്രഹിക്കാത്തിടത്തേക്കു നിന്നെ കൊണ്ടുപോകുകയും ചെയ്യും. ഇത് അവൻ പറഞ്ഞത് ഏതു വിധത്തിലുള്ള മരണത്താൽ പത്രോസ് ദൈവത്തെ മഹത്ത്വപ്പെടുത്തും എന്നു സൂചിപ്പിക്കുവാനാണ്.' ഇതിനുശേഷം കർത്താവ് പത്രോസിനോടു പറഞ്ഞു 'നീ എന്നെ അനുഗമിക്കുക' എന്ന്.

ശിഷ്യത്വം ആത്യന്തികമായി രക്തസാക്ഷിത്വം ആവശ്യപ്പെടുന്ന ഒരു ജീവിതശൈലിയാണ്. അഭിവന്ദ്യ ഫുൾട്ടൻ ജെ. ഷീൻ രണ്ടുതരം രക്തസാക്ഷിത്വത്തെപ്പറ്റി പറയുന്നുണ്ട്: Red Martyrs - രക്തം ചിന്തി സാക്ഷ്യം വഹിക്കുന്നവർ; White Martyrs - രക്തം ചിന്താതെതന്നെ ശക്തമായ സാക്ഷ്യം നൽകുന്നവർ. ദൈവം തിരഞ്ഞെടുക്കുന്ന എല്ലാവരും വൈദികരായാലും അപ്പസ്തോലപിൻഗാമികളായാലും കർത്താവിനെ അടുത്തനുഗമിക്കാനും Red and White Martyrs ആകാനും വിളിക്കപ്പെട്ടവരാണ്. ഇന്നലെ നാം ഒരു രക്തസാക്ഷിയുടെ തിരുനാൾ ആചരിക്കുകയുണ്ടായല്ലോ. – മാക്സ്മില്ല്യൻ കോൾബെ. അദ്ദേഹം 1941 ൽ നാസി ക്യാമ്പിൽവച്ച് പീഡകൾ സഹിച്ചു മരിച്ചു.

ഫലസമൃദ്ധമായ ഒരു ഭൂമിയിൽ അജപാലനശുശ്രൂഷയ്ക്കാണ് ദൈവം എന്നെ നിയോഗിച്ചത്. ഇടവകകളിൽ അജപാലനപരമായ അനുഭവപരിചയം ഒട്ടുംതന്നെ ഇല്ലാതിരുന്ന ഞാൻ എന്റെ പരിമിതികളെ അധികാരികളെ അറിയിച്ചെങ്കിലും എന്റെ ഒഴിവുകഴിവുകൾ അവർ സ്വീകരിച്ചില്ല. പാലാ രൂപതയെ ഏറ്റവും പവിത്രവും സമർത്ഥവുമായ രീതിയിൽ 30 വർഷക്കാലം നയിച്ച അഭിവന്ദ്യ വയലിൽപിതാവ് ജോലിയിൽനിന്നു വിരമിക്കുന്നതിനുമുമ്പ് രൂപതയ്ക്കാവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്തിയിരുന്നു. ഒരപ്പന്റെ കരുതലോടെ പിതാവ് തന്റെ പിൻഗാമിക്ക് യാതൊരു തരത്തിലുള്ള പ്രയാസങ്ങളും ഉണ്ടാകരുത് എന്ന തീരുമാനത്തോടെ അവസാനമായി കത്തീഡ്രൽ ദേവാലയം നിർമ്മിക്കുകയും 1981 ജനുവരി 1–ാം തീയതി കൂദാശചെയ്യുകയും ചെയ്തു. ഫെബ്രുവരി 6–ാം തീയതി പിതാവ് വിശ്രമജീവിതത്തിൽ പ്രവേശിച്ചു. സ്നേഹനിധിയായ വയലിൽ പിതാവ് വിരമിച്ചശേഷം വിലപ്പെട്ട നിർദേശങ്ങളും ഉപദേശങ്ങളും നൽകി എന്നെ സഹായിച്ചുവെന്ന കാര്യവും നന്ദിയോടെ ഞാൻ സ്മരിക്കുന്നു.

“വഴികളിൽ നിന്നെ സംരക്ഷിക്കാൻ അവിടുന്നു തന്റെ മാലാഖാമരോടു കല്പിക്കും. നിന്റെ പാദം കല്ലിന്മേൽ തട്ടാതെ കരങ്ങളിൽ നിന്നെ അവർ വഹിച്ചുകൊള്ളും.” 91-ാം സങ്കീർത്ത നത്തിലെ ഈ പാദങ്ങൾ സപ്രാപ്രാർത്ഥനയിൽ എല്ലാദിവ സവും രാവിലെ പ്രാർത്ഥിക്കുമ്പോൾ എന്റെ വിശ്രമജീവിത ത്തിലെ അനുഭവങ്ങളെയാണ് ഞാൻ ഓർക്കുക. എന്റെ വിശ്ര മജീവിതം എല്ലാപ്രകാരത്തിലും സൗകര്യപ്രദമായിരിക്കാൻ അഭിവന്ദ്യ കല്ലറങ്ങാട്ടുപിതാവ് അതീവ ശ്രദ്ധാലുവാണ്. പിതാ വിന്റെ സ്നേഹവാത്സല്യങ്ങൾക്ക് എപ്രകാരമാണ് നന്ദിയറിയി ക്കേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ.

എന്റെ അജപാലനസംരംഭങ്ങളിൽ രൂപതയിലെ എല്ലാ വൈദികരുടെയും സഹായസഹകരണങ്ങൾ ഉണ്ടായിരുന്നു എന്നു പറയാൻ സന്തോഷമുണ്ട്. എന്തെങ്കിലും ഞാൻ രൂപത യിൽ ചെയ്തിട്ടുണ്ടെങ്കിൽ അതിന് എനിക്കു സാധിച്ചത് രൂപ തയിലെ വൈദികരുടെ പൂർണസഹായത്തോടും നിർദേശങ്ങ ളോടുംകൂടെയാണ്. അവരോട് എനിക്കുള്ള അകമഴിഞ്ഞ കൃത ജ്ഞത ഞാൻ അറിയിച്ചുകൊള്ളുന്നു.

നമ്മുടെ സഭയിലെയും ലത്തീൻസഭയിലെയും മലങ്കര സഭയിലെയും അഭിവന്ദ്യപിതാക്കന്മാർ സ്നേഹവാത്സല്യങ്ങ ളോടെയാണ് എന്നോടു പെരുമാറിയിരുന്നത്. അവരിൽ പലരും ഇന്ന് ഈ ചടങ്ങിൽ വന്നു സംബന്ധിക്കുന്നുണ്ട്. എന്നാൽ, ഏതാനും പിതാക്കന്മാർ വിവിധങ്ങളായ ആവശ്യങ്ങൾ കാരണം വരാൻ സാധിക്കാത്തതിനാൽ കഴിഞ്ഞദിവസങ്ങളിൽ ഇവിടെ വന്ന് അവരുടെ ആശംസകൾ അറിയിക്കുകയുണ്ടായി. എല്ലാ വർക്കും എന്റെ ഹൃദയംഗമമായ നന്ദി.

പാലാ

15.08.2023

# വൈദികരുടെ ശ്രദ്ധയ്ക്ക്

## വിശുദ്ധ കുർബാനയുടെ നിയോഗം

പ്രിയ ബഹുമാനപ്പെട്ട വൈദികരേ,

പരിശുദ്ധ കുർബാനയുടെ നിയോഗവുമായി ബന്ധപ്പെട്ട് ഏതാനും ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

1. രൂപതാ പടിസാധനത്തിൽ നൽകിയിരിക്കുന്ന തുകയാണ് നിയോഗമായി സ്വീകരിക്കേണ്ടത്. (Ref. പാലാ രൂപത തിരുക്കർമ്മങ്ങൾക്കുള്ള പടിസാധനം പേജ് 425).
2. നൂറിൽ കൂടുതൽ നിയോഗങ്ങൾ ബഹു. വൈദികർ കൈവശം വയ്ക്കാൻ പാടില്ല. കൂടുതൽ നിയോഗങ്ങൾ കൈവശമുള്ളവർ രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.
3. ബഹു. വൈദികർ കുർബാനനിയോഗങ്ങൾ കൈമാറാൻ പാടില്ല. നിയോഗങ്ങൾ ആവശ്യമുള്ളവർ രൂപതാകേന്ദ്രത്തിൽനിന്നുമാണ് സ്വീകരിക്കേണ്ടത്.
4. കുർബാനനിയോഗം പതിനായിരം (10,000) രൂപ വരെ പണമായി (cash) രൂപതാകേന്ദ്രത്തിൽ സ്വീകരിക്കുന്നതാണ്. പതിനായിരത്തിൽ കൂടുതൽ തുക നൽകേണ്ടി വരുമ്പോൾ Bank Cheque ആയി നൽകേണ്ടതാണ്.
5. കുർബാനധർമ്മം Bank transfer ആയി നൽകുന്നവർ അത് അയച്ചതിന്റെ വിവരങ്ങൾ രൂപതാചാൻസലറുടെ 8281290347 എന്ന നമ്പറിലേക്ക് Whatsapp വഴി അയയ്ക്കേണ്ടതാണ്.
6. വാർഷികധ്യാനത്തിന്റെ അവസരത്തിലാണല്ലോ കുർബാനയുടെ കണക്ക് ഓഡിറ്റ് ചെയ്യുന്നത്. കഴിഞ്ഞ വാർഷികധ്യാനത്തിൽ സംബന്ധിക്കാത്തവർ 2023 ജൂലൈമാസം വരെയുള്ള കണക്കുകൾ മറ്റൊരു വൈദികനെക്കൊണ്ട് ഓഡിറ്റ് ചെയ്യിപ്പിക്കേണ്ടതും രൂപതാധ്യക്ഷന്റെ നിയോഗത്തിൽ ചൊല്ലിയ Binated/ Trinated വി. കുർബാനകളുടെ എണ്ണവും A.D. C. P. ക്കുവേണ്ടി ചൊല്ലിയ കുർബാനകളുടെ

എണ്ണവും രൂപതാ ചാൻസിലറെ ഫോൺ വഴിയോ Whatsapp സന്ദേശം വഴിയോ അറിയിക്കുകയും ചെയ്യേണ്ടതാണ്. പൗരോഹിത്യം സ്വീകരിച്ചിട്ട് 15 വർഷം പൂർത്തിയാകാത്തവർ പ്രതിമാസം 3 കുർബാനകളും 15 വർഷം കഴിഞ്ഞവരും Active ministry- യിൽ ഉള്ളവരുമായ ബഹു. വൈദികർ പ്രതിമാസം 2 കുർബാനകളും A. D. C. P. അംഗങ്ങൾ എന്ന നിലയിൽ അർപ്പിക്കുവാൻ കടപ്പെട്ടവരാണ്.

മേല്പറഞ്ഞ നിർദേശങ്ങൾ കൃത്യമായി പാലിക്കാൻ എല്ലാ വൈദികരും ശ്രദ്ധിക്കേണ്ടതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

മെത്രാസനമന്ദിരം
പാലാ, 30-08-2023

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

## പ്രസ്ബിത്തേരിയം

പ്രിയ ബഹുമാനപ്പെട്ട അച്ചാ,

നമ്മുടെ അടുത്ത വൈദികസമ്മേളനം (പ്രസ്ബിത്തേരിയം) സെപ്റ്റംബർ 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00ന് പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് കൂടുകയാണ്. പ്രസ്ബിത്തേരിയത്തിൽ നിന്ന് ഒരു കാരണവശാലും ഒഴിവാകരുത് എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തട്ടെ. അന്നേദിവസം മറ്റെന്തെങ്കിലും പ്രോഗ്രാം ഉണ്ടെങ്കിൽ അത് മുൻകൂട്ടി ക്രമീകരിക്കുമല്ലോ.

മെത്രാസനമന്ദിരം
പാലാ, 30-08-2023

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

# കച്ചേരിക്കാര്യം

## Transfers & Appointments (August 2023)

| | Name | |
|---|---|---|
| 1 | Rev Fr. Augustine Perumattom | Director, Casa del Clero |
| 2 | Rev Fr. Thomas Pullatt | Sick Leave |
| 3 | Rev Fr. Johnson Pulleett | Vicar, Thudanganad |
| 4 | Rev Fr. Abraham Erimattathil | Spiritual Director, Alphonsa Shrine Church & Pilgrim Centre, Bharananganam |

## ഇടവകസഹായനിധി

### (NEEDY CHURCH FUND)

ഇടവകസഹായനിധിയിൽനിന്നും സഹായം ആഗ്രഹിക്കുന്ന ഇടവകകൾ 2023 സെപ്റ്റംബർ 23 നു മുമ്പായി Convenor, Needy Church Fund, Bishop's House, Palai - 686575 എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കുമല്ലോ.

അപേക്ഷകൾ പാലാ രൂപത നിയമാവലി 15.6.3, നമ്പർ 1021 ൽ (പേജ് 367, 368) പറയുന്നപ്രകാരമാണ് സമർപ്പിക്കേണ്ടത്.

കൺവീനർ

# GRAND EUCHARISTIC MISSION (GEM-2023)
## PREACHERS, PARISHES & DATES

| Sl.No | Team- 1 | 16/9/2023 | 18/09/2023 | 19/09-2023 | 21/09/2023 | 23/09/2023 |
|---|---|---|---|---|---|---|
| 1 | Fr. Alenchery Joseph | Arunoottimangalam | Perumthuruth | Retnagiri | Mallikassery | **LourdesMount** |
| 2 | Fr. Ennackapallil Mathew | | | | | |
| 3 | Thommachan Elapathinal | | | | | |
| 4 | Sr. Regit CMC | | | | | |
| 5 | Sr. Pavithra CMC | | | | | |
| | **Team- 2** | 19/09/2023 | | 21/09/2023 | 22/09/2023 | 23/09/2023 |
| 1 | Fr. Anithanam Kurian | Kanjiramattom | | Kizhaparayar | Thakidy | Edadu |
| 2 | Fr. Kumbulumkal Mathew | | | | | |
| 3 | Ravy Thomas | | | | | |
| 4 | Sr. Rani Jose CMC | | | | | |
| 5 | Sr. Celma CMC | | | | | |
| | **Team- 3** | 18/09/2023 | 19/09/2023 | 21/09/2023 | | 23/09/2023 |
| 1 | Fr. Chandrankunnel Mathew | Ramapuram | Kozhuvanal | Choondachery | | Maryland |
| 2 | Fr. Chennattu Mathew | | | | | |
| 3 | Babu Thommanamattom | | | | | |
| 4 | Sr. Jaice Theres CMC | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | **Team- 4** | 16/09/2023 | 18/09/2023 | 19/09/2023 | 20/09/2023 | 22/09/2023 |
| 1 | Fr. Kadhalikattil Mathew | Keezhoor | Neeramthanam | Chempilavu | Paingalam | Mangalagiri |
| 2 | Fr. Ammottukunnel Mathew | | | | | |
| 3 | Joy Thekkumcherikkunnel | | | | | |
| 4 | Sr. Tessy CMC | | | | | |
| | **Team- 5** | 16/09/2023 | 18/09/2023 | 19/09/2023 | 21/09/2023 | 23/09/2023 |
| 1 | Fr. Kaduppil Joseph | Kaduthuruthy | Poovakulam | Mangalaram | Chemmalamattom | Kulamavu |
| 2 | Fr. Naduthadam John | | | | | |
| 3 | Saji Chathemkunnel | | | | | |
| 4 | Sr. Anitha F.C.C | | | | | |
| | **Team- 6** | 16/09/2023 | 18/09/2023 | 19/09/2023 | 20/09/2023 | 21/09/2023 |
| 1 | Fr. KannamthanamJohn | Mannar | Chakkampuzha | Palayam | Thodanal | Piousmount |
| 2 | Fr. Mattamundayil John | | | | | |
| 3 | Johnson Thadathil | | | | | |
| 4 | Sr. Merrina | | | | | |
| | **Team- 7** | 16/09/2023 | 18/09/2023 | 20/09/2023 | 22/09/2023 | 23/09/2023 |
| 1 | Fr. Paravummel Joseph | Thuruthippally | Kondadu | Valavoor | Kunnonni | Thudanganad |
| 2 | Fr. Panachickal Karottu James | | | | | |
| 3 | Sunny Pallivathukkal | | | | | |
| 4 | Sr. Lincy F.C.C | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | **Team- 8** | 16/09/2023 | 19/09/2023 | 20/09/2023 | 21/09/2023 | 22/09/2023 |
| 1 | Fr. Karamvelil George | Muttuchira | Manjamattom | Mutholy | Chettuthodu | Malayinchippara |
| 2 | Fr. Thayyil Antony | | | | | |
| 3 | Sunny Vazhayil | | | | | |
| 4 | Sr. Merrin Kannanthanam FCC | | | | | |
| | **Team- 9** | 16/09/2023 | 18/09/2023 | 19/09/2023 | 20/09/2023 | 21/09/2023 |
| 1 | Fr. Karikulamalayil Joseph | Jaigiri | Karoor | Alphonsagiri | Pravithanam | Nellappara |
| 2 | Fr. Pullukalayil George | | | | | |
| 3 | Mathew Thonikkuzhy | | | | | |
| 4 | Sr. Geo Maria F.C.C | | | | | |
| | **Team- 10** | 16/09/2023 | 19/09/2023 | 20/09/2023 | 21/09/2023 | |
| 1 | Fr. Pazheparambil Sebastian | Poozhikkol | Karimbani | Kayyoor | Maniamkulam | |
| 2 | Fr. Polakkatt Kurian | | | | | |
| 3 | Tomy Attappattu | | | | | |
| 4 | Sr. Lissy Kallattu F.C.C | | | | | |
| | **Team- 11** | 16/09/2023 | 18/09/2023 | 19/09/2023 | 20/09/2023 | 23/09/2023 |
| 1 | Fr. Kuttiyankal Joseph | Malappuram | Anthiyalam | Koodalloor | Nariyanganam | Elappally |
| 2 | Fr. Thayyil Thomas | | | | | |
| 3 | Babu Thattamparampil | | | | | |
| 4 | Sr. Ann Grace F.C.C | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | **Team- 12** | 16/09/2023 | 19/09/2023 | 20/09/2023 | 21/09/2023 | 22/09/2023 |
| 1 | Fr. Kunnumpuram Berchmans | Kanjirathanam | Mattakkara | Palakkad | Aruvithura | velanilam |
| 2 | Fr. Thekkumcherikkunnel Sebastian | | | | | |
| 3 | Johnson Kandathil | | | | | |
| 4 | Sr. Stella Maria F.C.C | | | | | |
| | **Team- 13** | 16/09/2023 | 18/09/2023 | 19/09/2023 | 20/09/2023 | 23/09/2023 |
| 1 | Fr. Kuttianickal Sebastian | Fathimapuram | Anthinad | Marangattupally | Kaveekunnu | Cholathadam |
| 2 | Fr. Ouseparambil Michael | | | | | |
| 3 | Shiju Vellaplackal | | | | | |
| 4 | Sr. Clarelit F.C.C | | | | | |
| 5 | Sr. Lissa Jis F.C.C | | | | | |
| | **Team- 14** | 16/09/2023 | 18/09/2023 | 19/09/2023 | 22/09/2023 | 23/09/2023 |
| 1 | Fr. Parekunnel George | Valachira | Kurinji | Kalikavu | Kaipally | Arakkulam New |
| 2 | Fr. Maprakarottu Sebastian | | | | | |
| 3 | Outhachan Panachikkalkarottu | | | | | |
| 4 | Sr. Leena F.C.C | | | | | |
| | **Team- 15** | 16/09/2023 | 18/09/2023 | 19/09/2023 | 21/09/2023 | 23/09/2023 |
| 1 | Fr. Mannoor Thomas | Koothattukulam | Ezhacherry | Vakkadu | Chennadu | Moolamattom |
| 2 | Fr. Thazhathuvarickayil Joseph | | | | | |
| 3 | Sebastian Kunnathu | | | | | |
| 4 | Sr. Theres Koonthanam SABS | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | **Team- 16** | 16/09/2023 | 18/09/2023 | 19/09/2023 | 21/09/2023 | 22/09/2023 |
| 1 | Fr. Mattom Kurian | Kavumkandom | Mutholapuram | Mannackanad | varianikkad | Yendayar |
| 2 | Fr. Parambithadathil George | | | | | |
| 3 | Mathew M. Kuriakose | | | | | |
| 4 | Sr. Kochuthresia C.M.C | | | | | |
| | **Team- 17** | 16/09/2023 | 18/09/2023 | 20/09/2023 | 21/09/2023 | 22/09/2023 |
| 1 | Fr. Mekkattukunnel Andrews | Vadakara | Aimkombu | Cathedral | Idamaruku | Parathanam |
| 2 | Fr. Kappiliparampil Kuriakose | | | | | |
| 3 | Mathew Kalleplackal | | | | | |
| 4 | Sr. Brigit Madathicheril SABS | | | | | |
| | **Team- 18** | 16/09/2023 | 18/09/2023 | 19/09/2023 | 23/09/2023 | |
| 1 | Fr. Menacheril Thomas | Elanji | Manathoor | Monippally | Velliamattom | |
| 2 | Fr. Panthiruvelil Martin | | | | | |
| 3 | Benny Paliyil | | | | | |
| 4 | Sr. Ancy Varakil SABS | | | | | |
| | **Team- 19** | 16/09/2023 | 18/09/2023 | 19/09/2023 | 20/09/2023 | 22/09/2023 |
| 1 | Fr.Moongamackal Vincent | Piravom | Kadanadu | Kattampakku | Elamthottam | Kavaly |
| 2 | Fr. Koottarappallil John | | | | | |
| 3 | Binu Vazheparambil | | | | | |
| 4 | Sr. Annice Kunnel SABS | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | **Team- 20** | 16/09/2023 | 18/09/2023 | 19/09/2023 | 20/09/2023 | 22/09/2023 |
| 1 | Fr. Vettukallel George | Kakkoor | Chittar | Urulikunnam | Lalam Old | Poojar |
| 2 | Fr. Palackathadathil Abraham | | | | | |
| 3 | Mathukutty Chempakasseril | | | | | |
| 4 | Sr. Rosily Chenakudiyil SABS | | | | | |
| | **Team- 21** | 16/09/2023 | 19/09/2023 | 20/09/2023 | 21/09/2023 | 22/09/2023 |
| 1 | Fr. Pandiamackal Jose | Alphonsapuram | Moozhoor | Nelliyani | Moonilav | Vellikulam |
| 2 | Fr. Peedikayil Mathew | | | | | |
| 3 | K.V. John Kakkattil | | | | | |
| 4 | Sr. Lisset S.H | | | | | |
| | **Team- 22** | 18/09/2023 | 19/09/2023 | 20/09/2023 | 21/09/2023 | 22/09/2023 |
| 1 | Fr. Fr. Vechoor Dominic | Nambiakulam | Kadaplamattom | Mevada | Bharananganam | Adukkam |
| 2 | Fr. Narithookkil Nix | | | | | |
| 3 | Thankachan Thundiyil | | | | | |
| 4 | Sr. Elsa Tom S.H | | | | | |
| | **Team- 23** | 16/09/2023 | 19/09/2023 | 20/09/2023 | 22/09/2023 | 23/09/2023 |
| 1 | Fr. Njarakunnel George Varghese | Marangoly | Kuravilangad | Vezhanganam | Vagamon | Melukavumattom |
| 2 | Fr. Karottukizhakkel Thomas | | | | | |
| 3 | Autha Togy | | | | | |
| 4 | Sr. Jhothi S.H | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | **Team- 24** | 16/09/2023 | 18/09/2023 | 19/09/2023 | 20/09/2023 | 23/09/2023 |
| 1 | Fr. Kunnakkattu Cherian (Biju) | Thirumarady | Geovally | Kurichithanam | Mundankal | Sibigiri |
| 2 | Fr. Vattappalam Devasiachan | | | | | |
| 3 | Jolly Thonikkuzhy | | | | | |
| 4 | Sr. Maria S.H | | | | | |
| | **Team- 25** | 16/09/2023 | 18/09/2023 | 20/09/2023 | 21/09/2023 | 23/09/2023 |
| 1 | Fr. Pandaraparambil Jacob | Xavierpuram | Pizhaku | Moonnani | Plassanal | Chakkikavu |
| 2 | Fr. Chovelikudiyil James | | | | | |
| 3 | Jessy Panackachalil | | | | | |
| 4 | Sr. Amal Jyothy S.H | | | | | |
| | **Team- 26** | 16/09/2023 | 18/09/2023 | 20/09/2023 | 21/09/2023 | 23/09/2023 |
| 1 | Fr. Thakadiyel Abraham | Mulakulam | Kurumannu | Kudakkachira | Vilakkumadom | Kudayathoor |
| 2 | Fr. Mookkanthottathil Joseph | | | | | |
| 3 | Lincy Kurisummoottil | | | | | |
| 4 | Sr.Philomin CMC | | | | | |
| 5 | Sr. Sneha CMC | | | | | |
| | **Team- 27** | 18/09/2023 | 19/09/2023 | 21/09/2023 | 22/09/2023 | 23/09/2023 |
| 1 | Fr. Madathiparambil Thomas | Sleevapuram | Manalumkal | Paika | Payyanithottam | Arakulam Old |
| 2 | Fr. Pakkarambel John | | | | | |
| 3 | Sunu Saj Pullikkattil | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 4 | Sr. Jyothy Maria DST | | | | | |
| 5 | Sr. Sheena DST | | | | | |
| | **Team- 28** | 18/09/2023 | 20/09/2023 | 21/09/2023 | 22/09/2023 | 23/09/2023 |
| 1 | Fr. Kulamackal Abraham | Vedagiri | Lalam New | Amparanirappel | Maniamkunnu | Neeloor |
| 2 | Fr. Olayathil Thomas | | | | | |
| 3 | Chakochan Sauryamkuzhy | | | | | |
| 4 | Sr. Maria Vadakkedom | | | | | |
| 5 | Sr. Aleena DST | | | | | |
| | **Team- 29** | 16/09/2023 | 18/09/2023 | 19/09/2023 | 20/09/2023 | 22/09/2023 |
| 1 | Fr. Punnathanathukunnel Mathew | Santhipuram | Kothanalloor | Kuruvinal | Ullanad | Sanithigiri |
| 2 | Fr. Puthuparambil Thomas | | | | | |
| 3 | Bony Sebastian | | | | | |
| 4 | Sr. Joslin DST | | | | | |
| 5 | Sr. Christy DST | | | | | |
| | **Team- 30** | 16/09/2023 | 19/09/2023 | 21/09/2023 | 22/09/2023 | 23/09/2023 |
| 1 | Fr. Thomas Kizhakkel | Josegiri | Vayala | Poovathodu | Peringulam | Gagultha |
| 2 | Fr. Thadathil Kurian | | | | | |
| 3 | K.P. Joseph Kalappura | | | | | |
| 4 | Sr. Rose Theres DST | | | | | |
| 5 | Sr. Tresa DST | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | **Team- 31** | 16/09/2023 | 19/09/2023 | 20/09/2023 | 21/09/2023 | 22/09/2023 |
| 1 | Fr. Tharappel Joseph | Periappuram | Paduva | Kizhathadiyoor | Vakakkadu | Ayyampara |
| 2 | Fr. Varakukalaparambil George | | | | | |
| 3 | Jose Valiyamurathankal | | | | | |
| 4 | Sr. Saliny SMC | | | | | |
| | **Team- 32** | 18/09/2023 | 20/09/2023 | 21/09/2023 | 22/09/2023 | 23/09/2023 |
| 1 | Fr. Parekattu Emmanuel | Kalathoor | Arunapuram | Edapady | Adivaram | Illiyari (Jose Mount) |
| 2 | Fr. Vadakkethakidiyel Kuriakose | | | | | |
| 3 | Siby Vadakkekuttu | | | | | |
| 4 | Sr. Rejin Rose S.M.C | | | | | |
| | **Team- 33** | 18/09/2023 | 19/09/2023 | 20/09/2023 | 21/09/2023 | 22/09/2023 |
| 1 | Fr. Thonikuzhy Sebastian | Manvettom | Palakkattumala | Poovarany | Kalathookadavu | Koottickal |
| 2 | Fr. Kottarathil George | | | | | |
| 3 | Sabu Moonnuthotty | | | | | |
| 4 | Sr. Surabhila S.M.S | | | | | |
| | **Team- 34** | 18/09/2023 | 19/09/2023 | 21/09/2023 | 22/09/2023 | 23/09/2023 |
| 1 | Fr. Vadakkel Thomas | Mannarapara | Cherpumkal | Idamattom | Mavady | Kakkombu |
| 2 | Fr. Alappattukottayil Sebastian | | | | | |
| 3 | Siby Cheruvilpurayidom | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 4 | Sr. Rose Joe SMS | | | | | |
| | **Team- 35** | 18/09/2023 | 19/09/2023 | 20/09/2023 | 21/09/2023 | 22/09/2023 |
| 1 | Fr. Vellamaruthumkal Jacob | Eravimangalam | Udayagiri | Meenachil | Thidanad | Teekoy |
| 2 | Fr. NCP George | | | | | |
| 3 | Lalu Palamattom | | | | | |
| 4 | Sr. Ann Jose S.H | | | | | |

# COLLECTION LIST 2023

| Sl.No. | Parishes | Holy Land | Peters Pence | Manipur Relief Fund | Seminarians Aid Fund | Family Apostolate | AKCC |
|---|---|---|---|---|---|---|---|
| 1 | ADIVARAM | 2,000.00 | 400.00 | 1,000.00 | 4,555.00 | - | 950.00 |
| 2 | ADUKKAM | 3,500.00 | - | 10,432.00 | 4,000.00 | - | 1,000.00 |
| 3 | AIMCOMBU | 4,000.00 | 1,500.00 | 10,000.00 | 4,000.00 | 2,000.00 | 1,000.00 |
| 4 | ALPHONSAGIRI | 2,500.00 | - | 5,000.00 | 3,000.00 | - | 500.00 |
| 5 | ALPHONSAPURAM | 2,500.00 | 500.00 | 2,000.00 | 2,500.00 | 500.00 | 100.00 |
| 6 | AMPARANIRAPPEL | 11,700.00 | 2,850.00 | 13,015.00 | 6,140.00 | 3,000.00 | 2,950.00 |
| 7 | ANTHIALAM | 9,344.00 | | 75,000.00 | 20000.00 | | 1,000.00 |
| 8 | ANTHINADU | 3,572.00 | 1,700.00 | 25,000.00 | 10,000.00 | 1,200.00 | 1,000.00 |
| 9 | ARAKULAM NEW | 6,920.00 | 2,000.00 | 10,000.00 | 7,000.00 | 1,500.00 | 1,500.00 |
| 10 | ARAKULAM OLD | 4,450.00 | - | 6,200.00 | 4,560.00 | 1,200.00 | 1,100.00 |
| 11 | ARUNAPURAM | 10,648.00 | - | 36,000.00 | 15,650.00 | 2,000.00 | 2,000.00 |
| 12 | ARUNOOTTIMANGALAM | 1,000.00 | - | 20,966.00 | 13,200.00 | - | 1,000.00 |
| 13 | ARUVITHURA | 31,450.00 | 19,160.00 | 67,160.00 | 11,135.00 | 18,550.00 | 21,550.00 |
| 14 | AYYAMPARA | 6,506.00 | 2,432.00 | 10,000.00 | 5,221.00 | 1,775.00 | 850.00 |
| 15 | BHARANANGANAM FORANE | 20,466.00 | 10,000.00 | 10,000.00 | 20,120.00 | - | 3,000.00 |
| 16 | CHAKKAMPUZHA | 11,809.00 | 10,023.00 | 11,637.00 | 9,269.00 | 9,553.00 | 1,000.00 |
| 17 | CHEMMALAMATTAM | 22,923.00 | - | 52,000.00 | 23,810.00 | 2,900.00 | 2,500.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 18 | CHEMPILAVU | 1,200.00 | 300.00 | 2,500.00 | 3,000.00 | 300.00 | 300.00 |
| 19 | CHENNAD | 8,654.00 | 2,182.00 | 4,500.00 | 5,785.00 | 1,700.00 | - |
| 20 | CHERPUMKAL FORANE | 67,160.00 | 11,652.00 | 25,000.00 | 28,920.00 | - | 16,827.00 |
| 21 | CHETTUTHODU | 8,483.00 | 630.00 | 10,000.00 | 7,970.00 | 1,430.00 | 500.00 |
| 22 | CHITTAR | 5,200.00 | - | 25,000.00 | 4,000.00 | 1,500.00 | 1,000.00 |
| 23 | CHOLATHADAM | 1,020.00 | - | 5,000.00 | 950.00 | 250.00 | 250.00 |
| 24 | CHOONDACHERRY | 3,000.00 | 750.00 | 4,000.00 | 4,000.00 | - | 800.00 |
| 25 | EDADU | 600.00 | - | 2,000.00 | 1,000.00 | - | 300.00 |
| 26 | EDAMARUKU | 16,047.00 | 2,425.00 | 15,033.00 | 11,220.00 | - | 1,733.00 |
| 27 | EDAPPADY | 5,000.00 | - | 20,700.00 | 15,000.00 | - | 1,500.00 |
| 28 | ELAMTHOTTAM | 10,000.00 | 9,500.00 | 10,000.00 | 15,000.00 | 5,000.00 | 5,000.00 |
| 29 | ELANJI FORANE | 30,000.00 | - | 46,000.00 | 35,290.00 | - | 7,000.00 |
| 30 | ELAPPALLY | 600.00 | - | 1,910.00 | 1,750.00 | - | 750.00 |
| 31 | ERAVIMANGALAM | 1,500.00 | - | 2,500.00 | 1,600.00 | - | 500.00 |
| 32 | EZHACHERRY | 1,300.00 | - | 3,000.00 | 1,600.00 | 400.00 | 550.00 |
| 33 | FATHIMAPURAM | 10,000.00 | 1,000.00 | 21,250.00 | 7,000.00 | 1,000.00 | 600.00 |
| 34 | GAGULTHA | 5,000.00 | 700.00 | 5,000.00 | 1,000.00 | 600.00 | 500.00 |
| 35 | GEOVALLEY | 2,070.00 | 600.00 | 15,500.00 | 5,080.00 | 650.00 | 420.00 |
| 36 | IDAMATTAM | 3,500.00 | - | 10,000.00 | 3,500.00 | - | 3,000.00 |
| 37 | JAIGIRI | 5,000.00 | 1,500.00 | 5,000.00 | 6,507.00 | - | 1,000.00 |
| 38 | JOSE MOUNT | 1,300.00 | 700.00 | 1,500.00 | 1,500.00 | 800.00 | 900.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 39 | JOSEGIRI | 4,500.00 | 3,400.00 | 15,000.00 | 6,000.00 | - | 1,000.00 |
| 40 | KADANAD | 10,000.00 | 5,400.00 | 10,000.00 | 10,000.00 | 7,200.00 | 1,500.00 |
| 41 | KADAPLAMATTAM | 13,000.00 | 2,000.00 | 5,000.00 | 12,000.00 | 4,000.00 | 2,000.00 |
| 42 | KADUTHURUTHY | 38,500.00 | - | 20,000.00 | 28,000.00 | - | - |
| 43 | KAIPPALLY | 2,000.00 | 500.00 | 2,000.00 | 2,000.00 | 500.00 | 500.00 |
| 44 | KAKKOOR | 15,062.00 | - | 30,000.00 | 9,220.00 | - | 1,000.00 |
| 45 | KAKOMBU | 4,900.00 | - | 5,000.00 | 3,600.00 | 1,000.00 | 700.00 |
| 46 | KALATHOOKADAVU | 3,000.00 | - | 23,000.00 | 5,000.00 | - | 1,500.00 |
| 47 | KALATHOOR | 15,350.00 | - | 35,000.00 | 6,680.00 | - | 2,200.00 |
| 48 | KALIKAVU | 17,792.00 | 10,533.00 | 21,345.00 | 3,000.00 | 3,000.00 | 2,000.00 |
| 49 | KANJIRAMATTAM | 10,000.00 | 2,500.00 | 15,000.00 | 17,000.00 | 4,000.00 | 4,000.00 |
| 50 | KANJIRATHANAM | 8,500.00 | 3,500.00 | 25,375.00 | 15,000.00 | - | 2,000.00 |
| 51 | KARIMPANY | 1,000.00 | 1,000.00 | 3,000.00 | 1,000.00 | 1,000.00 | 1,000.00 |
| 52 | KAROOR | 9,500.00 | - | 10,040.00 | 5,050.00 | - | 2,000.00 |
| 53 | KATTAMPAK | 5,000.00 | 2,000.00 | 11,150.00 | 4,500.00 | 500.00 | 500.00 |
| 54 | KAVALY | 2,000.00 | 500.00 | 1,500.00 | 700.00 | 500.00 | 500.00 |
| 55 | KAVEEKUNNU | 2,000.00 | 1,000.00 | 5,000.00 | 2,000.00 | 1,000.00 | 750.00 |
| 56 | KAVUMKANDAM | 6,958.00 | 1,500.00 | 5,000.00 | 3,480.00 | - | 2,500.00 |
| 57 | KAYYOOR | 5,000.00 | 500.00 | 13,668.00 | 5,000.00 | 500.00 | 500.00 |
| 58 | KEEZHOOR | 10,000.00 | 1,000.00 | 20,000.00 | 7,000.00 | - | 1,000.00 |
| 59 | KIZHAPARAYAR | 8,349.00 | 1,610.00 | 16,800.00 | 4,565.00 | 1,500.00 | 1,035.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 60 | KIZHATHADIYOOR | 18,520.00 | 13,790.00 | 51,177.00 | 15,020.00 | 11,000.00 | 11,670.00 |
| 61 | KONDAD | 1,500.00 | 360.00 | 4,000.00 | 1,400.00 | - | 350.00 |
| 62 | KOODALLOOR | 28,000.00 | 5,000.00 | 25,100.00 | 35,000.00 | 5,000.00 | 5,000.00 |
| 63 | KOOTHATTUKULAM | 12,700.00 | 4,890.00 | 25,000.00 | 12,395.00 | 3,000.00 | 3,500.00 |
| 64 | KOOTTIKKAL | 8,000.00 | 3,500.00 | 10,000.00 | 19,000.00 | 1,800.00 | 1,800.00 |
| 65 | KOTHANALLOOR | 20,880.00 | 12,000.00 | 35,000.00 | 19,000.00 | - | 8,000.00 |
| 66 | KOZHUVANAL | 24,146.00 | - | 36,000.00 | 25,248.00 | 1,000.00 | 1,500.00 |
| 67 | KUDAKKACHIRA | - | - | 35,460.00 | 11,125.00 | - | 2,150.00 |
| 68 | KUDAYATHOOR | 4,000.00 | 1,500.00 | 10,000.00 | 3,000.00 | - | 1,200.00 |
| 69 | KULAMAVU | 5,160.00 | - | 3,200.00 | 4,850.00 | - | 650.00 |
| 70 | KUNNONNI | 8,000.00 | - | 17,500.00 | 6,000.00 | - | 3,000.00 |
| 71 | KURAVILANGAD | 88,920.00 | 41,000.00 | 134,770.00 | 90,000.00 | 10,500.00 | 11,000.00 |
| 72 | KURICHITHANAM | 14,390.00 | 9,130.00 | 100,040.00 | 6,000.00 | 6,030.00 | 3,000.00 |
| 73 | KURINJI | 5,500.00 | - | 6,000.00 | 2,000.00 | - | 300.00 |
| 74 | KURUMANNU | 13,230.00 | - | 23,000.00 | 5,030.00 | - | - |
| 75 | KURUVINAL | 5,000.00 | 1,000.00 | 5,000.00 | 4,000.00 | 1,000.00 | 1,000.00 |
| 76 | LALAM NEW PALAI | 15,337.00 | 14,454.00 | 16,239.00 | 14,065.00 | 12,241.00 | 13,725.00 |
| 77 | LALAM OLD PALAI | 12,500.00 | 11,000.00 | 180,402.00 | 15,200.00 | 12,300.00 | 10,100.00 |
| 78 | LOURDES MOUNT | 1,000.00 | - | 2,000.00 | 500.00 | 300.00 | 300.00 |
| 79 | MALAPPURAM | 12,521.00 | 2,000.00 | 12,515.00 | 7,912.00 | 2,000.00 | 1,500.00 |
| 80 | MALAYINCHIPPARA | 2,500.00 | 1,200.00 | 1,500.00 | 2,000.00 | 1,100.00 | 1,100.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 81 | MALLIKASSERY | 6,000.00 | 2,500.00 | 10,000.00 | 6,000.00 | 1,000.00 | 1,000.00 |
| 82 | MANALUMKAL | 12,000.00 | 3,000.00 | 15,000.00 | 8,500.00 | 1,000.00 | 1,000.00 |
| 83 | MANATHOOR | 11,490.00 | 4,000.00 | 25,000.00 | 7,670.00 | - | 1,000.00 |
| 84 | MANGALAGIRI | 2,000.00 | - | 3,000.00 | 1,000.00 | 500.00 | 500.00 |
| 85 | MANGALARAM | 9,000.00 | - | 3000.00 | 10,000.00 | 1,000.00 | 1,000.00 |
| 86 | MANIAMKULAM | 1,500.00 | - | 5,000.00 | 1,300.00 | - | 400.00 |
| 87 | MANIAMKUNNU | 1,550.00 | 1,800.00 | 3,200.00 | 1,300.00 | 1,200.00 | 650.00 |
| 88 | MANJAMATTAM | 3,700.00 | 1,245.00 | 1,850.00 | 3,740.00 | 1,050.00 | 1,290.00 |
| 89 | MANNACKANAD | 10,000.00 | 3,000.00 | 10,500.00 | 8,000.00 | - | 1,500.00 |
| 90 | MANNAR. | 16,420.00 | 2,000.00 | 36,506.00 | 6,236.00 | 2,000.00 | 2,000.00 |
| 91 | MANNARAPPARA | 8,300.00 | 10,000.00 | 15,000.00 | 11,000.00 | 5,000.00 | 6,200.00 |
| 92 | MANVETTAM | 26,503.00 | - | 10,000.00 | 13,146.00 | - | 2,000.00 |
| 93 | MARANGATTUPALLY | 29,354.00 | 4,500.00 | 51,500.00 | 37,410.00 | - | 3,350.00 |
| 94 | MARANGOLY | 5,317.00 | 5,108.00 | 10,825.00 | 10,820.00 | 5,029.00 | - |
| 95 | MARYLAND | 6,215.00 | - | 5,000.00 | 7,750.00 | 750.00 | 750.00 |
| 96 | MATTAKKARA | 7,016.00 | - | 8,138.00 | 7,020.00 | - | 400.00 |
| 97 | MAVADY | 3,973.00 | - | 8,000.00 | 7,870.00 | 600.00 | 600.00 |
| 98 | MEENACHIL | 6,200.00 | - | 11,346.00 | 4,080.00 | 3,380.00 | 2,000.00 |
| 99 | MELUKAVUMATTAM | 7,500.00 | - | 3,000.00 | 6,500.00 | 1,000.00 | 1,500.00 |
| 100 | MEVIDA | 2,000.00 | - | 10,000.00 | 1,500.00 | - | 500.00 |
| 101 | MONIPPALLY | 20,638.00 | - | 70,000.00 | 17,152.00 | - | 1,100.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 102 | MOOLAMATTAM | 9,880.00 | 7,500.00 | 10,430.00 | 14,750.00 | 2,500.00 | 5,120.00 |
| 103 | MOONNANI | 2,400.00 | - | 15,000.00 | 1,000.00 | - | 300.00 |
| 104 | MOONNILAVU | 20,632.00 | - | 20,700.00 | 8,951.00 | 1,000.00 | 1,000.00 |
| 105 | MOOZHOOR | 10,000.00 | 10,000.00 | 25,000.00 | 10,000.00 | - | - |
| 106 | MULAKULAM | 22,256.00 | - | 10,000.00 | 17,292.00 | - | 1,566.00 |
| 107 | MUNDANKAL | 17,000.00 | 6,000.00 | 62,300.00 | 25,000.00 | 5,000.00 | 7,000.00 |
| 108 | MUTHOLAPURAM | 12,725.00 | 10,000.00 | 25,000.00 | 10,000.00 | - | 4,000.00 |
| 109 | MUTHOLY | | - | 5,000.00 | - | - | - |
| 110 | MUTTUCHIRA FORANE | 30,000.00 | 11,581.00 | 55,802.00 | 50,000.00 | 3,000.00 | 4,275.00 |
| 111 | NAMBIAKULAM | 19,000.00 | 1,400.00 | 5,000.00 | 13,000.00 | 2,000.00 | 1,500.00 |
| 112 | NARIANGANAM | 10,000.00 | - | 17,000.00 | 14,250.00 | 500.00 | 500.00 |
| 113 | NEELOOR | 11,032.00 | 2,000.00 | 40,000.00 | 25,900.00 | 2,000.00 | 2,000.00 |
| 114 | NEERANTHANAM | 16,867.00 | 2,800.00 | 32,311.00 | 25,000.00 | 1,000.00 | 1,500.00 |
| 115 | NELLAPPARA | 3,140.00 | 500.00 | 2,500.00 | 3,140.00 | 443.00 | 366.00 |
| 116 | NELLIANI | 6,200.00 | 1,930.00 | 8,500.00 | 3,400.00 | 1,700.00 | 2,000.00 |
| 117 | PADUVA | 5,000.00 | - | 10,000.00 | 6,200.00 | 9,368.00 | 4,220.00 |
| 118 | PAIKA | 1,000.00 | - | 20,000.00 | 2,500.00 | 1,000.00 | 1,000.00 |
| 119 | PAINGULAM | 9,300.00 | 2,000.00 | 16,000.00 | 6,800.00 | 2,000.00 | - |
| 120 | PALAI CATHEDRAL | 34,000.00 | 24,000.00 | 50,000.00 | 101,000.00 | 30,000.00 | 24,675.00 |
| 121 | PALAKKAD | 7,050.00 | - | 3,000.00 | 6,900.00 | - | - |
| 122 | PALAKKATTUMALA | 5,200.00 | 1,300.00 | 8,000.00 | 4,800.00 | - | 1,000.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 123 | PALAYAM | 3,250.00 | 1,000.00 | 4,150.00 | 10,000.00 | 1,000.00 | 800.00 |
| 124 | PARATHANAM | 12,500.00 | - | 12,500.00 | 4,000.00 | 4,000.00 | 4,000.00 |
| 125 | PAYYANITHOTTAM | 2,000.00 | 1,000.00 | 10,500.00 | 2,500.00 | 500.00 | 500.00 |
| 126 | PERIAPPURAM | 13,800.00 | - | 13,500.00 | 4,780.00 | 300.00 | 300.00 |
| 127 | PERINGULAM | 7,000.00 | 3,000.00 | 15,000.00 | 10,000.00 | 3,000.00 | 3,000.00 |
| 128 | PERUMTHURUTH | 1,000.00 | 500.00 | 5,000.00 | 500.00 | 500.00 | 500.00 |
| 129 | PIRAVOM | 23,976.00 | - | 24,490.00 | 19,784.00 | 1,800.00 | 1,200.00 |
| 130 | PIOUSMOUNT | 7,070.00 | 1,300.00 | 14,890.00 | 12,000.00 | 1,150.00 | 900.00 |
| 131 | PIZHAKU(URUMPUKAVU) | 4,500.00 | 1,000.00 | 21,000.00 | 9,000.00 | 2,000.00 | 2,500.00 |
| 132 | PLASSANAL | 11,111.00 | 7,777.00 | 18,088.00 | 22,222.00 | - | - |
| 133 | POONJAR | 6,000.00 | - | 31,000.00 | 12,000.00 | 2,000.00 | 2,000.00 |
| 134 | POOVAKKULAM | 1,830.00 | 630.00 | 4,800.00 | 3,600.00 | 520.00 | 400.00 |
| 135 | POOVARANY | 14,660.00 | 1,800.00 | 20,200.00 | 19,100.00 | 1,000.00 | 1,000.00 |
| 136 | POOVATHODU | 5,285.00 | 850.00 | 2,000.00 | 9,775.00 | 900.00 | 1,000.00 |
| 137 | POOZHIKKOL | 5,000.00 | - | 14,050.00 | 5,000.00 | - | 250.00 |
| 138 | PRAVITHANAM | 15,000.00 | - | 20,000.00 | 12,000.00 | - | 6,400.00 |
| 139 | RAMAPURAM | 43,710.00 | 15,000.00 | 51,555.00 | 29,290.00 | - | 10,000.00 |
| 140 | RATNAGIRI | 17,500.00 | 8,920.00 | 26,000.00 | 25,000.00 | 12,000.00 | 8,970.00 |
| 141 | SANTHIGIRI. | 1,200.00 | - | 3,600.00 | 1,800.00 | 960.00 | 680.00 |
| 142 | SANTHIPURAM | 5,300.00 | 1,000.00 | 17,470.00 | 4,054.00 | 1,000.00 | 1,000.00 |
| 143 | SIBIGIRI | 15,000.00 | - | 25,000.00 | 12,000.00 | 3,000.00 | 1,000.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 144 | SLEEVAPURAM | 3,800.00 | 2,500.00 | 7,000.00 | 3,200.00 | 1,200.00 | 6,500.00 |
| 145 | TEEKOY | 19,810.00 | 9,000.00 | 25,891.00 | 20,000.00 | 6,825.00 | 8,175.00 |
| 146 | THAKADI | 1,200.00 | - | 500.00 | 600.00 | - | 250.00 |
| 147 | THIDANAD | 25,000.00 | 3,500.00 | 65,000.00 | 10,000.00 | 4,000.00 | 8,000.00 |
| 148 | THIRUMARADY | 2,030.00 | 2,200.00 | 2,000.00 | 3,010.00 | - | 1,200.00 |
| 149 | THODANAL | 4,266.00 | - | 4,881.00 | 3,720.00 | 2,481.00 | 2,875.00 |
| 150 | THUDANGANAD FORANE | 14,236.00 | - | 30,000.00 | 10,260.00 | 1,240.00 | 1,200.00 |
| 151 | THURUTHIPPALLY | 5,000.00 | 2,200.00 | 32,000.00 | 11,000.00 | - | 1,200.00 |
| 152 | UDAYAGIRI | 7,400.00 | 1,500.00 | 5,168.00 | 16,300.00 | 1,000.00 | 1,000.00 |
| 153 | ULLANAD | 15,000.00 | 1,500.00 | 20,000.00 | 15,000.00 | - | 2,000.00 |
| 154 | URULIKUNNAM | 4,000.00 | - | 8,750.00 | 5,000.00 | - | 1,000.00 |
| 155 | VADAKARA | 12,240.00 | - | 10,000.00 | 12,142.00 | 1,000.00 | 1,500.00 |
| 156 | VAGAMON | 1,000.00 | 620.00 | 7,000.00 | 1,540.00 | 600.00 | 760.00 |
| 157 | VAKAKKAD | 2,700.00 | 3,000.00 | 9,500.00 | 1,800.00 | 400.00 | 1,500.00 |
| 158 | VAKKAD | 750.00 | 600.00 | 3,500.00 | 1,500.00 | 400.00 | 500.00 |
| 159 | VALACHIRA | 5,200.00 | 3,190.00 | 4,750.00 | 2,900.00 | - | 500.00 |
| 160 | VALAVOOR | 12,510.00 | - | 11,600.00 | 15,100.00 | - | 500.00 |
| 161 | VARIANIKKAD | 880.00 | - | 3,000.00 | 620.00 | 600.00 | 500.00 |
| 162 | VAYALA | 11,700.00 | - | 15,600.00 | 12,500.00 | - | 2,600.00 |
| 163 | VEDAGIRI | 5,000.00 | 1,300.00 | 10,000.00 | 5,000.00 | 1,000.00 | 1,000.00 |
| 164 | VELANILAM | - | - | 8,000.00 | - | - | - |

| | | | | | | | |
|---|---|---|---|---|---|---|---|
| 165 | VELLIAMATTAM | 1,800.00 | - | 5,000.00 | 1,800.00 | 700.00 | 700.00 |
| 166 | VELLIKULAM | 3,700.00 | 600.00 | 4,000.00 | 3,400.00 | 850.00 | 800.00 |
| 167 | VEZHAGANAM | 2,450.00 | 350.00 | 850.00 | 3,462.00 | 250.00 | 350.00 |
| 168 | VILAKUMADAM | 8,200.00 | 5,000.00 | 20,000.00 | 6,590.00 | 4,000.00 | 3,310.00 |
| 169 | VIMALAGIRI | 450.00 | 400.00 | 2,200.00 | 400.00 | - | 400.00 |
| 170 | XAVIERPURAM | 3,050.00 | 515.00 | 10,553.00 | 7,500.00 | - | 510.00 |
| 171 | YENTHAYAR | 15,800.00 | - | 15,000.00 | 10,300.00 | - | 1,500.00 |
| | **INSTITUTIONS** | | | | | | |
| 172 | KALLORKULAM CHAPEL | 3,330.00 | - | 8,850.00 | 1,280.00 | 520.00 | - |
| 173 | VALAKATTU KUNNU CHAPEL | 1,915.00 | - | 1,500.00 | 775.00 | 1,000.00 | - |
| 174 | ST ALPHONSA HOSTEL CHERPUNKAL | - | - | 10,000.00 | | | - |
| 175 | FR.JAMES THOTTAPPALLY | - | - | 50,000.00 | | | - |

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish & Congregation |
|---|---|---|---|
| 1 | ഏലിയാമ്മ, തുരുത്തിപ്പള്ളി | 25,000.00 | |
| 2 | ടോമി, ഏന്തയാർ | 15,000.00 | |
| 3 | തോമസ് ചാക്കോ, കവീക്കുന്ന് | 15,000.00 | |
| 4 | റോയി തോമസ്, ഇടമറ്റം | 15,000.00 | |
| 5 | പൈലി, നീലൂർ | 25,000.00 | |
| 6 | പ്രിൻസ്, പൂഞ്ഞാർ | 15,000.00 | |
| 7 | ഏലിയാമ്മ, കുറവിലങ്ങാട് | 50,000.00 | |
| 8 | ബാബു, ഉള്ളനാട് | 25,000.00 | |
| 9 | ലിസി നോയ്, c/o CMC, കടപ്ലാമറ്റം | | 15,000.00 |
| 10 | വിജയൻ c/o CMC, മുട്ടുചിറ | | 30,000.00 |
| 11 | മജീന സെബാസ്റ്റ്യൻ c/o CMC, കരൂർ | | 20,000.00 |
| 12 | ശ്രീലേഖ വിജയകുമാർ c/o CMC, | | 25,000.00 |
| 13 | തെരേസ അഗസ്റ്റ്യൻ c/o CMC, രാമപുരം | | 10,000.00 |
| 14 | അമ്മിണി c/o CMC, മീനച്ചിൽ | | 27,860.00 |
| 15 | മേരി, മീനച്ചിൽ | | 80,000.00 |
| 16 | സരസ്വതി, മീനച്ചിൽ | | 846,800.00 |
| 17 | ബിന്ദു, മീനച്ചിൽ | | 550,000.00 |
| 18 | ദീപ, മീനച്ചിൽ | | 900,000.00 |
| 19 | റോസമ്മ, കുറുമണ്ണ് | | 66,060.00 |
| 20 | വർഗീസ്, കുറുമണ്ണ് | | 38,381.00 |
| 21 | അമ്മിണി, കുറുമണ്ണ് | | 36,043.00 |
| 22 | സ്കറിയ, കുറുമണ്ണ് | | 34,438.00 |
| 23 | ജോസ്, കുറുമണ്ണ് | | 26,310.00 |
| 24 | ലിസി, ഏഴാച്ചേരി | | 300,000.00 |
| 25 | ലസിൻ, നീറന്താനം | | 1,200,000.00 |
| | **Total** | 185,000.00 | 4,205,892.00 |

## സ്ഥലം നൽകിയത്

| | | |
|---|---|---|
| 1 | ജോണി സെബാസ്റ്റ്യൻ നാടുകാണിമലയിൽ – കുടക്കച്ചിറ | 15 Cent |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**മോൺ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ എല്ലാ ചൊവ്വാഴ്ചകളിലും സ്റ്റാഫ് നഴ്സിനായി വാക്ക് - ഇൻ - ഇന്റർവ്യൂ**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ സ്റ്റാഫ് നഴ്സിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക്-ഇൻ- ഇന്റർവ്യൂ നടത്തിവരുന്നു. ജി.എൻ. എം. നഴ്സിംഗ് ഡിഗ്രിയും ഒപ്പം കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനുള്ളവർക്കു പങ്കെടുക്കാം. താൽപര്യമുള്ളവർ ബയോ ഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്മെന്റിൽ ചൊവ്വാഴ്ചകളിൽ രാവിലെ 9 മണിക്ക് നേരിട്ടു ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**പാലാ രൂപതയുടെ മൂന്നാമത്തെ വൈദികമന്ദിരം മാർ സ്ലീവാ മെഡിസിറ്റിയിൽ ഉദ്ഘാടനം ചെയ്തു.**

പാലാ രൂപത ബിഷപ് എമിരിറ്റസ് മാർ ജോസഫ് പള്ളിക്കാ പറമ്പിലിന്റെ മെത്രാഭിഷേക സുവർണജൂബിലിസ്മാരകമായി നിർമിച്ച വൈദികമന്ദിരത്തിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും നടത്തി. മാർ സ്ലീവാ മെഡിസിറ്റിയോടനുബന്ധിച്ചാണ് കാസ ദെൽ ക്ലെയറോ എന്ന പേരിൽ വൈദികമന്ദിരം നിർമിച്ചത്. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് വെഞ്ചരിപ്പിന് മുഖ്യകാർമികത്വം വഹിച്ചു. ബിഷപ് എമിരിറ്റസ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ഷംഷാബാദ് ഓക്സിലറി ബിഷപ് ജോസഫ് കൊല്ലംപറമ്പിൽ എന്നിവർ പങ്കെടുത്തു. ഉദ്ഘാടനസമ്മേളനത്തിൽ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. മാർ സ്ലീവാ മെഡിസിറ്റി മാനേജിങ് ഡയറക്ടർ മോൺ ഡോ.ജോസഫ് കണിയോടിക്കൽ, കാസാ ദെൽ ക്ലെയറോ ഡയറക്ടർ റവ.ഫാ. അഗസ്റ്റിൻ പെരുമറ്റത്തിൽ, മാണി സി. കാപ്പൻ എം.എൽ.എ., മോൻസ് ജോസഫ് എം.എൽ.എ, മാർ സ്ലീവാ മെഡിസിറ്റി ഹോസ്പിറ്റൽ ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ.ഫാ. ജോസ് കീരഞ്ചിറ എന്നിവർ പ്രസംഗിച്ചു. രോഗി കളും വിശ്രമജീവിതം നയിക്കുന്നവരുമായ വൈദികർക്കായാണ് പുതിയ മന്ദിരം നിർമിച്ചത്. വിശ്രമജീവിതം നയിക്കുന്നവർക്കായി പാലാ രൂപത നിർമ്മിച്ച മൂന്നാമത്തെ മന്ദിരമാണിത്.

**സൗജന്യ മെഡിക്കൽ പരിശോധനാ ക്യാമ്പ്**

മാർ സ്ലീവാ മെഡിസിറ്റിയും എലിക്കുളം കത്തോലിക്കാ കോൺഗ്രസ് യൂണിറ്റും ചേർന്ന് എലിക്കുളം ഉണ്ണിമിശിഹാപ്പള്ളി പാരിഷ് ഹാളിൽ സൗജന്യ വൈദ്യപരിശോധനാക്യാമ്പ് നടത്തി. മെഡിസിറ്റിയിലെ വിദഗ്ധഡോക്ടർമാർ നേതൃത്വം നൽകി.

**കാൻസർ ബോധവൽക്കരണക്ലാസ്**

മാർ സ്ലീവാ മെഡിസിറ്റിയും പുതുപ്പള്ളി റോട്ടറി ക്ലബും ചേർന്നു കാൻസർ ബോധവൽക്കരണപരിപാടി നടത്തി. റോട്ടറി ഡിസ്ട്രിക്ട് ഡപ്യൂട്ടി ഗവർണർ അനു കുര്യൻ ഉദ്ഘാടനം ചെയ്തു. മെഡിസിറ്റിയിലെ സർജിക്കൽ ഓങ്കോളജി കൺസൽട്ടന്റ് ഡോ. ജോഫിൻ കെ. ജോണി ബോധവൽക്കരണക്ലാസ് നയിച്ചു.

**പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ സമ്പൂർണ്ണ മാതൃശിശു പരിചരണപദ്ധതി ആരംഭിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയിൽ സമ്പൂർണ്ണ മാതൃശിശുപരിചരണ പദ്ധതിയായ ബഡ്സിന്റെ ഉദ്ഘാടനം ചലച്ചിത്രതാരം മിയ ജോർജ് നിർവഹിച്ചു. ഹോസ്പിറ്റൽ ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ. ഫാ. ജോസ് കീരഞ്ചിറ അധ്യക്ഷത വഹിച്ചു. ഗർഭധാരണസമയം മുതൽ കുഞ്ഞിന് 5 വയസ് ആകുന്നതുവരെ അമ്മയെയും നവജാതശിശുവിനെയും പരിപോഷിപ്പിക്കാനും സംരക്ഷിക്കാനും ലക്ഷ്യമിടുന്ന പദ്ധതിയാണ് ബഡ്സ്. ആശുപത്രി ഡയറക്ടർ റവ. ഡോ. ഇമ്മാനുവൽ പാറേക്കാട്ട്, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, ഗൈനക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. സബിത അഗസ്റ്റിൻ, നിയനറ്റോളജി വിഭാഗം കൺസൽട്ടന്റ് ഡോ. അനിൽ നാരായണൻ എന്നിവർ പങ്കെടുത്തു.

**ജീവിതശൈലി ബോധന സെമിനാർ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കാൻസർ പ്രതിരോധയജ്ഞപരിപാടിയുടെ ഭാഗമായി പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ സഹകരണത്തിൽ ജീവിതശൈലിബോധന സെമിനാർ പറത്താനം വ്യാകുലമാതാ സൺഡേസ്കൂൾ ഹാളിൽ നടത്തി. പിഎസ്ഡബ്ല്യുഎസ് ഡയറക്ടർ റവ.ഫാ. തോമസ്

കിഴക്കേൽ ഉദ്ഘാടനം ചെയ്തു. സ്വാശ്രയസംഘം ഡയറക്ടർ റവ. ഫാ. ജോസഫ് അറയ്ക്കൽ അധ്യക്ഷത വഹിച്ചു. മാർ സ്ലീവാ മെഡിസിറ്റിയിലെ ഓങ്കോളജിസ്റ്റ് ഡോ. ജോഫിൻ കെ.ജോണി ക്ലാസ് നയിച്ചു.

**മോൺ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ ജോർജ് വലിയമറ്റം (തലശ്ശേരി അതിരൂപത മുൻ മെത്രാപ്പോലീത്താ)
മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാരൂപത മെത്രാൻ)
മാർ ജോയി ആലപ്പാട്ട് (ചിക്കാഗോ രൂപത മെത്രാൻ)
മാർ ജെയിംസ് അത്തിക്കളം (സാഗർ രൂപത മെത്രാൻ )
Rt. Rev. Dr. ജോസഫ് കരിയിൽ (കൊച്ചി രൂപത ബിഷപ്പ്)
മാർ സെബാസ്റ്റ്യൻ വടക്കേൽ (ഉജ്ജയിൻ രൂപത മെത്രാൻ)
മാർ ജോസഫ് കൊല്ലംപറമ്പിൽ (ഷംഷാബാദ് രൂപത സഹായമെത്രാൻ)
ശ്രീ സുമൻ ബില്ല ( ഇൻഡസ്ട്രീസ് & നോർക്കാ പ്രിൻസിപ്പൽ സെക്രട്ടറി)

11/08/23 വെള്ളിയാഴ്ച വൈകിട്ട് 5.00 ന് ഗ്രേറ്റ് ബ്രിട്ടൺ രൂപത മെത്രാന്മാർ ജോസഫ് സ്രാമ്പിക്കൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി.

12/08/2023 ശനിയാഴ്ച 11.30 ന് ചിക്കാഗോ രൂപത മുൻ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്ത് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി.

17/08/ 2023 വ്യാഴാഴ്ച 11.30 ന് സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് മാർ ജോർജ് ആലഞ്ചേരി പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി.

**ബഹു. വൈദികരുടെ സ്ഥലംമാറ്റം**

തീർത്ഥാടനകേന്ദ്രത്തിൽ ഒന്നരവർഷക്കാലം അഡ്മിനിസ്ട്രേറ്ററായി സേവനം ചെയ്ത ഫാ. ജോൺസൺ പുള്ളീറ്റ് തുടങ്ങനാട് സെന്റ് തോമസ് ഫൊറോനാ പ്പള്ളി വികാരിയായി സ്ഥലം മാറി. അച്ചന്റെ എല്ലാ സേവനങ്ങൾക്കും നന്ദി അർപ്പിച്ചുകൊള്ളുന്നു.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയ ശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള സഹോദരങ്ങൾക്കു വേണ്ടി 2023 ഓഗസ്റ്റ് 6 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് പരി. കുമ്പസാരവും വിശുദ്ധ കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ എസ്.വി.ഡി. നേതൃത്വം വഹിച്ചു.

**രാത്രി ആരാധന**

വി. അൽഫോൻസാമ്മയുടെ 113 -ാം ജന്മദിനത്തോടനുബന്ധിച്ച് എഫ്.സി.സി ഭരണങ്ങാനം പ്രൊവിൻസിന്റെ നേതൃത്വത്തിൽ രാത്രി ആരാധന നടത്തപ്പെട്ടു. 2023 ഓഗസ്റ്റ് 26 ശനിയാഴ്ച പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യ ത്തിൽ ഫാ. ജെയ്സൻ കാഞ്ഞിരംപാറയിൽ നയിച്ച രാത്രി ആരാധന വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ നടത്തപ്പെട്ടു.

**ജപമാല പ്രദക്ഷിണം**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം അഞ്ചു മണിക്കുള്ള വിശുദ്ധ കുർബാനയെത്തുടർന്ന് വിശ്വാസസമൂഹത്തിന്റെ കൂട്ടായ്മയിൽ കത്തിച്ച മെഴുകുതിരികളുമായി ദൈവാലയം ചുറ്റി നടത്തിവരുന്ന ജപമാലപ്രദക്ഷിണത്തിന് ഓഗസ്റ്റ് മാസം കാവുംകണ്ടം (5/8/2023), ഇളന്തോട്ടം (12/08/2023), പ്ലാശനാൽ (19/08/2023), അന്ത്യാളം (26/08/2023)എന്നീ ഇടവകകൾ നേതൃത്വം വഹിച്ചു.

സെപ്തംബർമാസത്തെ ജപമാലപ്രദക്ഷിണങ്ങൾക്കു നേതൃത്വം നൽകുന്ന ഇടവകകൾ: ഐങ്കൊമ്പ് (02/09/23), കുറുമണ്ണ് (09/09/23), മാനത്തൂർ (16/09/23), കളത്തൂക്കടവ് (23/09/23).

**ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

## 1. CTP കോഴ്സ് 2023 -2024

2023-2024 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ ഓഗസ്റ്റ് മാസത്തെ ക്ലാസ്സുകൾ 12, 28, 30 എന്നീ തീയതികളിൽ നടന്നു. റവ. ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ, ഡോ. റ്റി. സി. തങ്കച്ചൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

സെപ്റ്റംബർമാസത്തിലെ ക്ലാസ്സുകൾ :

സെപ്റ്റംബർ 06, 09, 22, 27 - Liturgy : Fr. Augustine kandathikkudilil

## 2 . പ്രമോട്ടർമാരുടെ സന്ദർശനം

രൂപതയിലെ സൺഡേസ്കൂളുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വിശ്വാസപരിശീലകരും കുട്ടികളുമായി ആശയവിനിമയം നടത്തുന്നതിനുമായി രൂപത പ്രമോട്ടേഴ്സ് ടീം നടത്തുന്ന സന്ദർശനം തുടരുന്നു.

### 3 . Question Board Meeting

2023-2024 അദ്ധ്യയനവർഷത്തിലെ വിശ്വാസപരിശീലനക്ലാസ്സുകളിലെ പരീക്ഷകൾക്കുള്ള ചോദ്യപ്പേപ്പർ തയ്യാറാക്കുന്നതിനായി രൂപീകരിച്ച Question Board അംഗങ്ങളുടെ സമ്മേളനം 2023 ഓഗസ്റ്റ് 12 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

### 4. രചനാമത്സരങ്ങൾ 2023 -2024

ഈ വർഷത്തെ രൂപതാകലോത്സവത്തിന്റെ മുന്നോടിയായുള്ള മേഖലാതല രചനാമത്സരങ്ങൾ ഓഗസ്റ്റ് മാസം നടത്തപ്പെട്ടു. രൂപതതലത്തിലുള്ള സാഹിത്യമത്സരങ്ങൾ 2023 സെപ്റ്റംബർ 3 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.45 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെടും.

**സ്കൂൾ മതബോധന-സന്മാർഗപരിശീലനരംഗം**

### 5. സ്കോളർഷിപ്പ് വിതരണം

2022-2023 അദ്ധ്യയനവർഷത്തിലെ സ്കൂൾ മതബോധന-സന്മാർഗപരിശീലന സ്കോളർഷിപ്പ്പരീക്ഷയിൽ സമ്മാനാർഹരായവർക്കുള്ള സമ്മാനവിതരണം 2023 ഓഗസ്റ്റ് 15 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു. ഷംഷാബാദ് രൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കൊല്ലം പറമ്പിൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും സ്കോളർഷിപ്പ് വിതരണം നിർവഹിക്കുകയും ചെയ്തു.

### 6. ഒന്നാം ടേം പരീക്ഷ

സ്കൂൾതലത്തിലുള്ള മതബോധനത്തിന്റെയും സന്മാർഗപരിശീലനത്തിന്റെയും ഒന്നാം ടേം പരീക്ഷ 2023 സെപ്റ്റംബർ 7,8 (വ്യാഴം,വെള്ളി) തീയതികളിൽ നടത്തപ്പെടുന്നതാണ്.

2023 സെപ്റ്റംബർ 7 വ്യാഴം - 2 pm - 4 pm - സന്മാർഗ്ഗശാസ്ത്രം
2023 സെപ്റ്റംബർ 8 വെള്ളി - 2 pm - 4 pm - വിശ്വാസപരിശീലനം

പരീക്ഷയ്ക്കാവശ്യമായ ചോദ്യപേപ്പറുകൾ സെപ്റ്റംബർ 5 ചൊവ്വാഴ്ച വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നു വിതരണം ചെയ്യുന്നതാണ്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

### 1. മിഷൻ സന്ദർശനം

ജൂലൈ 31 മുതൽ ഓഗസ്റ്റ് 4 വരെ ഫാ. മാത്യു കരിമ്പനാൽ ശുശ്രൂഷ ചെയ്യുന്ന ഇറ്റലിയിലെ പെസരോ ഇടവകയിൽനിന്നും അച്ചനും 7 യൂത്തും അവരുടെ ഗൈഡും ചേർന്ന 9 പേർ പാലാ മിഷൻ സന്ദർശിച്ചു. പാലാ മിഷനിലെ എല്ലാ സെന്ററുകൾക്കും പുറമേ മഞ്ചേരിയാലിൽ അഭിവന്ദ്യ മാർ ജോസഫ് കുന്നത്തു പിതാവിനെയും മാർ പ്രിൻസ് ആന്റണി പിതാവിനെയും സന്ദർശിച്ചു. രൂപതയുടെ പ്രവർത്തങ്ങളെക്കുറിച്ച് പിതാക്കന്മാർ പങ്കുവച്ചു. CMC. Provincial House, CMI Provincial House, Ephatha ധ്യാനകേന്ദ്രം, മൈനർ സെമിനാരി, Underground Coal

Mine തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു.മഞ്ചേരിയാൽ കാർമ്മൽ സ്കൂളിൽ പത്താം ക്ലാസ്സിലെയും ബെല്ലമ്പള്ളി സെന്റ് മേരീസ് സ്കൂളിൽ ഒൻപതാം ക്ലാസ്സിലെയും കുട്ടികളുമായി അഭിമുഖം നടത്തി. നെന്നൽ വില്ലേജിലെ കുട്ടികളെ ഗെയിം പഠിപ്പിക്കുകയും യുവാക്കളോടൊപ്പം വോളിബോൾ കളിക്കുകയും ചെയ്തു. ന്യൂസ്റിപ്പോർട്ടർമാർ അവരെ ഇന്റർവ്യു ചെയ്യുകയും എല്ലാ പത്രങ്ങളിലും വാർത്തയും ഫോട്ടോയും നൽകുകയും ചെയ്തു.

**2. വിയാനി ഡേ**

ഇടവകവൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ അദിലാബാദ് രൂപതയുടെ മൈനർ സെമിനാരിയിൽ നടന്ന തിരുനാളാഘോഷത്തിൽ പാലാ മിഷനിലെ വൈദികർ പങ്കെടുത്തു.

**3. മണിപ്പൂർ ഐക്യധാർഢ്യ റാലി**

അദിലാബാദ് രൂപതയുടെയും മറ്റു ക്രൈസ്തവസഭകളുടെയും നേതൃത്വത്തിൽ മഞ്ചേരിയാൽ ടൗണിൽ ഓഗസ്റ്റ് 13 ന് നടന്ന സമാധാന റാലിയിൽ പാലാ മിഷനിൽ നിന്നു 150 ആളുകൾ പങ്കെടുത്തു.

**4. യൂത്ത് ഡേ**

ഓഗസ്റ്റ് 20 നു പാലാ മിഷനിലെ എല്ലാ സെന്ററുകളിലും യൂത്ത് ഡേ ആഘോഷിച്ചു.

**5. മെത്രാഭിഷേക സുവർണ്ണജൂബിലി**

അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേക സുവർണ്ണജൂബിലിയാഘോഷങ്ങളിൽ പാലാ മിഷനിൽനിന്നു കോ ഓർഡിനേറ്റർ ഫാ. മാത്യു പുതിയിടത്ത് പങ്കെടുത്തു. ബിഷപ്സ് ഹൗസിൽ പിതാവിനെ സന്ദർശിച്ചു പ്രാർത്ഥനാമംഗളങ്ങൾ ആശംസിച്ചു.

**6. അഭിനന്ദനങ്ങളും നന്ദിയും**

പാലാ മിഷനെ ഈ നാളുകളിൽ പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും സഹായിച്ച എല്ലാവർക്കും പ്രാർത്ഥനയും നന്ദിയും.

**ഫാ. മാത്യു പുതിയിടത്ത്** (കോ-ഓർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ**

റീജണിലെ എല്ലാ ഇടവകകളിലും വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആചരിച്ചു. റീജണൽ പാസ്റ്ററൽ കൗൺസിൽ അതിനു നേതൃത്വം നൽകി.

**2. സ്വാതന്ത്ര്യദിനാഘോഷവും പരി. അമ്മയുടെ സ്വർഗാരോപണത്തിരുനാളും**

A) ബാപ്പു നഗർ ഇടവകയിൽ സ്വാതന്ത്ര്യദിനത്തിൽ ദേശീയപതാക ഉയർത്തുകയും ഇടവകാംഗങ്ങൾ യൂണിറ്റ് തിരിഞ്ഞ് ദേശഭക്തിഗാനം ആലപിക്കുകയും ചെയ്തു.

B) ബാറുച്ച് ഇടവകയിൽ 15 നോമ്പ് ആചരണത്തിന്റെ ഭാഗമായി മരിയൻ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ പതിനഞ്ചുദിവസവും അമ്മമാർ മരിയൻ സന്ദേശം നൽകി.

C) ബാറുച്ച് ഇടവകയിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യദിനത്തിൽ ദേശീയപതാക ഉയർത്തി.

**3. സമാധാനപ്രാർത്ഥന**

ബാറുച്ച് ഇടവകയിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ മണിപ്പൂരിൽ സമാധാനം പുലരുന്നതിലും സഭയിൽ ഐക്യം ഉണ്ടാകുന്നതിനുമായി ആരാധനയും ജപമാലയും നടത്തപ്പെട്ടു.

**4. ദേശഭക്തിഗാനമത്സരം**

അഹമ്മദാബാദ് സെന്റ് തോമസ് ഇടവകയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ദേശഭക്തിഗാനമത്സരം നടത്തപ്പെട്ടു.

**5. പോസ്റ്റർ രചനാ മത്സരം**

സ്വർഗാരോപണത്തിരുനാളിനോടനുബന്ധിച്ച് SMYM ഗുജറാത്ത് റീജന്റെ ആഭിമുഖ്യത്തിൽ പോസ്റ്റർ രചനാ മത്സരം നടത്തപ്പെട്ടു.

**6. ഇടവകവികാരിയെ ആദരിച്ചു**

വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ ബാപ്പുനഗർ ഇടവകയിൽ ഇടവകാംഗങ്ങൾ ഒരുമിച്ചു ചേർന്ന് വികാരി ഫാ. മാത്യു കോലത്തിനെ ആദരിക്കുകയും കേക്കു മുറിക്കുകയും ചെയ്തു.

**7. ബൈബിൾ ക്വിസ്**

ലോഗോസിനൊരുക്കമായി റീജണിലെ എല്ലാ ഇടവകകളിലും ഇടവക തലത്തിൽ ബൈബിൾ ക്വിസ് നടത്തപ്പെട്ടു.

**മാർ ജോസഫ് കൊല്ലംപറമ്പിൽ** (സഹായമെത്രാൻ)

# മിഷൻലീഗ് വാർത്തകൾ

**രൂപത വാർത്തകൾ**

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പമിഷൻലീഗിന്റെ ഓഗസ്റ്റ് മാസത്തെ എക്സിക്യൂട്ടീവ് യോഗം ഓഗസ്റ്റ് 6 ഞായറാഴ്ച വൈകുന്നേരം മൂന്നുമണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി അഗസ്റ്റിൻ തോമസ് റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യോഗം അതു പാസാക്കി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം ഓഗസ്റ്റ് മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു.

**കുഞ്ഞേട്ടൻ അനുസ്മരണം**

ചെറുപുഷ്പ മിഷൻ ലീഗ് സ്ഥാപകനേതാവ് കുഞ്ഞേട്ടന്റെ (പി.സി.

അബ്രഹാം) ചരമത്തിന്റെ 14-ാം വാർഷികം ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ നേതൃത്വത്തിൽ സംസ്ഥാനസമിതിയോടു ചേർന്ന് പ്രാർത്ഥനകളോടും അനുസ്മരണസമ്മേളനത്തോടുംകൂടെ ഓഗസ്റ്റ് 12-ാം തീയതി ശനിയാഴ്ച ചെമ്മലമറ്റം ശാഖയിൽ വച്ചു നടത്തി. രാവിലെ 9 മണിക്ക് വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് പാരിഷ് ഹാളിൽ നടത്തിയ അനുസ്മരണസമ്മേളനം സീറോ മലബാർ സഭയുടെ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. ചെറുപുഷ്പമിഷൻലീഗ് പാലാ രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സ്വാഗതം ആശംസിച്ച സമ്മേളനത്തിൽ CML സംസ്ഥാനപ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി അദ്ധ്യക്ഷത വഹിച്ചു. CML ചെമ്മലമറ്റം ശാഖാ രക്ഷാധികാരി റവ.ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ, സി. എം.എൽ. പാലാ രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ, സി.എം. എൽ. അരുവിത്തുറ മേഖല സെക്രട്ടറി ശ്രീ ജസ്റ്റിൻ സ്രാമ്പിക്കൽ, സി. എം.എൽ. ചെമ്മലമറ്റം ശാഖാ വൈസ് പ്രസിഡന്റ് ശ്രീമതി മഞ്ജുമോൾ കല്ലായ്ക്കൽ എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. സമ്മേളനത്തിൽ ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയിലെ വിവിധ ശാഖകളിൽനിന്നായി അഞ്ഞൂറിലധികം കുട്ടികൾ സംബന്ധിച്ചു.

**CML സംസ്ഥാന കൗൺസിൽ**

ചെറുപുഷ്പമിഷൻലീഗ് സംസ്ഥാന കൗൺസിൽ സമ്മേളനം 2023 ഓഗസ്റ്റ് 12 ശനിയാഴ്ച ചെമ്മലമറ്റം ശാഖയിൽ വച്ചു നടത്തപ്പെട്ടു. ചെറുപുഷ്പ മിഷൻ ലീഗ് പാലാ രൂപത മാനേജിംഗ് കമ്മറ്റിയംഗങ്ങൾ ഈ യോഗത്തിൽ സംബന്ധിച്ചു.

**സീനിയേഴ്സ് ക്യാമ്പ്**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതസമിതി 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി സംഘടിപ്പിച്ച സീനിയേഴ്സ് ക്യാമ്പ് ഓഗസ്റ്റ് 31, സെപ്റ്റംബർ 1 തീയതികളിലായി ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തപ്പെട്ടു. 173 കുട്ടികൾ പങ്കെടുത്തു.

**ജീവദർശൻ കോഴ്സ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ CTP കോഴ്സ് പൂർത്തിയാക്കിയ വിശ്വാസപരിശീലകർക്കായി നടത്തുന്ന ജീവദർശൻ കോഴ്സിന്റെ രണ്ടാമത്തെ ക്ലാസ്സ് ഓഗസ്റ്റ് 28 തിങ്കളാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തപ്പെട്ടു. റവ. ഫാ. ജോസഫ് കരികുളം പരിശുദ്ധ ത്രിത്വത്തെക്കുറിച്ച് ക്ലാസ്സ് എടുക്കുകയും വിശ്വാസപരിശീലകരുടെ സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു.

**കുഞ്ഞുമിഷനറി മാസിക**

കുഞ്ഞുമിഷനറി മാസിക ഓഗസ്റ്റ് മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**മാനേജിംഗ് കമ്മിറ്റിയും ഫാ. മാലിപ്പറമ്പിൽ അനുസ്മരണവും**

CML പാലാ രൂപതയുടെ 2023 - 2024 പ്രവർത്തനവർഷത്തെ രണ്ടാമത്തെ മാനേജിംഗ് കമ്മിറ്റിയും ചെറുപുഷ്പമിഷൻലീഗ് സ്ഥാപകഡയറക്ടർ ഫാ.

ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും 2023 സെപ്തംബർ 10 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെടുന്നു.

**മേഖല വാർത്തകൾ**

**അരുവിത്തുറ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഓഗസ്റ്റ് 6 ഞായറാഴ്ച അരുവിത്തുറ യിൽ വച്ചു നടന്നു. പ്രസിഡന്റ് ടോം ഒട്ടലാങ്കൽ അധ്യക്ഷത വഹിച്ചു.

**മേഖല രചനാമത്സരം**

ചെറുപുഷ്പമിഷൻലീഗ് അരുവിത്തുറ മേഖല രചനാമത്സരം ഓഗസ്റ്റ് 13 ഞായറാഴ്ച അരുവിത്തുറ സെന്റ് ജോർജ് കോളജിൽ വച്ചു നടത്തപ്പെട്ടു.

**കുറവിലങ്ങാട്**

കുറവിലങ്ങാട് മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഓഗസ്റ്റ് 6 ഞായറാഴ്ച കുറവിലങ്ങാട് മേഖല ഓഫീസിൽ വച്ചു നടത്തപ്പെട്ടു.

**കടനാട് മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് യോഗം ഓഗസ്റ്റ് 6 ഞായറാഴ്ച നടന്നു.

**രാമപുരം മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഓഗസ്റ്റ് 6 ഞായറാഴ്ച നടന്നു.

**കൂട്ടിക്കൽ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഓഗസ്റ്റ് 5 ശനിയാഴ്ച നടന്നു.

**പ്രവിത്താനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ഓഗസ്റ്റ് 13 ഞായറാഴ്ച പ്രവിത്താനം മേഖല ഓഫീസിൽ നടന്നു.

**ചേർപ്പുങ്കൽ മേഖല**

ചെറുപുഷ്പ മിഷൻലീഗ് ചേർപ്പുങ്കൽ മേഖല എക്സിക്യൂട്ടീവ് യോഗം ഓഗസ്റ്റ് 6 ഞായറാഴ്ച നടന്നു.

**മേഖല രചനാമത്സരം**

ചെറുപുഷ്പ മിഷൻ ലീഗ് ചേർപ്പുങ്കൽ മേഖല രചനാമത്സരം ഓഗസ്റ്റ് 13 ഞായറാഴ്ച നടത്തപ്പെട്ടു

**പൂഞ്ഞാർ മേഖല**

ചെറുപുഷ്പ മിഷൻലീഗ് പൂഞ്ഞാർ മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഓഗസ്റ്റ് 6 ഞായറാഴ്ച പൂഞ്ഞാർ മേഖല ഓഫീസിൽ വച്ചു നടത്തി.

**തുടങ്ങനാട് മേഖല**

മിഷൻലീഗ് തുടങ്ങനാട് മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ഓഗസ്റ്റ് 5 ശനിയാഴ്ച തുടങ്ങനാട് മേഖല ഓഫീസിൽ വച്ചു നടത്തപ്പെട്ടു.

**റീജിയണൽ സംഗമം**

ചെറുപുഷ്പമിഷൻലീഗ് തുടങ്ങനാട് റീജിയണൽ സംഗമം ജൂലൈ 30 ഞായറാഴ്ച മൂലമറ്റം ശാഖയുടെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു. മൂലമറ്റം മേഖല പ്രസിഡന്റ് മാർട്ടിൻ മുണ്ടത്താനം അധ്യക്ഷത വഹിച്ച യോഗത്തിൽ തുടങ്ങനാട് റീജിയനിൽ ഉൾപ്പെട്ട എല്ലാ ശാഖാ - മേഖല ഭാരവാഹികളും സംബന്ധിച്ചു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**സെൻട്രൽ കൗൺസിൽ മീറ്റിംഗ്**

എറണാകുളം പി. ഒ. സി യിൽ വച്ചു നടത്തിയ സെൻട്രൽ കൗൺസിൽ മീറ്റിംഗിൽ പാലാ രൂപതയിൽനിന്നു പ്രസിഡന്റ് ജിജോ മാത്യു പങ്കെടുത്തു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഓഗസ്റ്റ് 21-ാം തീയതി തിങ്കളാഴ്ച എക്സിക്യൂട്ടീവ് മീറ്റിംഗ് ഓൺലൈനായി രാത്രി 8.30 ന് കൂടി. സെപ്റ്റംബർ 9 ന് നടത്തേണ്ട സാഹിത്യരചനാമത്സരത്തെക്കുറിച്ച് മീറ്റിംഗിൽ ചർച്ചചെയ്തു. കഥ, കവിത, ഉപന്യാസം, ചിത്രരചന, സ്കോളർഷിപ്പ് പരീക്ഷ, ബൈബിൾ ക്വിസ്, കെ. സി. എസ്. എൽ ക്വിസ് എന്നിവയാണ് മത്സരയിനങ്ങൾ. പാലാ സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂളിൽ വച്ചാണ് മത്സരം നടത്തുന്നത്. മീറ്റിംഗിൽ എല്ലാ എക്സിക്യൂട്ടീവംഗങ്ങളും പങ്കെടുത്തു. 9.30 ന് മീറ്റിംഗ് അവസാനിച്ചു.

**കൈയെഴുത്തു മാസിക മത്സരം**

സാഹിത്യരചനാമത്സരത്തിനോടനുബന്ധിച്ചു നടത്തുന്ന കൈയെഴുത്തു മാസികമത്സരം സെപ്റ്റംബർ 16 ന് പാലാ സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂളിൽ വച്ച് നടത്തുന്നതാണ്.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**ലിസ്ബണിൽ വച്ചു നടന്ന വേൾഡ് യൂത്ത് ഡേയിൽ പങ്കെടുത്തു**

ഓഗസ്റ്റ് 1 മുതൽ 6 വരെ പോർച്ചുഗലിലെ ലിസ്ബണിൽ വച്ചു നടന്ന വേൾഡ് യൂത്ത് ഡേ സമ്മേളനത്തിൽ പാലാ രൂപതയിൽനിന്ന് കെ.സി.വൈ.എം. - എസ്.എം.വൈ.എം. രൂപത ഡയറക്ടർ ബഹുമാനപ്പെട്ട ഫാ. മാണി കൊഴുപ്പൻകുറ്റി, മുൻ രൂപതസെക്രട്ടറിയും കുറവിലങ്ങാട് യൂണിറ്റ് അംഗവുമായ റിബിൻ, അരുവിത്തറ യൂണിറ്റ് അംഗം ബെൻസൺ എന്നിവർ രൂപതയെ പ്രതിനിധീകരിച്ചു പങ്കെടുത്തു.

**രൂപത എക്സിക്യൂട്ടീവ് നടത്തപ്പെട്ടു**

2023 വർഷത്തെ പതിനാറാം രൂപത എക്സിക്യൂട്ടീവ് യോഗം നടത്തപ്പെട്ടു.

ജൂലൈമാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്താനും തുടർന്ന് നടത്താനുള്ള പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച ചെയ്യാനും വേണ്ടിയാണ് യോഗം നടത്തപ്പെട്ടത്.

**ബഹുമാനപ്പെട്ട തോമസ് കിഴക്കേലച്ചന്റെ പിതാവിന് ആദരാഞ്ജലികൾ അർപ്പിച്ച് രൂപത കുടുംബം**

PSWS ഡയറക്ടറും, SMYM മുൻ ഡയറക്ടറുമായ ബഹുമാനപ്പെട്ട തോമസ് കിഴക്കേലച്ചന്റെ പിതാവിന് രൂപതകുടുംബം ഭവനത്തിൽ എത്തി ആദരാഞ്ജലികൾ അർപ്പിച്ചു പ്രാർത്ഥിച്ചു.

**വൈദികദിനം ആചരിച്ചു**

ഓഗസ്റ്റ് 4 വൈദികദിനത്തോടനുബന്ധിച്ച് ശലോം പാസ്റ്ററൽ സെന്ററിലെയും പാലായിലെ മാർ അപ്രേം പ്രീസ്റ്റ് ഹോമിലെയും ബഹുമാനപ്പെട്ട വൈദികരെ സന്ദർശിച്ച് എസ്.എം.വൈ.എം. പാലാ രൂപത കുടുംബം ആശംസകൾ നേർന്നു. എസ്.എം.വൈ.എം. മുൻഡയറക്ടർ ബഹുമാനപ്പെട്ട മൂലയിൽ തോമസച്ചൻ കേക്കു മുറിച്ച് വൈദികദിനാചരണത്തിൽ പങ്കുചേർന്നു. ഇതുകൂടാതെ രൂപതയിലെ എല്ലാ വൈദികർക്കും പാലായിലെ ഓഫീസിൽനിന്ന് വൈദികദിനത്തിന്റെ മംഗളങ്ങൾ കത്തുമുഖേന ആശംസിച്ചു.

**അഭിനന്ദനങ്ങൾ**

2023 ഓഗസ്റ്റിൽ നടന്ന K-Tet പരീക്ഷ പാസായ എസ്.എം.വൈ.എം. അംഗങ്ങൾക്ക് രൂപത സമിതി അഭിനന്ദനങ്ങൾ നേർന്നു.

**അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേക സുവർണ്ണജൂബിലിയാഘോഷത്തിൽ പങ്കുചേർന്നു**

ഓഗസ്റ്റ് 15 ന് പാലാ സെന്റ് തോമസ് കത്തീഡ്രൽ ദേവാലയത്തിൽ നടന്ന അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേക സുവർണ്ണജൂബിലിയാഘോഷത്തിൽ പാലാ രൂപത എസ്.എം.വൈ.എം. പ്രസിഡന്റ് തോമസ് ബാബു, വൈസ് പ്രസിഡന്റ് സെഞ്ചു ജേക്കബ്, മുൻ രൂപത എക്സിക്യൂട്ടീവ് അംഗം ലിയ തെരേസ ബിജു എന്നിവർ പങ്കുചേർന്നു.

**അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന് മെത്രാഭിഷേകത്തിന്റെ ആശംസകൾ നേർന്നു രൂപത കുടുംബം**

മെത്രാഭിഷേകത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ ആദ്യഡയറക്ടറും പാലാ രൂപതയുടെ ദ്വിതീയാധ്യക്ഷനുമായ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന് രൂപത സമിതിയംഗങ്ങളും, 17 ഫൊറോന സമിതിയംഗങ്ങളും ആശംസകൾ നേർന്നു.

**സ്വാതന്ത്ര്യദിനത്തിൽ ചരിത്രസിമ്പോസിയം മൂന്നാംഘട്ടം നടത്തപ്പെട്ടു**

പാലാ രൂപത സമിതിയുടെയും കാട്ടാമ്പാക്ക് യൂണിറ്റിന്റെയും നേതൃത്വത്തിൽ 'സ്വാതന്ത്ര്യസമരത്തിൽ ക്രൈസ്തവരുടെ പങ്ക്' എന്ന വിഷയത്തെ അടിസ്ഥാനമാക്കി മൂന്നാംഘട്ട ചരിത്രസെമിനാർ നടത്തപ്പെട്ടു. അഡ്വക്കേറ്റ് മോൻസ് ജോസഫ് എം.എൽ.എ. ഉദ്ഘാടനം നിർവഹിച്ച മീറ്റിംഗിൽ, വികാരി ഫാ. സെബാസ്റ്റ്യൻ

മാമ്പള്ളിക്കുന്നേൽ അനുഗ്രഹപ്രഭാഷണം നടത്തുകയും, രൂപത പ്രസിഡന്റ് തോമസ് ബാബു അധ്യക്ഷത വഹിക്കുകയും ചെയ്തു. ജനറൽ സെക്രട്ടറി ടോണി കവിയിൽ സ്വാഗതം ആശംസിച്ചു. ശ്രീ ബെന്നി കോച്ചേരി (അസിസ്റ്റന്റ് പ്രൊഫസർ ദേവമാതാ കോളജ്, കുറവിലങ്ങാട്) സെമിനാർ നയിച്ചു. വാർഡ് മെമ്പർ ബോബൻ, വൈസ് പ്രസിഡന്റ് സെഞ്ചു ജേക്കബ്, ഫൊറോന പ്രസിഡന്റ് എബി എന്നിവർ ആശംസകൾ നേർന്നു. ജിസ്മോൻ ഷാജി നന്ദി അർപ്പിച്ചു. നാലുമണിയോടുകൂടി ക്ലാസ് അവസാനിച്ചു.

**സുവർണജൂബിലിവർഷത്തിൽ ഭവനപദ്ധതിയുമായി എസ്.എം.വൈ.എം**

എസ്.എം.വൈ. എം. ഏന്തയാർ യൂണിറ്റിന്റെ നേതൃത്വത്തിൽ ഭവനപദ്ധതിക്ക് ജൂബിലിവർഷത്തിൽ തുടക്കം കുറിച്ചു. പാലാ ഫൊറോനയുടെ നേതൃത്വത്തിൽ ഭവനനിർമ്മാണപദ്ധതിയുടെ ഭാഗമായി ഫണ്ടു സ്വീകരണവും നടത്തിവരുന്നു.

**മാതാപിതാക്കളും യുവജനങ്ങളും**

പാലാ രൂപതയുടെ ആഹ്വാനപ്രകാരം യുവജനങ്ങളും മാതാപിതാക്കളും എന്ന പരിപാടി അരുവിത്തുറ യൂണിറ്റിലും കുറവിലങ്ങാട് യൂണിറ്റിലും നടത്തപ്പെട്ടു.

**അർദ്ധവാർഷിക സെനറ്റ് സമ്മേളനം**

കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ തലശ്ശേരി അതിരൂപതയുടെ ആതിഥേയത്വത്തിൽ 11, 12, 13 തീയതികളിൽ നടത്തപ്പെട്ട 45-ാമത് അർദ്ധവാർഷിക സെനറ്റ് സമ്മേളനത്തിൽ പാലാരൂപതയിൽനിന്നു ജോയിന്റ് ഡയറക്ടർ സി. നവീന സി.എം.സി, പ്രസിഡന്റ് തോമസ് ബാബു, ജനറൽ സെക്രട്ടറി ടോണി കവിയിൽ, വൈസ് പ്രസിഡന്റ് സെഞ്ചു ജേക്കബ്, സ്റ്റേറ്റ് സിൻഡിക്കേറ്റ് അംഗങ്ങളായ ജിയോ റോയി, റിയ തെരേസ റോയ് എന്നിവർ പങ്കെടുത്തു.

**പാലാ രൂപത കലോത്സവം സഹൃദയ സുവർണോത്സവ് 2K23 നടത്തപ്പെട്ടു**

എസ്.എം.വൈ.എം - കെ.സി.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ രൂപത കലോത്സവം 28, 30 തീയതികളിലായി പാലാ സെന്റ് തോമസ് കോളജിൽ വച്ചു നടത്തപ്പെട്ടു. രൂപതയിലെ വിവിധ ഇടവകകളിൽനിന്നായി നാലായിരത്തോളം യുവജനങ്ങൾ പങ്കെടുത്തു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**നൈറ്റ് വിജിൽ**

എല്ലാ മാസവും ആദ്യവെള്ളിയാഴ്ച നടന്നുവരുന്ന നൈറ്റ് വിജിൽ ഓഗസ്റ്റ് മാസം 4-ാം തിയതി വൈകിട്ട് 7 മണി മുതൽ 5-ാം തീയതി രാവിലെ 5 മണി വരെ പാലാ അൽഫോൻസാകോളജ് ചാപ്പലിൽവച്ചു നടത്തപ്പെട്ടു. പതിനഞ്ചോളം പേർ പങ്കെടുത്തു.

**ബുധനാഴ്ച കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5.15 നു ളാലം പള്ളിയിലെ മിനിഹാളിൽ വച്ച് ബുധനാഴ്ച കൂട്ടായ്മ നടത്തപ്പെടുന്നു.

**സെക്കൻഡ് സാറ്റർഡേ ഗാതറിങ്**

2023 ഓഗസ്റ്റ് 12-ാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ ഒമ്പതര മുതൽ വൈകിട്ട് മൂന്നര വരെ പാലാ അൽഫോൻസാ കോളജിൽ വച്ച് സെക്കൻഡ് സാറ്റർഡേ ഗാതറിങ് നടത്തപ്പെട്ടു. സ്കൂളുകളിൽനിന്നും കോളജുകളിൽ നിന്നുമായി ഏകദേശം 30 പേർ പങ്കെടുത്തു.

**ഹൗസ്ഹോൾഡ്**

2023 ഓഗസ്റ്റ് 6, ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് അരുവിത്തുറപ്പള്ളിയിലെ പരിഷ് ഹാളിൽ വച്ച്  അരുവിത്തുറ ഹൗസ്ഹോൾഡ് നടത്തപ്പെട്ടു. ഇരുപതോളം ആളുകൾ പങ്കെടുത്തു.

**സെക്കന്റ് സാറ്റർഡേ ഫാമിലി ഗാതറിങ്**

2023 ഓഗസ്റ്റ് 12-ാം തിയതി രണ്ടാം ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെ പാലാ അൽഫോൻസാ കോളജിൽ വച്ച് ഫാമിലി ഗാതറിങ് നടത്തപ്പെട്ടു.

**കോളജ് കോർ ടീം ട്രെയിനിംഗ്**

പാലായിലെ കോളജുകളിൽ അടുത്ത ഒരു വർഷത്തേക്ക് ജീസസ് യൂത്തിനെ നയിക്കാനായി തിരഞ്ഞെടുത്ത പുതിയ കോർ ടീം അംഗങ്ങളുടെ ട്രെയിനിംഗ് പാലാ ക്യാമ്പസ് ടീമിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 11  മുതൽ 13 വരെ പാലാ കാർമൽ സ്കൂളിൽ വച്ചു നടത്തപ്പെട്ടു. ഏകദേശം 40 അംഗങ്ങൾ പങ്കെടുത്തു. ജീസസ് യൂത്ത് ഡയറക്ടറായ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ ട്രെയിനിംഗിനു നേതൃത്വം നൽകി.

**പുതിയ കോർ ടീം**

തുടങ്ങനാടും അരുവിത്തുറയിലും ഇടവകകളിൽ പുതിയ കോർ ടീം നിലവിൽ വന്നു. തുടങ്ങനാട് ഫാ. തോമസ് പുല്ലാട്ടും അരുവിത്തുറയിൽ ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിലും ഡയറക്ടറായി നേതൃത്വമേറ്റെടുത്തു.

**എഫ്.ഐ.ജി**

പാലാ ജീസസ്  യൂത്തിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 25 മുതൽ 28 വരെ തീയതികളിൽ രാമപുരം മാർ ആഗസ്തിനോസ് കോളജിൽ വച്ച് കോളജ് വിദ്യാർത്ഥികൾക്കായി എഫ്.ഐ.ജി പ്രോഗ്രാം നടത്താൻ തീരുമാനിച്ചു

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

1) 06/8/2023: വാക്കാട് ഇടവകയിലെ വിവിധ കുടുംബക്കൂട്ടായ്മാവാർഡുകളിൽ റിസോഴ്സ് ടീം അംഗങ്ങൾ കുടുംബക്കൂട്ടായ്മ, ജാഗ്രതാവിഷയങ്ങൾ എന്നിവയെക്കുറിച്ചു  ക്ലാസ്സെടുത്തു.

2) 09/08/2023: രൂപത ജനറൽ കൗൺസിൽ കൂടി 12/08/2023 ൽ നടക്കുന്ന സമ്പൂർണ ബൈബിൾ കൈയെഴുത്തുയജ്ഞത്തിനുവേണ്ട ക്രമീകരണങ്ങൾ വിലയിരുത്തി.

3) സഭാനവീകരണപ്രവർത്തനങ്ങളുടെ ഭാഗമായി 12/8/2023 ൽ പാലാ സെന്റ് തോമസ് കോളജ് ഓഡിറ്റോറിയത്തിൽവച്ചു നടത്തിയ സമ്പൂർണ്ണ ബൈബിൾ കൈയെഴുത്തുയജ്ഞം പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ബൈബിളിലെ ആദ്യപുസ്തകമായ ഉൽപത്തി 1-ാം അദ്ധ്യായം എഴുതി ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ റവ.ഫാ.സെബാസ്റ്റ്യൻ വേത്താനം, സെന്റ് തോമസ് കോളജ് പ്രിൻസിപ്പൽ ഡോ. ജെയിംസ് ജോൺ മംഗലത്ത്, കുടുംബ ക്കൂട്ടായ്മ ഡയറക്ടർ റവ.ഫാ.ജേക്കബ് വെള്ളമരുതുങ്കൽ എന്നിവരും രൂപതയിലെ 171 ഇടവകകളിൽനിന്നുള്ള പ്രതിനിധികളും ഈ സംരംഭത്തിൽ പങ്കാളികളായി.

4) 17/8/2023: മെത്രാഭിഷേകത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന, രൂപതയിലെ കുടുംബകൂട്ടായ്മയുടെ ഔദ്യോഗിക ആരംഭകനായ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിലിനെ ഡയറക്ടറും എക്സിക്യൂട്ടീവ് അംഗങ്ങളും സന്ദർശിച്ച് ആശംസകൾ നേർന്നു.

5) സഭാനവീകരണവർഷപ്രവർത്തനങ്ങളുടെ ഭാഗമായി വചനനിധി (തിര ഞ്ഞെടുത്ത 500 ബൈബിൾ വചനങ്ങൾ) ഹൃദയസ്ഥമാക്കാൻ തയ്യാറാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ നാലു വിഭാഗങ്ങളായി തിരിച്ച് (15 വയസുവരെ, 15-30, മാതാക്കൾ, പിതാക്കൾ) മത്സരം നടത്തി സമ്മാനങ്ങൾ നൽകാനുള്ള ക്രമീകരണ ങ്ങൾ ആരംഭിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

### 1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

**ഓഗസ്റ്റ് 14-16, 25-27** തീയതിയിലെ വിവാഹ ഒരുക്ക സെമിനാറിൽ 202 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

### 2. രജിസ്ട്രേഷൻ

**സെപ്റ്റംബർ 4-6, 25-27, ഒക്ടോബർ 9-11, 23-25** എന്നീ തിയതികളി ൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

### 3. പേരന്റ്സ് മീറ്റ്

ഓഗസ്റ്റ്മാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ, റവ. ഡോ. തോമസ് വട ക്കേൽ എന്നിവർ ക്ലാസ്സെടുത്തു. രണ്ടു മീറ്റിങ്ങിലായി 312 മാതാപിതാക്കന്മാർ സംബന്ധിച്ചു.

**B. പിതൃവേദി**

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

ഓഗസ്റ്റ് 28-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി.

**C. മാതൃവേദി**

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

ഓഗസ്റ്റ് 2-ാം തീയതി രാവിലെ 10.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി.

**2. യൂണിറ്റ് സന്ദർശനം**

ഓഗസ്റ്റ് 6-ാം തീയതി ഉരുളികുന്നം യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**3. റിപ്പോർട്ട് തയ്യാറാക്കൽ**

ഓഗസ്റ്റ് 11-ാം തീയതി മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ ഷലോമിൽ ഒരുമിച്ചുകൂടി എപ്പാർക്കിയൽ അസംബ്ലിക്കു മുന്നോടിയായുള്ള റിപ്പോർട്ട് തയ്യാറാക്കി.

**4. വയോജനസമ്മേളനം**

ഓഗസ്റ്റ് 12-ാം തീയതി രാവിലെ 10.30 ന് സിബിഗിരി ഇടവകയിൽ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ വയോജനസമ്മേളനം നടത്തി. തദവസരത്തിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

**5. കെ.സി.ബി.സി വിമൺസ് കമ്മീഷൻ**

ഓഗസ്റ്റ് 13, 14 തീയതികളിൽ കെ.സി.ബി.സി വിമൺസ് കമ്മീഷൻ രൂപത ഭാരവാഹികൾക്കായി പി.ഒ.സിയിൽ വച്ച് ദ്വിദിന ക്യാമ്പ് നടത്തി. പാലാ രൂപതയിൽ നിന്ന് രൂപത പ്രസിഡന്റ് സിജി ലൂക്സൺ, സെക്രട്ടറി ഷേർളി ചെറിയാൻ, സെനറ്റംഗം മേരിക്കുട്ടി അഗസ്റ്റിൻ എന്നിവർ ക്യാമ്പിൽ പങ്കെടുത്തു.

**6. രൂപതാസമിതി**

ഓഗസ്റ്റ് 23-ാം തീയതി രാവിലെ 11 ന് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതാസമിതി കൂടി പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച ചെയ്തു.

**7. ജനറൽ ബോഡി മീറ്റിംഗ്**

സെപ്റ്റംബർ 4, 5 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് ഗ്ലോബൽ സീറോ മലബാർ മാതൃവേദി ജനറൽ ബോഡി മീറ്റിംഗ് നടത്തപ്പെടുന്നതാണ്.

## D. പ്രോലൈഫ്

### 1. മീറ്റിംഗ്

ഓഗസ്റ്റ് 20-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ സമിതി കൂടി.

## E. സീറോ മലബാർ പാലാ മാട്രിമണി

### 1. ഡേറ്റാ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

## F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിനാവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എമ്പോസിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ — **7306293048**

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

### വൈക്കം സത്യഗ്രഹ ശതാബ്ദിയാഘോഷം

പൊതുവഴിയിലൂടെ എല്ലാവർക്കും നടക്കുന്നതിനുവേണ്ടി 603 ദിവസം നീണ്ടുനിന്ന സത്യാഗ്രഹസമരത്തിന്റെ 100-ാം വാർഷികം രൂപത സമിതിയുടെ നേതൃത്വത്തിൽ മാന്നാർ സെന്റ് മേരീസ് മൗണ്ട് ഇടവക പാരിഷ് ഹാളിൽ പ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഗ്രേറ്റ്ബ്രിട്ടൻ ബിഷപ് മാർ ജോസഫ് സ്രാമ്പിക്കൽ ഉദ്ഘാടനം ചെയ്തു.

വൈക്കം സത്യാഗ്രഹത്തിൽ ക്രൈസ്തവരുടെ നേതൃത്വവും സാന്നിധ്യവും അവഗണിക്കുന്നത് ചരിത്രത്തോടു ചെയ്യുന്ന അനീതിയാണ് എന്ന് യോഗം വില

യിരുത്തി. ബാരിസ്റ്റർ ജോർജ് ജോസഫിന്റെയും ജയഭാരതം പത്രാധിപർ എം. മാത്തുണ്ണിയുടെയും ഫാ. സിറിയക് വെട്ടിക്കാപള്ളി, ജോൺ നിധീരി തുടങ്ങിയ നേതാക്കളുടെയും പങ്കു തമസ്കരിക്കുന്നതു ചരിത്രത്തെ വളച്ചൊടിക്കുന്നതാണ്. മാത്യു ആന്റണി മുഖ്യപ്രഭാഷണം നടത്തി. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ഫാ. സിറിയക് കൊച്ചുകൈപ്പട്ടിയിൽ, സന്തോഷ് നടുപ്പറമ്പിൽ, ആൻസമ്മ സാബു, മനോജ് ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

**ഭീമഹർജി**

ക്രൈസ്തവപീഡനങ്ങൾക്ക് അറുതി വരുത്തണമെന്നും കാർഷികവിളകൾക്കു ന്യായമായ വില ലഭിക്കണമെന്നും വന്യമൃഗശല്യങ്ങൾക്കു ശാശ്വതപരിഹാരം വേണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ്രധാനമന്ത്രിക്കും മുഖ്യമന്ത്രിക്കും 5 ലക്ഷം പേർ ഒപ്പിട്ടുനല്കുന്ന ഭീമഹർജിയുടെ ഭാഗമായി പാലാ രൂപതയിൽനിന്നുള്ള ഒപ്പുകൾ രാമപുരം പാരിഷ് ഹാളിൽ കൂടിയ യോഗത്തിൽ വച്ച് എമ്മാനുവൽ നിധീരി ഗ്ലോബൽ വൈസ് പ്രസിഡന്റ് ജോസ്കുട്ടി ഒഴുകയിൽ, ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ എന്നിവർക്കു കൈമാറി. തദവസരത്തിൽ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ആൻസമ്മ സാബു, ജോബിൻ പുതിയിടത്തുചാലിൽ, സജിമോൻ മിറ്റത്താനി തുടങ്ങിയവർ സംസാരിച്ചു.

**ഗ്ലോബൽ യൂത്ത് കൗൺസിൽ സന്ദർശനം**

യൂത്ത് കൗൺസിൽ ഗ്ലോബൽ ഭാരവാഹികൾ രൂപത യൂത്ത് കൗൺസിൽ ഭാരവാഹികളുമായി സംവദിക്കുന്നതിനായി സന്ദർശനം നടത്തി.

രാമപുരം പാരിഷ് ഹാളിൽ കൂടിയ യോഗത്തിൽ ഗ്ലോബൽ ഭാരവാഹികളായ ട്രീസ സെബാസ്റ്റ്യൻ, സിജോ ഇലന്തൂർ, ജോയ്സ് മേരി, ജോമോൻ മതിലകത്ത്, അനൂപ് പുന്നപ്പുഴ, രൂപത ഭാരവാഹികളായ എഡ്വിൻ പാമ്പാറ, ജോമി പറപ്പള്ളിൽ, ഡാനി തോമസ്, ജിനു മുട്ടപ്പള്ളിൽ, ബിബിൻ ബെന്നി ചാമക്കാലായിൽ, എമ്മാനുവൽ നിധീരി, റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോൺസൺ വീട്ടിയാങ്കൽ, ജോൺസൺ ചെറുവള്ളി, ആൻസമ്മ സാബു തുടങ്ങിയവർ സംബന്ധിച്ചു.

**അടുക്കളത്തോട്ടം മത്സരം 2023**

ഒമ്പതാമത് അടുക്കളത്തോട്ടമത്സരം സെപ്റ്റംബർ 20 മുതൽ ആരംഭിക്കുകയാണ്. ഡിസംബർ പകുതിയോടെ മാർക്കിടൽ നടത്തുന്ന വിധമാണ് സമയക്രമം ക്രമീകരിച്ചിരിക്കുന്നത്.

**ജൂബിലിമംഗളങ്ങൾ**

അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന് മെത്രാഭിഷേക ജൂബിലി മംഗളങ്ങൾ കത്തോലിക്കാ കോൺഗ്രസ് കുടുംബാംഗങ്ങൾ ഹൃദയപൂർവം നേരുന്നു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**വാർഷികാഘോഷങ്ങൾ**

വിവിധ ഇടവകകളിൽ സ്വയംസഹായസംഘങ്ങളുടെയും കർഷകദളങ്ങളുടെയും വാർഷികാഘോഷം, ഓണാഘോഷം, ഓണച്ചന്തകൾ എന്നിവ സംഘടിപ്പിച്ചു. വേദഗിരി കർഷക ഫെഡറേഷൻ, പെരിയപ്പുറം സ്വാശ്രയസംഘം, കുറിച്ചിത്താനം, രാമപുരം കടനാട്, മുട്ടുചിറ, ചെമ്മലമറ്റം തുടങ്ങി അമ്പതിലധികം ഇടവകകളിൽ വ്യത്യസ്തങ്ങളായ പരിപാടികൾ നടത്തി.

**ഓണവിപണി**

അഗ്രിമ പാലായിൽ 2023 ഓഗസ്റ്റ് 26,27,28 തീയതികളിൽ വട്ടവട പച്ചക്കറികൾ, നാടൻ ഇനങ്ങൾ, മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഓണവിപണി നടത്തി. അമ്പതിലധികം ഇടവകകളിൽ അഗ്രിമയിൽനിന്നുള്ള പച്ചക്കറിയിനങ്ങളും മറ്റ് ഉത്പന്നങ്ങളും കൊണ്ടു ഓണച്ചന്തകൾ നടത്തി. പരിപാടികളുടെ ഉദ്ഘാടനം ബഹു. എം.എൽ.എ. ശ്രീ മാണി സി കാപ്പൻ നിർവഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അധ്യക്ഷത വഹിച്ചു. പി.ആർ.ഒ. ഡാന്റീസ് കൂനാനിക്കൽ, ജോയി മടിക്കാങ്കൽ, സിബി കണിയാംപടി, ജോയി വട്ടക്കുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാമിലി ഡവലപ്മെന്റ് പ്രോഗ്രാം**

എസ്.എ.എഫ്.പി. യുടെ കുടുംബോദ്ധാരണപദ്ധതിയിൽ നിലവിൽ അംഗങ്ങളായ 125 കുടുംബങ്ങളിൽനിന്നും ആറു കുടുംബങ്ങളുടെ ആറുവർഷ കാലാവധി പൂർത്തിയാക്കി. അങ്ങനെ ഇപ്പോൾ 119 കുടുംബങ്ങളാണ് ആകെയുള്ളത്.

കുടുംബോദ്ധാരണപദ്ധതിയിലേക്കു പുതുതായി തിരഞ്ഞെടുക്കുന്ന 225 കുടുംബങ്ങളിലേക്ക് മാനദണ്ഡപ്രകാരമുള്ള 114 അർഹമായ അപേക്ഷകൾ ലഭിച്ചു. ഈ അപേക്ഷകളിൽനിന്നും 69 അപേക്ഷകരുടെ വീടുകൾ ഫീൽഡ് കോർഡിനേറ്ററും സോണൽ കോർഡിനേറ്ററും കൂടി സന്ദർശിക്കുകയും അവരുടെ മതിയായ രേഖകൾ ശേഖരിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി 60 അപേക്ഷകരുടെ രേഖകൾ അപ്ലോഡ് ചെയ്യുകയും 49 കുടുംബങ്ങൾക്ക് എൻ.ജി.ഒ. അപ്രൂവൽ നൽകുകയും എസ്.എ.എഫ്.പി. ഇൻഡ്യ ഓഫീസ് വെരിഫിക്കേഷനായി സമർപ്പിക്കുകയും ചെയ്തു.

**ജൽജീവൻ മിഷൻ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നിർവഹണ ഏജൻസിയായ ജൽജീവൻ മിഷൻ പദ്ധതിയുടെ ടാങ്കുകളുടെ നിർമാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തുവാൻ കഴിഞ്ഞു. 11 പഞ്ചായത്തുകളിലെ ജൽജീവൻ പദ്ധതി പൂർത്തീകരിച്ച് കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിച്ചു.

**സജീവം - ലഹരിവിരുദ്ധയജ്ഞം**

പാലാ സെന്റ് തോമസ് കോളജ് നാഷണൽ സർവീസ് സ്കീമിന്റെയും ആന്റി നർക്കോർട്ടിക്സ് ക്ലബിന്റെയും കാരിത്താസ് ഇന്ത്യയുടെയും സംയുക്താഭിമുഖ്യ

ത്തിൽ പി.എസ്.ഡബ്ല്യു.എസ്. കോളജിൽ സജീവം ലഹരി വിരുദ്ധയജ്ഞം ബോധവത്കരണക്ലാസ് നടത്തി. ഒന്നാംവർഷ ബിരുദവിദ്യാർത്ഥികൾക്കായി കോട്ടയം എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് ഇൻസ്പെക്ടർ ശ്രീ അൽഫോൻസ ജേക്കബ് യുവാക്കളിലെ ലഹരിയുപയോഗത്തെക്കുറിച്ചും അതിന്റെ വിവിധ ദൂഷ്യവശങ്ങളെക്കുറിച്ചും നർക്കോട്ടിക് ആക്ടിന്റെ വിവിധ വകുപ്പുകളെക്കുറിച്ചും ക്ലാസ് നയിച്ചു.

പാലാ ടെക്നിക്കൽ ഹൈസ്കൂളിൽ അഡാർട്ട് പാലായുമായി സഹകരിച്ചു രാസലഹരിയുപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും പരിഹാരമാർഗങ്ങളെക്കുറിച്ചും ക്ലാസുകൾ നയിച്ചു. 200 ഓളം കുട്ടികൾ പങ്കെടുത്തു. അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, പി.എസ്.ഡബ്ല്യു.എസ്. പ്രോജക്ട് ഓഫീസർ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

മുത്തോലപുരം സെന്റ് പോൾസ് ഹൈസ്കൂളിൽ ലഹരിവിരുദ്ധ ബോധവത്കരണക്ലാസുകൾ നടത്തി. പ്രോജക്ട് ഓഫീസർമാർ, റിസോഴ്സ് ടീം അംഗങ്ങൾ തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നൽകി.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)
**ഫാ. ജോസഫ് താഴത്തുവരിക്കയിൽ**
**ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ**
(അസി. ഡയറക്ടേഴ്സ്)

# ഡി.സി.എം.എസ്.

**രൂപത കമ്മിറ്റികൾ : ഓഗസ്റ്റ് 10 വഞ്ചനാദിനം**

1950 ഓഗസ്റ്റ് 10 ന് ഹിന്ദുമതവിശ്വാസികളായ പട്ടികജാതിക്കാർക്കു മാത്രമേ പട്ടികജാതിപരിരക്ഷ ലഭിക്കുകയുള്ളൂ എന്ന് ഇന്ത്യൻ പ്രസിഡന്റ് ഡോ. രാജേന്ദ്രപ്രസാദ് ഓർഡിനൻസിലൂടെ ഉത്തരവ് പുറപ്പെടുവിച്ചു. അന്നുമുതൽ ഹിന്ദുമതവിശ്വാസികളല്ലാത്ത പട്ടികജാതിയിൽ ഉൾപ്പെട്ടവർക്ക് ഈ പരിരക്ഷ നഷ്ടമായി. ഇക്കാരണത്താൽ 1950 ഓഗസ്റ്റ് 10 മുതൽ ദളിത് ക്രൈസ്തവർ വഞ്ചനാദിനമായി ആചരിക്കുന്നു. ഈ വസ്തുത പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഡി.സി.എം.എസ്. പാലാ രൂപതാകമ്മിറ്റിയുടെ നേതൃത്വത്തിൽ രൂപതയിയിലുടനീളം ഓഗസ്റ്റ് 8 ന് വാഹനപ്രചരണജാഥ നടത്താൻ തീരുമാനിച്ചു.

ജാഥയിലുടെ കേന്ദ്ര-സംസ്ഥാന സർക്കാരിനോടു നീതിനിഷേധം അവസാനിപ്പിക്കാൻ ആവശ്യപ്പെടുകയും കൂടാതെ 1950 ലെ പ്രസിഡൻഷ്യൽ ഓർഡർ റദ്ദുചെയ്യുക, മതവിവേചനം അവസാനിപ്പിക്കുക, കേന്ദ്ര ഗവൺമെന്റ് ദളിത്ക്രൈസ്തവർക്കു പട്ടികജാതിസംവരണം ലഭിക്കുന്നതിന് അനുകൂലമായ നിലപാട് സ്വീകരിക്കുക, ദളിത്ക്രൈസ്തവർക്ക് പട്ടികജാതിസംവരണം ലഭിക്കുന്നതിന് സംസ്ഥാനഗവണ്മെന്റ് കേന്ദ്രഗവണ്മെന്റിനോട് ശിപാർശ ചെയ്യുക, ദളിത് ക്രൈസ്തവ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വിദ്യാഭ്യാസ

വർഷാരംഭത്തിൽത്തന്നെ കൃത്യമായി വിതരണം ചെയ്യുക,ദളിത് ക്രൈസ്തവർ നേരിടുന്ന പീഡനങ്ങളിൽ ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിക്കുക, പരിവർത്തിത ക്രൈസ്തവ ശിപാർശിത വികസന കോർപ്പറേഷന്റെ പ്രവർത്തനത്തിന് 30 കോടി തുക അനുവദിക്കുക, കഴിഞ്ഞ 4 വർഷമായി മുടങ്ങിക്കിടക്കുന്ന ദളിത്ക്രൈസ്തവവിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എത്രയും വേഗം നല്കാൻ നടപടിയെടുക്കുക, എയ്ഡഡ്- അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാനേജ്മെന്റ്, കമ്മ്യൂണിറ്റി ക്വോട്ടയിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് പുനഃസ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു.

**ആലോചന കമ്മിറ്റികൾ**

ഓഗസ്റ്റ് 10 വഞ്ചനാദിനാചരണത്തിന്റെ ഭാഗമായി ഓഗസ്റ്റ് 8 നു നടത്തുന്ന വാഹനപ്രചാരണജാഥയുടെ കാര്യപരിപാടികൾ ആലോചിക്കാൻ ജൂലൈ 23, ഓഗസ്റ്റ് 6 എന്നീ തീയതികളിൽ ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ആലോചനാകമ്മിറ്റികൾ കൂടുകയും അതിൻപ്രകാരം ഓഗസ്റ്റ് 8 ചൊവ്വാഴ്ച ഒറ്റദിവസത്തെ വാഹനപ്രചാരണജാഥ നടത്താൻ തീരുമാനിച്ചു.

രക്ഷാധികാരി : ഫാ. ജോസ് വടക്കേക്കുറ്റ്

ജാഥാ ക്യാപ്റ്റൻ : ബിനോയ് ജോൺ

വൈസ് ക്യാപ്റ്റൻ : ജസ്റ്റിൻ മാത്യു, പി. ഓ. പീറ്റർ

ജാഥ കൺവീനർ : ബാബു പീറ്റർ, ബേബി ആന്റണി, ജോസി മോൻ തോമസ്

കമ്മിറ്റിയംഗങ്ങൾ : ബിജി അഗസ്റ്റിൻ, ഫെമിന സിബിച്ചൻ, ബിന്ദു ആന്റണി, ബിപിൻ ബേബി, മേരി എം.പി., ജോയ് മാത്യു, ഫ്രാൻസിസ് ജോസഫ്, സണ്ണി പി.എം., എം. സി. ജോസഫ്

മീഡിയ: ബിപി. മാത്യു

ജാഥ കടന്നുപോകുന്ന സ്ഥലങ്ങൾ : ചേർപ്പുങ്കൽ, പാലാ, ഭരണങ്ങാനം, അരുവിത്തുറ, ഉള്ളനാട്, കൊല്ലപ്പള്ളി, പിഴക്, രാമപുരം, പിറവം, ഇലഞ്ഞി, കടത്തുരുത്തി, മുട്ടുചിറ, കുറുപ്പന്തറ, കുറവിലങ്ങാട്.

**അടിയന്തര രൂപത കൗൺസിൽ**

ഓഗസ്റ്റ് 10 വഞ്ചനദിനാചരണത്തിന്റെ ഭാഗമായി നടത്തുന്ന വാഹന പ്രചാരണജാഥയുടെ നടത്തിപ്പിന്റെ ഭാഗമായി ജാഥാ സ്വീകരണകേന്ദ്രങ്ങളെയും, അവിടെ ചെയ്യേണ്ട കാര്യങ്ങളെയുംകുറിച്ചു വിശദീകരിക്കാൻ ഒരു അടിയന്തര രൂപത കൗൺസിൽ ജൂലൈ 30 ന് ശലോം പാസ്റ്ററൽ സെന്ററിൽ വച്ച് ബഹു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് നേതൃത്വം നല്കി രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.

**ജോസഫ് കൊച്ചുപറമ്പിൽ അച്ചൻ അനുസ്മരണം**

ഡി.സി.എം.എസ്. സംഘടനയുടെ സംസ്ഥാന ഡയറക്ടറായി 33 വർഷം സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട ജോസഫ് കൊച്ചുപറമ്പിലച്ചന്റെ ചരമദിനമായ ഓഗസ്റ്റ് 3 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് വിജയപുരം വിമലഗിരി പള്ളിയിൽ നടത്തിയ

വിശുദ്ധ കുർബാനയിലും തുടർന്ന് കബറിടത്തിൽ നടത്തിയ ഒപ്പീസിലും, അനുസ്മരണസമ്മേളനത്തിലും രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, പ്രസിഡന്റ് ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി എന്നിവർ പങ്കെടുത്തു.

**ഓഗസ്റ്റ് 8 വാഹനപ്രചാരണ ജാഥ**

**ചേർപ്പുങ്കൽ:**

ഓഗസ്റ്റ് 10 വഞ്ചനാദിനത്തിനു മുന്നോടിയായി ഡി.സി.എം.എസ്. പാലാ രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ വാഹനപ്രചാരണ വിളംബര ജാഥ ചേർപ്പുങ്കൽ കുരിശുപള്ളി കവലയിൽ രാവിലെ 9 മണിക്ക് ഡി.സി.എം.എസ്. സംസ്ഥാന-രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്തു. ചേർപ്പുങ്കൽ മേഖല ഡി.സി.എം.എസ്. ഡയറക്ടർ ഫാ. ചാൾസ് ജാഥ ഫ്ളാഗ് ഓഫ് ചെയ്യുകയും, പതാക ജാഥാ ക്യാപ്റ്റൻ ശ്രീ ബിനോയ് ജോണിന് കൈമാറുകയും ചെയ്തു. ജാഥാ വൈസ് ക്യാപ്റ്റൻ ജസ്റ്റിൻ മാത്യു ജാഥയുടെ ലക്ഷ്യങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. ജാഥാ കൺവീനർ ബാബു പീറ്റർ യോഗത്തിനു സ്വാഗതം ആശംസിച്ചു. രൂപതാ കമ്മിറ്റിയംഗം സണ്ണി പി.എം. കൃതജ്ഞത അർപ്പിച്ചു. കുര്യാക്കോസ് ടി.ഡി., സാലി എന്നിവർ ജാഥാ ക്യാപ്റ്റൻ, വൈസ് ക്യാപ്റ്റൻ എന്നിവരെ മാല ഇട്ടു സ്വീകരിച്ചു.

**പാലാ**

പാലായിലെത്തിയ വാഹനപ്രചാരണജാഥയ്ക്ക് പാലാ മേഖല കമ്മിറ്റി സ്വീകരണം നല്കുകയും ജാഥാ ക്യാപ്റ്റനെയും വൈസ് ക്യാപ്റ്റനെയും വലവൂർ യൂണിറ്റ് അംഗങ്ങളായ ശ്രീ സിജോ, ശ്രീമതി റോസിലി ജോസുകുട്ടി എന്നിവർ മാലയിട്ടു സ്വീകരിക്കുകയും, പാലാ ളാലം താഴത്തുപള്ളി വികാരി ഫാ. ജോസഫ് തടത്തിൽ അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു.

**ഭരണങ്ങാനം**

ഭരണങ്ങാനം മേഖലയിലെത്തിയ വാഹനപ്രചരണജാഥക്ക് ഭരണങ്ങാനം മേഖല കമ്മിറ്റി സ്വീകരണം നല്കുകയും ജാഥാ ക്യാപ്റ്റനെ ശ്രീ എം.സി. ജോസഫ് മാലയിട്ടു സ്വീകരിക്കുകയും ചെയ്തു. ശ്രീ ജസ്റ്റിൻ മാത്യു, ഫ്രാൻസിസ് ജോസഫ്, ബിനോയ് ജോൺ എന്നിവർ പ്രസംഗിച്ചു.

**അരുവിത്തുറ**

അരുവിത്തുറയിൽ എത്തിയ വാഹനപ്രചാരണജാഥയ്ക്ക് അരുവിത്തുറ മേഖല കമ്മിറ്റി സ്വീകരണം നല്കുകയും ജാഥാ ക്യാപ്റ്റനെ മേഖല പ്രസിഡന്റ് ശ്രീ രാജു കെ.പി. മാലയിട്ട് സ്വീകരിക്കുകയും ചെയ്തു. ജാഥ കൺവീനർ ബാബു പീറ്റർ പ്രസംഗിച്ചു.

**ഉള്ളനാട്**

ഉള്ളനാട് ഇടവകയിലെത്തിയ വാഹനപ്രചാരണജാഥയ്ക്ക് ഉള്ളനാട് ഇടവക കമ്മിറ്റി സ്വീകരണം നല്കുകയും ജാഥാ ക്യാപ്റ്റനെയും വൈസ് ക്യാപ്റ്റനെയും സ്വീകരിക്കുകയും ചെയ്തു. ശ്രീ ജോസിമോൻ തോമസ്, ജസ്റ്റിൻ മാത്യു എന്നിവർ പ്രസംഗിച്ചു.

**കൊല്ലപ്പള്ളി**

കൊല്ലപ്പള്ളിയിലെത്തിയ വാഹനപ്രചാരണജാഥയുടെ ജാഥാ ക്യാപ്റ്റനെയും വൈസ് ക്യാപ്റ്റനെയും ശ്രീ കെ.റ്റി. തങ്കച്ചൻ, ഷാജി എന്നിവർ മാലയിട്ടു സ്വീകരിച്ചു. തുടർന്ന് ജാഥ വൈസ് ക്യാപ്റ്റൻ ജസ്റ്റിൻ മാത്യു, കൺവീനർ ബേബി ആന്റണി എന്നിവർ പ്രസംഗിച്ചു.

**കടനാട്**

കടനാട് മേഖലയിലെത്തിയ വാഹനപ്രചാരണജാഥയ്ക്ക് കടനാട് മേഖല കമ്മിറ്റി സ്വീകരണം നല്കി. കടനാട് ഫൊറോനപ്പള്ളി വികാരി ഫാ. അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുര, സ്കറിയ വേകത്താനം, മധു നിരപ്പേൽ, ടോണി, ഷാന്റി, ലിസി തങ്കച്ചൻ മുതലായവർ ജാഥ ക്യാപ്റ്റനെ മാലയിട്ടു സ്വീകരിച്ചു. ജാഥ വൈസ് ക്യാപ്റ്റൻ ജസ്റ്റിൻ മാത്യു പ്രഭാഷണം നടത്തി.

**പിഴക്**

പിഴക് ഇടവകയിലെത്തിയ വാഹനപ്രചാരണജാഥയ്ക്ക് പിഴക് കമ്മറ്റി സ്വീകരണം നല്കുകയും ജാഥാ ക്യാപ്റ്റനെ എ.പി.ജോസഫ് മാലയിട്ടു സ്വീകരിക്കുകയും ചെയ്തു. രക്ഷാധികാരി ഫാ. ജോസ് വടക്കേക്കുറ്റ്, വൈസ് ക്യാപ്റ്റൻ ജസ്റ്റിൻ മാത്യു, ഫാ. സ്കറിയ വേകത്താനം, മേരി എം.പി. എന്നിവർ പ്രസംഗിച്ചു.

**രാമപുരം**

രാമപുരം മേഖലയിലെത്തിയ വാഹനപ്രചാരണജാഥയ്ക്ക് രാമപുരം മേഖല കമ്മിറ്റി സ്വീകരണം നല്കുകയും ജാഥാ ക്യാപ്റ്റനെ രാമപുരം മേഖല ഡയറക്ടർ ഫാ. ആന്റണി വഴക്കാലായിൽ, മേഖല പ്രസിഡന്റ് മണി ഒ.എസ്. എന്നിവർ മാലയിട്ടു സ്വീകരിക്കുകയും ജസ്റ്റിൻ മാത്യു, ഫാ. ജോസ് വടക്കേക്കുറ്റ്, ബിനോയ് ജോൺ എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

**പിറവം**

പിറവം ഇടവകയിലെത്തിയ വാഹനപ്രചാരണജാഥയ്ക്ക് പിറവം ഇടവക കമ്മിറ്റി സ്വീകരണം നല്കുകയും ഇടവകവികാരി ഫാ. സെബാസ്റ്റ്യൻ കണിയാംപടി, യുണിറ്റ് പ്രസിഡന്റ് ലിജോ കെ. ജോയി, വൈസ് പ്രസിഡന്റ് അജി ചാക്കോ എന്നിവർ മാലയിട്ടു സ്വീകരിക്കുകയും ചെയ്തു. തുടർന്ന് ഫാ. സെബാസ്റ്റ്യൻ കണിയാംപടി, ജാഥ വൈസ് ക്യാപ്റ്റൻ ജസ്റ്റിൻ മാത്യു, ജാഥ ക്യാപ്റ്റൻ ബിനോയ് ജോൺ എന്നിവർ പ്രസംഗിച്ചു.

**ഇലഞ്ഞി**

ഇലഞ്ഞി മേഖലയിലെത്തിയ വാഹനപ്രചാരണജാഥ ക്യാപ്റ്റൻ ശ്രീ ബിനോയ് ജോണിനെ ഇലഞ്ഞി മേഖല പ്രസിഡന്റ് ശ്രീ ഇ.എം. പൈലി, ഇലഞ്ഞി യുണിറ്റ് പ്രസിഡന്റ് ബെന്നി ജോസഫ് എന്നിവർ മാലയിട്ടു സ്വീകരിച്ചു. ജാഥാ വൈസ് ക്യാപ്റ്റൻ ശ്രീ ജസ്റ്റിൻ മാത്യു, രക്ഷാധികാരി ഫാ. ജോസ് വടക്കേക്കുറ്റ്, ജാഥാ ക്യാപ്റ്റൻ ബിനോയ് ജോൺ എന്നിവർ പ്രസംഗിച്ചു.

**കടുത്തുരുത്തി**

കടുത്തുരുത്തിയിലെത്തിയ വാഹനപ്രചാരണജാഥയെ കടുത്തുരുത്തി ജംഗ്ഷനിൽ ജാഥാ വൈസ് ക്യാപ്റ്റൻ ശ്രീ ജസ്റ്റിൻ മാത്യു അഭിസംബോധന ചെയ്തു പ്രസംഗിച്ചു.

**മുട്ടുചിറ**

മുട്ടുചിറമേഖലയിലെത്തിയ വാഹനപ്രചാരണജാഥയ്ക്ക് മുട്ടുചിറ മേഖല കമ്മിറ്റി സ്വീകരണം നല്കുകയും ജാഥാ ക്യാപ്റ്റനെ മുട്ടുചിറ മേഖല പ്രസിഡന്റ് ശ്രീ വി.വി. തോമസ്, മേഖല സെക്രട്ടറി മേഴ്സി സെബാസ്റ്റ്യൻ, സി. പി. ബിൻസൺ, സെബാസ്റ്റ്യൻ വി.റ്റി. എന്നിവർ മാലയിട്ട് സ്വീകരിക്കുകയും ചെയ്തു. ജാഥാ ക്യാപ്റ്റൻ ശ്രീ ബിനോയ് ജോൺ പ്രസംഗിച്ചു.

**കുറുപ്പന്തറ**

കുറുപ്പന്തറയിലെത്തിയ വാഹനപ്രചാരണജാഥയ്ക്ക് കോതനല്ലൂർ മേഖല കമ്മിറ്റി സ്വീകരണം നല്കുകയും ജാഥാ ക്യാപ്റ്റനെ രൂപത കമ്മിറ്റി അംഗങ്ങളായ ഫ്രാൻസിസ് ജോസഫ്, ബിപിൻ ബേബി എന്നിവർ സ്വീകരിക്കുകയും ചെയ്തു. വൈസ് ക്യാപ്റ്റൻ ജസ്റ്റിൻ മാത്യു പ്രസംഗിച്ചു.

**കുറവിലങ്ങാട്**

ജാഥയുടെ അവസാനസ്വീകരണസ്ഥലമായ കുറവിലങ്ങാട് മേഖലയിൽ കുറവിലങ്ങാട് മേഖല ഓർഗനൈസർ സി.ഒ. വർക്കി, ജോസഫ് സി.ഒ., സ്ലേമോൻ ഇ. പി. ജോസഫ് കപ്പിലാംതൊട്ടിയിൽ എന്നിവർ സ്വീകരിച്ചു. ശ്രീമതി മേരി എം.പി., ജാഥാ വൈസ് ക്യാപ്റ്റൻ ശ്രീ ജസ്റ്റിൻ മാത്യു, ജാഥാ ക്യാപ്റ്റൻ ശ്രീ ബിനോയ് ജോൺ, ജാഥാ രക്ഷാധികാരി ഫാ. ജോസ് വടക്കേക്കുറ്റ് എന്നിവർ പ്രസംഗിച്ചു. രൂപത സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി ജാഥ നയിച്ചവർക്കും ജാഥയിൽ പങ്കെടുത്തവർക്കും നന്ദി അർപ്പിച്ചു. കുറവിലങ്ങാട് ഫൊറോനപ്പള്ളി ആർച്ച് പ്രീസ്റ്റ് റവ. ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ സ്നേഹവിരുന്ന് ഒരുക്കിയിരുന്നു.

**ഓഗസ്റ്റ് 10 വഞ്ചനാദിനം**

ഓഗസ്റ്റ് 10 വഞ്ചനാദിനത്തിന്റെ ഭാഗമായി ഡി.സി.എം.എസ്. സംസ്ഥാന സമിതിയും, സി.എസ്.ഐ. മധ്യകേരളമഹാ ഇടവകയും ചേർന്നു സംയുക്തമായി കോട്ടയം തിരുനക്കര ഗാന്ധി സ്ക്വയറിൽ നടത്തിയ പ്രതിഷേധധർണ്ണയിൽ രൂപതയിൽനിന്നു രൂപത പ്രസിഡന്റ് ബിനോയ് ജോൺ, ഓർഗനൈസർ ബേബി ആന്റണി, സെക്രട്ടറി ബിന്ദു ആന്റണി, സ്റ്റേറ്റ് സെക്രട്ടറി ബിജി സാലസ് എന്നിവരെ കൂടാതെ നിരവധി രൂപതാംഗങ്ങളും പങ്കെടുത്തു. സമ്മേളനം സി.എസ്.ഐ. മധ്യകേരളമഹാ ഇടവക ബിഷപ് റൈറ്റ് റവ. ഡോ. മലയിൽ സാബു കോശി ചെറിയാൻ ഉദ്ഘാടനം ചെയ്തു. K.C.B.C/SC/ST/BC കമ്മീഷൻ ചെയർമാൻ ബിഷപ് ഗീവർഗീസ് മാർ അപ്രേം പിതാവ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഡി.സി.എം.എസ്. സംസ്ഥാന അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം, സംസ്ഥാന പ്രസിഡന്റ് ശ്രീ ജെയിംസ് ഇലവുങ്കൽ എന്നിവർ പ്രസംഗിച്ചു.

**കുടുംബസംഗമവും വാർഷികസമ്മേളനവും**

കാവുംകണ്ടം ഇടവകയിലെ ഡി.സി.എം.എസ്. കുടുംബസംഗമവും വാർഷികസമ്മേളനവും ഓഗസ്റ്റ് 6 ഞായറാഴ്ച വൈകുന്നേരം കാവുംകണ്ടം പള്ളി പാരിഷ് ഹാളിൽ വച്ചു നടത്തി. പ്രസിഡന്റ് ലൈജു ജോസഫ് അദ്ധ്യക്ഷത വഹിച്ചു. യോഗം ഡി.സി.എം. എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്തു. വികാരി സ്കറിയ വേകത്താനം ആമുഖപ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ബിനോയ് ജോൺ മുഖ്യപ്രഭാഷണം നടത്തി. മേഖല പ്രസിഡന്റ് മധു സെബാസ്റ്റ്യൻ, ബേബി ആന്റണി, ജിത്തു കുന്നുംപുറത്ത്, ജയ ലൈജു, ബെന്നി കുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു.

**മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന് ആദരവ്**

രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ സാന്നിധ്യത്തിൽ, രൂപത പ്രസിഡന്റ് ബിനോയ് ജോൺ, സെക്രട്ടറി ബിന്ദു ആന്റണി, ഓർഗനൈസർ ബേബി ആന്റണി, ഖജാൻജി മേരി എം.പി., കമ്മിറ്റിയംഗങ്ങളായ പി. ഒ. പീറ്റർ, ജോസിമോൻ തോമസ് എന്നിവർ മെത്രാഭിഷേക സുവർണ്ണജൂബിലി ആഘോഷിക്കുന്ന മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനെ കണ്ടു ബൊക്കെ നല്കുകയും പിതാവിനെ പൊന്നാട അണിയിക്കുകയും ചെയ്തു.

**ജസ്റ്റിസ് സൺഡേ ആചരണങ്ങൾ**

ഡി.സി.എം.എസ് പാലാ രൂപത കമ്മിറ്റിയുടെ നിർദേശപ്രകാരം ഓരോ ഇടവകയിലെയും വിവിധ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ ജസ്റ്റിസ് സൺഡേ ആചരിക്കാൻ ആഹ്വാനം ചെയ്തതിൻപ്രകാരം രൂപതയിലെ മുട്ടുചിറ, കരൂർ, രാമപുരം, കടനാട്, മുണ്ടാങ്കൽ, മരങ്ങോലി, യുണിറ്റുകൾ ജസ്റ്റിസ്സൺ ഡേ ആചരണങ്ങൾ ഇടവകകളിൽ നടത്തുകയുണ്ടായി.

**രൂപത കമ്മറ്റി**

ഓഗസ്റ്റ് മാസത്തെ രൂപത കമ്മിറ്റി ഓഗസ്റ്റ് 20 ഞായറാഴ്ച രാവിലെ 10.30 ന് പാലാ ശലോം പാസ്റ്ററൽ സെന്ററിൽ കൂടുകയുണ്ടായി. കമ്മിറ്റിയിൽ ഓഗസ്റ്റ് 8 ലെ വാഹനപ്രചാരണ ജാഥ അവലോകനം നടത്തുകയും പാലാ രൂപത മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി, വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിട ത്തിങ്കലേക്കുള്ള തീർത്ഥാടനപദയാത്ര എന്നിവയെക്കുറിച്ചു ചർച്ച ചെയ്യുകയു മുണ്ടായി.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. മീറ്റിംഗ്**

12-8-2023 ശനിയാഴ്ച എല്ലാ കെയർ ഹോംസ് സ്ഥാപന അധികാരികളുടെയും മീറ്റിംഗ് കൂടി ചർച്ചകൾ നടത്തി.

**2.** 17-8-2023 എസ്.എം.എസ് ജനറലേറ്റിൽവച്ച് സ്ഥാപന അധികാരികൾക്കു വേണ്ടി ക്ലാസ് നടത്തി.

**3.** 19-8-2023 പുലിയന്നൂർ ഡി.സി.എം.ആർ സ്പെഷൽ സ്കൂളിലെ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**മീറ്റിംഗ്**

12-08-2023 ശനിയാഴ്ച കെ.എൽ.എം. എക്സിക്യൂട്ടീവ് അംഗങ്ങളുടെ മീറ്റിംഗ് കൂടി.

**2. ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിതത്തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽത്തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെക്കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ബോധവത്കരണക്ലാസുകൾ**

സെന്റ് ജോർജ് എച്ച്.എസ്.എസ്., ജി.എച്ച്.എസ്. അരുവിത്തുറ (11.7.2023)
ഏറ്റുമാനൂരപ്പൻ കോളജ് (27.7.2023)
സെന്റ് തോമസ് സൺഡേ സ്കൂൾ, അറക്കുളം (6.8.2023)
ഗവ. ടെക്നിക്കൽ എച്ച്.എസ്., പാലാ (9.8.2023)
ബി.വി.എം. കോളജ്, ചേർപ്പുങ്കൽ (17.8.2023)

**പച്ചക്കറിത്തൈ വിതരണം**

അഡാർട്ടിന്റെ ആഭിമുഖ്യത്തിൽ 6.8.2023 ഞായറാഴ്ച ഉച്ചയ്ക്ക് 2 ന് അടുക്കളത്തോട്ടം എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീമതി സ്നേഹലത മാത്യൂസ് (അസി. സോയിൽ കെമിസ്റ്റ്, ജില്ലാ സോയിൽ ടെസ്റ്റിംഗ് ലാബ്, കോഴാ), ക്ലാസ്സെടുക്കുകയും വിവിധയിനം പച്ചക്കറിത്തൈകൾ വിതരണം ചെയ്യുകയും ചെയ്തു.

**എ.എ., അൽ-അനോൺ, അൽ-അറ്റീൻ സംഗമം**

അഡാർട്ടിന്റെ റൂബി ജൂബിലിയുടെ ഭാഗമായി 1.8.2023 ഞായറാഴ്ച ഉച്ചയ്ക്ക് 2 ന് എ.എ, അൽ-അനോൺ, അൽ-അറ്റീൻ സംഗമം നടത്തി. ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മാണി

സി. കാപ്പൻ എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. ഫാ. മാത്യു പുതിയിടത്ത് ആശംസാപ്രസംഗം നടത്തി.

**സ്വാതന്ത്ര്യദിനാഘോഷം**

അഡാർട്ടിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 15 ന് സ്വാതന്ത്ര്യദിനാഘോഷം നടത്തി. ഫാ. ജെയിംസ് പൊരുന്നോലിൽ ദേശീയപതാക ഉയർത്തി. അഡാർട്ട് കുടുംബാംഗങ്ങളും അന്തേവാസികളും പ്രതിജ്ഞ ഏറ്റുചൊല്ലി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1.** തിങ്കൾ, ചൊവ്വാ, ബുധൻ, വ്യാഴം ദിവസങ്ങളിൽ ഷലോം പാസ്റ്ററൽ സെന്ററിൽ മദ്ധ്യസ്ഥപ്രാർത്ഥന നടന്നു.

**2 ഇവാഞ്ചലൈസേഷൻ സിസ്റ്റേഴ്സ് കൂട്ടായ്മ**

19-08-2023 ൽ ളാലം പുത്തൻപള്ളിയിൽ വച്ചു നടത്തി.

**3.** 26.08.2023 ൽ വിവാഹ ഒരുക്കസെമിനാറിൽ ക്ലാസ്സെടുത്തു

**4.** റീജൻസി ബ്രദേഴ്സിന് 24.08.2023 ൽ മാസധ്യാനം നടത്തി.

**5.** 12.08.23 ന് മുട്ടുചിറ പള്ളിയിൽ സായാഹ്ന കൺവെൻഷൻ നടത്തി.

**6. തെരുവുശുശ്രൂഷ**

04-08-2023 തുടങ്ങനാട്

08-08-2023 കടനാട്

19-08-2023 കയ്യൂർ

24-08-2023 നാരകക്കാനം: ഇടുക്കി റിട്ട. എസ്.ഐ റ്റി.എം മാത്യു നേതൃത്വം നൽകി. ജോബി മാത്യു, ജോയി ജേക്കബ്, മനോജ് എന്നിവർ പങ്കെടുത്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വെള്ളിയാഴ്ചശുശ്രൂഷകൾ**

ബഹുമാനപ്പെട്ട ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.15 മണി മുതൽ ഉച്ചയ്ക്കു 2.15 വരെയും ജപമാല, സ്തുതി ആരാധന, വിശുദ്ധകുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നീ ശുശ്രുഷകൾ നടത്തപ്പെടുന്നു.

ഓഗസ്റ്റ് മാസത്തിൽ ബ്രദർ ബിനു ജേക്കബ് വാഴേപ്പറമ്പിൽ, ബ്രദർ ബോണി സെബാസ്റ്റ്യൻ മാടയ്ക്കൽ, റവ.ഫാ. ജോസഫ് പരവുമ്മേൽ എന്നിവർ ഓരോ ആഴ്ചയിലും വചനശുശ്രൂഷയ്ക്കു നേതൃത്വം നൽകി.

**2. കരിസ്മാറ്റിക് സംഗമം**

പാലാ സോണൽ സേവനസമിതി ഡയറക്ടർ റവ. ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ പാലാ കിഴതടിയൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ

വച്ച് ഓഗസ്റ്റ് 5 ആദ്യശനി രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 2 വരെ കരിസ്മാറ്റിക് സംഗമം നടത്തപ്പെട്ടു. സി. മേരി ക്ലെയർ എഫ്.സി.സി, കണ്ണൂർ വചനസന്ദേശം നൽകി വിശുദ്ധ കുർബാന, ദിവ്യകാരുണ്യ ആരാധന, എല്ല മിനിസ്റ്ററികളുടെയും മീറ്റിംഗ് എന്നിങ്ങനെ ശുശ്രൂഷകൾ നടത്തിപ്പെട്ടു.

**3. രാത്രി ആരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടന ദൈവാലയ ത്തിൽ വച്ച് നടന്നുവരുന്ന രാത്രി ആരാധന വൈകിട്ട് 7 മുതൽ രാവിലെ 5 വരെ നടത്തപ്പെട്ടു. ഓഗസ്റ്റ് 26 ശനി റവ. ഫാ. ജെയ്സൺ കാഞ്ഞിരംപാറയിൽ MCBS വചനശുശ്രൂഷയും ആരാധനയും നയിച്ചു.

തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, കരിസ് മാറ്റിക് രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, രൂപത സേവന സമിതി അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**4. ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാർ (LSS)**

അരുവിത്തുറ സബ് സോണിൽ എല്ലാ ബുധനാഴ്ചകളിലും ഒരു മണി മുതൽ 4 മണി വരെയായി 7 ആഴ്ചകൾകൊണ്ട് പൂർത്തിയാകുന്ന LSS സെമിനാർ നടന്നുകൊണ്ടിരിക്കുന്നു.

**5. ജൂബിലേവൂസ് 2026**

കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന ദിനമായി നല്കപ്പെട്ടിരിക്കുന്ന ഓഗസ്റ്റ് 7 വെള്ളി അരുവിത്തുറ സെന്റ് ജോർജ് ദൈവാലയത്തിൽ വച്ച് ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി ബ്രദർ സന്തോഷ് തലച്ചിറ (ജോയിന്റ് കോർ ഓർഡിനേറ്റർ KCSC) വചനശുശ്രൂഷ നൽകുകയുണ്ടായി.

**6.** പാലാ സോൺ ലോർഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ദമ്പതിസംഗമം നടത്തപ്പെടുകയുണ്ടായി.

**7.** പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി ചക്കാമ്പുഴ ദൈവാലയത്തിൽ വച്ച് ഓഗസ്റ്റ് 26 മുതൽ 3 ദിവസം സൺഡേസ്കൂൾ കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുകയുണ്ടായി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1. രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യ പ്രഘോഷണധ്യാനം**

രാവിലെ 9 മണിക്ക് ആരംഭിച്ച്, മദ്ധ്യസ്ഥപ്രാർത്ഥന, നിയോഗസമർപ്പണം, 10 മണി മുതൽ അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടു

കൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - ആഗസ്റ്റ് 12 ന് മൗണ്ട് നെബോ ആബാ ഭവനത്തിൽ വച്ച് നടത്തി.

2. ഗുഡ്നെസ് ടി.വി. യിലെ ഡിവൈൻ വോയ്സ് പരിപാടിക്കായി മുരിങ്ങൂർ ഡിവൈൻ സ്റ്റുഡിയോയിൽ വച്ച്, ആഗസ്റ്റ് 16-17 തീയതികളിൽ 18 സെഷൻസ് റെക്കോർഡിംഗ് നടത്തി.

3. ആഗസ്റ്റ് 27 മുതൽ സെപ്റ്റംബർ 2 വരെ തീയതികളിൽ, മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിനദൈവരാജ്യാനുഭവധ്യാനം നടത്തി.

4. മൗണ്ട് നെബോ ആബാഭവനത്തിൽ നടത്തപ്പെടുന്ന ദൈവരാജ്യാനുഭവ ധ്യാനത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾ മാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ പ്രക്ഷേപണം ചെയ്യുന്നു.

5. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത നാലു മാസത്തെ ശുശ്രൂഷകൾ താഴെപ്പറയും വിധമായിരിക്കും:

2023 സെപ്റ്റ 9, 9 am - 3 pm ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം
2023 സെപ്റ്റ 17, 5 pm - 23, 9 am പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം
2023 ഒക്ടോബർ 14, 9 am - 3 pm ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം
2023 നവംബർ 11, 9 am - 3 pm: ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം
2023 നവംബർ 16, 5 pm - 22, 9 am: പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം
2023 ഡിസംബർ 9, 9 am - 3 pm: ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം
2023 ഡിസംബർ 26, 5 pm - 2024 ജനു 1, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ബുക്കിംഗിന്: 9847472522; 7306371028.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. ഭാഷാപദ്ധതി**

വിളക്കുമാടം ഹൈസ്കൂളിൽ ഭാഷാപദ്ധതി നടത്തി.

**2. തിരഞ്ഞെടുപ്പ്**

തുടങ്ങനാട് ഇടവകയിൽ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**3. പത്രപ്രചാരണം**

ളാലം ഓൾഡ്, മീനച്ചിൽ എന്നീ ഇടവകകളിൽ ഡി.എഫ്.സി വർക്ക് നടത്തി.

**4. ദീപികപ്പത്ര പ്രചാരണം**

അരുവിത്തുറ, ഭരണങ്ങാനം, ചേർപ്പുങ്കൽ, കൂട്ടിക്കൽ, പൂഞ്ഞാർ, കത്തീഡ്രൽ, കുറവിലങ്ങാട്, കടനാട്, കടുത്തുരുത്തി, മുട്ടുചിറ, പ്രവിത്താനം, തീക്കോയി എന്നീ ഫൊറോനകളിലെ 34 ഇടവകകളിൽ ഡി.എഫ്.സി വർക്ക് നടത്തി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. ഉപദേശകസമിതിയോഗങ്ങൾ**

ഇൻഫാം പാലാ കാർഷികജില്ലാ ഉപദേശകസമിതിയുടെ യോഗങ്ങൾ ഓഗസ്റ്റ് 8, 18 തീയതികളിൽ അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഡയറക്ടർ ഫാ. ജോസ് തറപ്പേലിന്റെ അധ്യക്ഷതയിൽ കൂടി. കർഷകരുടെ പ്രശ്നങ്ങൾ, പ്രതിവിധികൾ എന്നിവ സംബന്ധിച്ചു, പാലാ എപ്പാർക്കിയൽ അസംബ്ലിയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ട നിർദേശങ്ങളെപ്പറ്റി പ്രസ്തുത യോഗങ്ങളിൽ വിശദമായി ആലോചിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. നിർദേശങ്ങൾ തയ്യാറാക്കി 31-08-2023 നകം രൂപതാകേന്ദ്രത്തിൽ സമർപ്പിക്കുന്നതിന് യോഗം തീരുമാനിച്ചു. ഫാ. ജോസ് തറപ്പേൽ, പ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാക്കുടിയിൽ, ശ്രീ ജെയിംസ് വടക്കൻ, ശ്രീ കെ.എസ്. മാത്യു മാമ്പറമ്പിൽ എന്നിവർ ചർച്ചകൾക്കു നേതൃത്വം കൊടുത്തു.

**കർഷകസമ്മേളനം**

കോട്ടയം അതിരൂപതയുടെ ആഭിമുഖ്യത്തിൽ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് ഓഗസ്റ്റ് 5 നു നടത്തിയ കർഷകസമ്മേളനത്തിൽ പാലാ കർഷകജില്ലാ ഡയറക്ടർ ഫാ.ജോസ് തറപ്പേൽ, കർഷകപ്രശ്നങ്ങളെ സംബന്ധിച്ചു ക്ലാസ്സെടുത്തു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## റവ. സി. ബെസിൽ മരിയ എഫ്.സി.സി.

പാലാ രൂപതയിൽ പറത്താനം ഇടവകയിൽ പരേതനായ ചാക്കോ- ഏലിയാമ്മ ദമ്പതികളുടെ 12 മക്കളിൽ മൂന്നാമത്തെ സന്താനമായി 27-03-1938 ൽ ബെസിൽ മരിയാമ്മ ഭൂജാതയായി. ഭരണങ്ങാനം എസ്.എച്ച്. ജി.എച്ച്.എസിലെ വിദ്യാഭ്യാസത്തിനുശേഷം സമർപ്പിതജീവിതം നയിക്കണമെന്നുള്ള അതിയായ ആഗ്രഹത്താൽ 1958 ൽ ചെമ്മലമറ്റം ക്ലാരമഠത്തിൽ അർത്ഥിനിയായി ചേർന്നു. 26.4.1960 ൽ സഭാവസ്ത്രസ്വീകരണവും 2.5.1960 ൽ പ്രഥമവ്രതവാഗ്ദാനവും 1963 ൽ നിത്യവ്രതവാഗ്ദാനവും നടത്തി. 2010 ൽ സന്ന്യാസസമർപ്പണത്തിന്റെ സുവർണ ജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും അമ്മയ്ക്കു ലഭിച്ചു.

1966 ൽ റ്റി.റ്റി.സി. പാസ്സായ അമ്മ 26 വർഷം അധ്യാപികയായി സേവനമനുഷ്ഠിച്ചു. ദൈവദാസി കൊളേത്താമ്മയെ മരണസമയത്ത് ഒരുക്കി വിടാനുള്ള ഭാഗ്യം ലഭിച്ചതായി ബഹു. ബെസിൽ മരിയാമ്മ സന്തോഷത്തോടെ പറയാറുണ്ടായിരുന്നു.

To serve others എന്ന motto സ്വീകരിച്ച അമ്മ ഫാത്തിമാമിഷൻ ഹോസ്പിറ്റൽ കൊഴുവനാൽ, ഭരണങ്ങാനം, പാലാ അൽഫോൻസാ ഹോസ്റ്റൽ, മഞ്ഞാമറ്റം, പാളയം, അമ്പാറനിരപ്പേൽ, പെരിങ്ങുളം, മണിയംകുന്ന്, മലയിഞ്ചിപ്പാറ, വേലത്തുശ്ശേരി, പച്ചിക്കൽ, അരുവിത്തുറ ഹോസ്റ്റൽ, കൈപ്പള്ളി, അറക്കുളം എന്നീ മഠങ്ങളിൽ സുപ്പീരിയർ, ട്രഷറർ, കൗൺസിലർ, മെസ് മാനേജർ, സങ്കീർത്തിക്കാരി എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പരിശുദ്ധ അമ്മയോട് അതീവഭക്തി പ്രകടിപ്പിച്ചിരുന്ന ബെസിൽ മരിയാമ്മ തന്റെ രോഗക്കിടക്ക

യിലും നിരന്തരം ജപമാലപ്രാർത്ഥനയിലൂടെ അനേകർക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിച്ചിരുന്നു.

നന്മനിറഞ്ഞ ഒരു മനസ്സും, പരാതിയും പരിഭവവുമില്ലാത്ത ഒരു ജീവിതവുമായിരുന്നു അമ്മയുടെ മുഖമുദ്ര. Love for give unconditionally എന്ന സന്ദേശം അമ്മ തന്റെ ജീവിതംകൊണ്ട് ലോകത്തിനു നൽകി. വാർദ്ധക്യസഹജമായ രോഗങ്ങളും ശാരീരികബുദ്ധിമുട്ടുകളും അനുഭവിച്ചിരുന്ന അമ്മ ഏതാനും മാസങ്ങൾക്കുമുമ്പുണ്ടായ വീഴ്ചയെത്തുടർന്ന് ഒരു മേജർ ഓപ്പറേഷനു വിധേയമാവുകയും ശയ്യാവലംബിയാവുകയും ചെയ്തു. എങ്കിലും അമ്മയുടെ സ്വതഃസിദ്ധമായ നർമ്മരസവും ആത്മവിശ്വാസവും അമ്മയെ വീണ്ടും ഉന്മേഷവതിയാക്കി. 8.8.2023 ചൊവ്വാഴ്ച വൈകിട്ട് 8 ന് ഉണ്ടായ ശ്വാസംമുട്ടലിനെത്തുടർന്ന് സ്വന്തം സഹോദരങ്ങളെ കാണണമെന്ന ആഗ്രഹം പ്രകടിപ്പിക്കുകയും രോഗീലേപനം ആവശ്യപ്പെടുകയും ചെയ്തു. സ്വസഹോദരൻ ബഹു. ജോർജ് പുതിയാപറമ്പിലച്ചനും സഹോദരപുത്രൻ ബഹു. ജേക്കബ് പുതിയാപറമ്പിലച്ചനും ഉടനെ വരികയും രോഗീലേപനം നൽകുകയും ചെയ്തു. രോഗീലേപനം ബോധപൂർവം സ്വീകരിച്ചശേഷം ശാന്തമായി ഉറങ്ങിയ അമ്മ പതിവുപോലെ രാവിലെ പ്രസന്നവദനയായി വി. കുർബാന സ്വീകരിച്ചു. തന്റെ അടുക്കൽ വന്ന സഹോദരിമാരോട് കുശലങ്ങൾ പറഞ്ഞു പ്രഭാതഭക്ഷണം കഴിച്ച അമ്മയ്ക്ക് രാവിലെ 9 ന് ഒരു ചെറിയ ശ്വാസംമുട്ടൽ അനുഭവപ്പെട്ടതിനെത്തുടർന്ന് സഹോദരങ്ങൾ നേഴ്സിംഗ് കെയർ നൽകിക്കൊണ്ടിരിക്കെ ശാന്തമായി സ്വർഗ്ഗത്തിലേക്കു യാത്രയായി.

വി. ക്ലാരയുടെ തിരുനാൾദിനമായ 11-ാം തീയതി രാവിലെ 9 ന് ദിവ്യബലിയോടുകൂടി സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. സഹോദരപുത്രൻ ജേക്കബ് പുതിയാപറമ്പിലച്ചൻ മുഖ്യകാർമികത്വം വഹിച്ചു. സ്വസഹോദരൻ ബഹു. ജോർജ് പുതിയാപറമ്പിൽ, ചാപ്ലെൻ ബഹു. ജോർജ് മുളങ്ങാട്ടിൽ, ബഹു. ജോർജ് മണ്ഡപത്തിൽ എന്നീ വൈദികർ സഹകാർമികരായിരുന്നു. മഠം ചാപ്പലിലെ തിരുക്കർമ്മങ്ങൾക്കുശേഷം മൃതദേഹം തിടനാട് സെന്റ് ജോസഫ് ദൈവാലയത്തിലേക്കു സംവഹിക്കപ്പെട്ടു. ദൈവാലയത്തിലെ കർമ്മങ്ങൾക്ക് പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് വെരി. റവ.ഡോ. ജോസഫ് തടത്തിൽ നേതൃത്വം നൽകുകയും അനുസ്മരണസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് മൃതദേഹം തിടനാട് സെന്റ് ജോസഫ് പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. നീണ്ട 85 വർഷങ്ങൾ സ്നേഹത്തിലൂടെയും സേവനത്തിലൂടെയും കടന്നുപോയി ദൈവത്തെ മഹത്വപ്പെടുത്തിയ ബഹു. ബെസിൽ മരിയാമ്മയെ ദിവ്യനാഥൻ നിത്യകിരീടം അണിയിക്കട്ടെ എന്നു പ്രാർത്ഥിക്കാം.



## റവ.സി. അനനിയാസ് ഓലായത്തിൽ

പാലാ രൂപതയിൽ ശാന്തിഗിരി (തീക്കോയി) ഇടവകയിൽ ദൈവവിളികളാൽ സമ്പന്നമായ ഓലായത്തിൽ കുടുംബത്തിൽ വർക്കി-ഏലി ദമ്പതികളുടെ പ്രഥമസന്താനമായി കുഞ്ഞുകുട്ടി എന്നു വിളിക്കപ്പെടുന്ന അനനിയാസമ്മ 14.02.1927 ൽ ഭൂജാതയായി. മാമ്മോദീസായിൽ അന്ന എന്നു പേരു നൽകപ്പെട്ടു. മൂന്നാമത്തെ വയസ്സിൽ അമ്മ ഇഹലോകവാസം വെടിഞ്ഞതിനാൽ മാതൃവാത്സല്യം ഏറെനാൾ അനുഭവിക്കാൻ കഴിഞ്ഞില്ല. പിന്നീട് പ്ലാശനാൽ തറവാട്ടു കുടുംബത്തിൽ നിന്നാണ് പഠിച്ചതും വളർന്നതും.

പുഞ്ഞാർ എസ്.എം.വി.,എച്ച്.എസ്.ൽനിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1952 ൽ പെരിങ്ങുളംമഠത്തിൽ അർത്ഥിനിയായി ചേർന്നു. ഭരണങ്ങാനം, കണ്ണാടിയുറുമ്പ് എന്നിവിടങ്ങളിലായി പോസ്റ്റുലൻസിയും നോവിഷ്യേറ്റും പൂർത്തിയാക്കി. 25.05.1953 ൽ അനനിയാസ് എന്ന പേരിൽ സഭാവസ്ത്രം സ്വീകരിച്ചു. 28.05.1954 ൽ പ്രഥമവ്രതവാഗ്ദാനവും 28.05.1957 ൽ നിത്യവ്രതവാഗ്ദാനവും നടത്തി. 2004 ൽ സന്ന്യാസസമർപ്പണത്തിന്റെ സുവർണജൂബിലിയും ആഘോഷിച്ചു.

പെരിങ്ങുളം, തിടനാട്, രത്നഗിരി, മണിയംകുളം എന്നീ മഠങ്ങളിൽ ഫാം സൂപ്പർവൈസർ, മെസ് മാനേജർ, പാർലർ സിസ്റ്റർ എന്നീ നിലകളിൽ ശുശ്രൂഷ ചെയ്തു സമൂഹത്തെയും സഭയെയും സമ്പന്നമാക്കി. കുറെ വർഷങ്ങളായി മറ്റു ജോലികളിൽനിന്നെല്ലാം വിരമിച്ച് പ്രാർത്ഥനയിൽ ദിവ്യനാഥനോടൊപ്പം അമ്മ സമയം ചെലവഴിച്ചിരുന്നു. എല്ലാ ദിവസവും അതിരാവിലെ ഉണർന്ന് പ്രാർത്ഥനകൾ തുടങ്ങുന്നതിനുമുമ്പേ ചാപ്പലിൽ എത്തുമായിരുന്നു. അവിടെയിരുന്ന് തമ്പുരാനോട് ആലോചന ചോദിക്കുന്നത് മറ്റുള്ളവർക്കും കേൾക്കാമായിരുന്നു. 'ഇനി എന്നാ ചെയ്യണം?' 'എന്നാ ചെയ്താലും വേണ്ടില്ല' എന്ന് ഈശോയുമായി കുശലം പറയുന്നതും കേൾക്കാമായിരുന്നു. എപ്പോഴും ഒരു ചെറുപുഞ്ചിരിയോടെ നടന്നിരുന്ന അനനിയാസമ്മയുടെ ജീവിതം വളരെ സന്തോഷപ്രദമായിരുന്നു. 96 വയസ്സുവരെയുള്ള അമ്മയുടെ ജീവിതത്തിൽ 70 വർഷവും ഒരു സമർപ്പിതയായി ജീവിക്കാൻ കഴിഞ്ഞുവെന്നത് ഒരു മഹാഭാഗ്യമാണ്. തന്നാലാവുന്ന ഏതു സഹായവും സഹോദരങ്ങൾക്കും തന്നോട് ഇടപെടുന്നവർക്കും ചെയ്തുകൊടുക്കുന്നതിലും മാതൃസഹജമായ വാത്സല്യത്തോടെ അവരെ കരുതുന്നതിലും അമ്മ ബദ്ധശ്രദ്ധയായിരുന്നു. ഒന്നിനെപ്പറ്റിയും അനനി


യാസമ്മയ്ക്ക് പരാതിയോ ആകുലതയോ ഉണ്ടായിരുന്നില്ല. അധികാരി കളോടും നിയമങ്ങളോടും വിധേയത്വം പുലർത്തിയിരുന്നു.

'Love God and Love All' എന്നതായിരുന്നു അനനിയാസമ്മയുടെ ജീവിതത്തിന്റെ Motto. 'To become a Saint' - ഇതായിരുന്നു അമ്മയുടെ ജീവിതലക്ഷ്യം.

ഏതാനും നൂറ്റാണ്ടുകളായി അനനിയാസമ്മ ശയ്യാവലംബയായിരുന്നു. ശ്വാസതടസ്സം അനുഭവപ്പെട്ടതിനെത്തുടർന്ന് 2023 ഫെബ്രുവരി മാസത്തിൽ അമ്മയെ തിടനാട് കോൾബെ ഹോസ്പിറ്റലിലേക്കു മാറ്റി. 2023 ഓഗസ്റ്റ് 18 ന് പനിയെത്തുടർന്ന് ക്ഷീണം വർദ്ധിച്ചുവന്നു. 20–ാം തീയതി ഞായ റാഴ്ച രാത്രി 8.10 ന് സിസ്റ്റേഴ്സ് പ്രാർത്ഥനാനിരതരായി നിൽക്കുമ്പോൾ ആ പാവനാത്മാവ് സ്വർഗപിതാവിന്റെ സന്നിധിയിലേക്കു പറന്നുയർന്നു. അന്നുതന്നെ രാത്രി 11 മണിയോടെ മൃതദേഹം പെരിങ്ങുളം മഠത്തിൽ കൊണ്ടുവന്നു. ബഹു. വികാരിയച്ചൻ ഫാ. മാത്യു പാറത്തൊട്ടിയും അസി സ്റ്റന്റ് വികാരി ബഹു. തോമസ് പ്ലാത്തോട്ടത്തിലച്ചനും ചേർന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് സിസ്റ്റേഴ്സും ബന്ധുജനങ്ങളും രാത്രിയിൽ അമ്മയ്ക്കരികെ ചാപ്പലിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഓഗസ്റ്റ് 21–ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ദിവ്യബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. അമ്മയുടെ സഹോദരപുത്രൻ ബഹു. തോമസ് ഓലായത്തിലച്ചനും ബഹു. ജിന്റോ വലിയമംഗലം സി.എം.ഐ. അച്ചനും ചേർന്ന് ദിവ്യബലി അർപ്പിച്ചു. കുർബാനമദ്ധ്യേ റവ.ഫാ. ജിതിൻ OFM Cap. അമ്മയെ അനുസ്മരിച്ചു പ്രസംഗിച്ചു. ചാപ്പലിലെ കർമ്മങ്ങൾക്കു ശേഷം മൃതദേഹം പള്ളിയിലേക്കു സംവഹിക്കപ്പെട്ടു. ദേവാലയത്തിലെ കർമ്മങ്ങൾക്ക് പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് വെരി. റവ.ഫാ. ജോസഫ് തടത്തിൽ മുഖ്യകാർമികത്വം വഹിച്ചു രൂപതയുടെ അനുശോ ചനം അറിയിക്കുകയും അനുസ്മരണസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് അനനിയാസമ്മയുടെ മൃതദേഹം പെരിങ്ങുളം തിരുഹൃദയദേവാ ലയസെമിത്തേരിയിൽ സംസ്കരിച്ചു.

ദൈവം തന്റെ ദാസിയെ നിത്യകിരീടം അണിയിക്കട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.




## AUGUST 2023

| | | |
|---|---|---|
| 1- 3 | | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വൈദികരുടെ ഒന്നാമത്തെ ബാച്ചിന്റെ വാർഷികധ്യാനത്തിൽ സംബന്ധിച്ചു. |
| 03 | 10.30 am | കൂടല്ലൂർ ഇടവകയിൽ കിഴക്കേൽ കെ.പി. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| 04 | 08:30 am | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയുടെ ക്യാമ്പസിൽ പുതുതായി നിർമ്മിച്ച പ്രീസ്റ്റ് ഹോം 'കാസ ദെൽ ക്ലേറോ'യുടെ ഉദ്ഘാടനവും വെഞ്ചരിപ്പുകർമ്മവും നിർവഹിച്ചു. |
| 05 | 10.30 am | കുറവിലങ്ങാട് പുതുതായി നിർമ്മിച്ച സെന്റ് വിൻസന്റ് സിസ്റ്റേഴ്സിന്റെ മഠത്തിന്റെയും ചാപ്പലിന്റെയും വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | 4.00 pm | മേരിലാൻഡ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തി. ഭവനസന്ദർശനം നടത്തി. പ്രതിനിധിയോഗത്തിൽ സംബന്ധിച്ചു. |
| 06 | 7.45 am | മേരിലാൻഡ് ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. സിമിത്തേരിസന്ദർശനം നടത്തി. പൊതുയോഗത്തിൽ സംബന്ധിച്ചു. |
| | 6.45 pm | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വൈദികരുടെ രണ്ടാമത്തെ ബാച്ചിന്റെ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു. |
| 07 | | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വൈദികരുടെ രണ്ടാമത്തെ ബാച്ചിന്റെ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 8.00 pm | അന്ത്യാളം ഇടവകയിൽ ചവറനാനിക്കൽ റോസമ്മ ലൂക്കോസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 08 | | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വൈദികരുടെ രണ്ടാമത്തെ ബാച്ചിന്റെ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു. |
| | 2.30 pm | ചേർപ്പുങ്കൽ ഫൊറോനയിൽ കടുക്കുന്നേൽ കെ.സി. ചാണ്ടിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| 09 | | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വൈദികരുടെ രണ്ടാമത്തെ ബാച്ചിന്റെ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു. |
| | 5.00 pm | ബിഷപ്സ് ഹൗസിൽ പാലാ അൽഫോൻസാ കോളജിന്റെ മാനേജ്മെന്റ് കമ്മിറ്റി മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 10 | | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വൈദികരുടെ രണ്ടാമത്തെ ബാച്ചിന്റെ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു. |
| 11 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2.30 pm | രാമപുരം ഫൊറോനയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച 7 ഭവനങ്ങളുടെ വെഞ്ചരിപ്പു കർമ്മം നിർവഹിച്ചു. |
| | 9.15 pm | ബിഷപ്സ് ഹൗസിൽ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 12 | 12.00 noon | പാലാ കത്തീഡ്രലിൽ സന്ദർശനം നടത്തി. |
| | 2.30 pm | പാലാ സെന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് എല്ലാ ഇടവകകളിലും നിന്നുള്ള കുടുംബക്കൂട്ടായ്മ പ്രതിനിധികളുടെ നേതൃത്വത്തിൽ നടന്ന സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| | 4.00 pm | കുറുമണ്ണ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തി. ഭവനസന്ദർശനം നടത്തി. പ്രതിനിധിയോഗത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 13 | 7.45 am | കുറുമണ്ണ് ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. സിമിത്തേരിസന്ദർശനം നടത്തി. പൊതുയോഗത്തിൽ സംബന്ധിച്ചു. |
| | 3.00 pm | രാമപുരം ഫൊറോനയിൽ കണ്ടത്തിക്കുടിലിൽ സെലിൻ ബേബിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമികത്വം വഹിച്ചു. |
| | 4.00 pm | കരൂർ ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിക്കുന്ന 20 ഭവനങ്ങളുടെ ശിലാസ്ഥാപന കർമ്മം നിർവഹിച്ചു. |
| | 6.15 pm | പാലാ കത്തീഡ്രലിൽ നവീകരിച്ച പാരീഷ് ഹാളിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 15 | 10.00 am | പാലാ കത്തീഡ്രലിൽ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേക സുവർണ്ണ ജൂബിലിയുടെ ഭാഗമായി അർപ്പിച്ച പരിശുദ്ധ കുർബാനയിൽ സഹകാർമികത്വം വഹിച്ചു. |
| | 12.00 pm | പാലാ കത്തീഡ്രലിൽ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേക സുവർണ്ണ ജൂബിലിയുടെ ഭാഗമായി നടന്ന അനുമോദനസമ്മേളനത്തിൽ സ്വാഗതം ആശംസിച്ചു. |
| 16 | 2.00 pm | രത്നഗിരി ഇടവകയിൽ ചെഞ്ചേരിൽ സെലിൻ ജോണിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 6.00 pm | ഭരണങ്ങാനം അൽഫോൻസാ സ്പിരിച്വൽ സെന്ററിൽ നടന്ന മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 17 | 2.00 pm | ഭരണങ്ങാനം മേരിഗിരിയിൽ ഐ.എച്ച്.എം. ഹോസ്പിറ്റലിന്റെ പ്ലാറ്റിനം ജൂബിലി സമാപനസമ്മേളനത്തിൽ അധ്യക്ഷനായി സംബന്ധിച്ചു. |
| 18 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | മണിയംകുളം ഇടവകയിൽ എഫ്.സി. കോൺവെന്റിന്റെ പുതിയതായി നിർമ്മിച്ച ചാപ്പലിന്റെയും മഠത്തിന്റെയും വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | 5.00 pm | ബിഷപ്സ് ഹൗസിൽ മീറ്റിങ്ങിൽ സംബന്ധിച്ചു |

| | | |
|---|---|---|
| 19 | 9.00 am | പാമ്പാടി മാർ കുറിയാക്കോസ് ദയാറയിൽ നടന്ന മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ കോർ എപ്പിസ്കോപ്പ സ്ഥാനാരോഹണശുശ്രൂഷയിൽ സംബന്ധിച്ചു. |
| | 4.00 pm | മേലുകാവുമറ്റം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തി. ഭവനസന്ദർശനം നടത്തി. പ്രതിനിധിയോഗത്തിൽ സംബന്ധിച്ചു. |
| 20 | 7.45 am | മേലുകാവ്മറ്റം ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. സിമിത്തേരിസന്ദർശനം നടത്തി. പൊതുയോഗത്തിൽ സംബന്ധിച്ചു. |
| 21-26 | | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ സഭ സിനഡിൽ സംബന്ധിച്ചു |
| 27 | 3.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 28 | 2.30 pm | പ്രവിത്താനം ഫൊറോനയിൽ കുഴിഞ്ഞാലിൽ മേരിക്കുട്ടി സേവ്യറിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| 31 | 8.00 am | കൊഴുവനാൽ ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന സൺഡേ സ്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചു. |



ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
മേരിലാൻഡ് ഇടവക


ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
കുറുമണ്ണ് ഇടവക


ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
മേലുകാവുമറ്റം ഇടവക



പാലാ സെന്റ് തോമസ് കോളജ് ഓഡിറ്റോറിയത്തിൽ വച്ച് കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ നേതൃത്വത്തിൽ നടത്തിയ
സമ്പൂർണ്ണ ബൈബിൾ കൈയെഴുത്ത് യജ്ഞം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു





പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ
നടന്ന വൈദികരുടെ വാർഷികധ്യാനം











**അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ**
**മെത്രാഭിഷേക സുവർണ്ണജൂബിലി കൃതജ്ഞതാബലിയും**
**അനുമോദനസമ്മേളനവും**













2023
SEPTEMBER

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

**സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ**

ESTD. 1998 ★ 347 SUCCESS STORIES ★ UNDER THE IDCHRD TRUST

St. Thomas Church Road, Arunapuram P.O, Pala

# കോളേജ് പഠനത്തോടൊപ്പം PSC പരീക്ഷാപരിശീലനവും നേടാം!



347 മലയാളികളെ **IAS, IPS** മുതലായ തലങ്ങളിൽ എത്തിച്ച സ്ഥാപനം

പി. എസ്. സി. നടത്തുന്ന LDC, LGS, ഡിഗ്രി ലെവൽ ( LSGD സെക്രട്ടറി: BDO/മുനിസിപ്പൽ/ പഞ്ചായത്ത് സെക്രട്ടറി) ഉൾപ്പെടെ എല്ലാ പരീക്ഷകൾക്കും പരിശീലനം

**2023 ആഗസ്റ്റ് 26ന് ക്ലാസ്സുകൾ ആരംഭിക്കുന്നു**

- **കോളേജ് വിദ്യാർത്ഥികൾക്ക്:**
  ക്ലാസ്സുകൾ ഞായറാഴ്ചകളിൽ രാവിലെ 10.00 മുതൽ 5.00 വരെ
- **കോളേജ് പഠനം പൂർത്തിയാക്കിയവർക്ക്:**
  ക്ലാസ്സുകൾ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 9.30 മുതൽ 4.30 വരെ
- **ജോലിക്കാർക്ക്:**
  ക്ലാസ്സുകൾ ഞായറാഴ്ചകളിൽ രാവിലെ 10.00 മുതൽ 5.00 വരെ

FOR ADMISSION
SCAN THE QR

വിശദവിവരങ്ങൾക്ക്: 95393 81100, 9400527565

Printed at St. Thomas Press, Palai and Published by Fr. John Purakkattuputhenpura